
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 30 THE ONLINE OFFICIAL NEWS BULLETIN 2021 July 14



പ. കാതോലിക്കാ ബാവായ്ക്ക് മലങ്കരസഭ യാത്രാമൊഴിയേകി

കോട്ടയം: കാലം ചെയ്ത പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കു (74) കണ്ണീർപ്പൂക്കളാൽ വിശ്വാസികൾ യാത്രമംഗളമേകി. ഇന്നലെ വെളുപ്പിനെ മുതൽ പരുമല പള്ളിയിൽ അന്തിമോപചാരം അർപ്പിക്കാൻ ജനം ഒഴുകിയെത്തി. കബറടക്ക ശുശ്രൂഷയിലെ 4 ഭാഗങ്ങൾ പൂർത്തിയാക്കി രാത്രി എട്ടോടെ ഭൗതികശരീരം ദേവലോകം അരമന ചാപ്പലിലേക്കു കൊണ്ടുപോയി.

കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള, മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മന്ത്രിമാർ, മലയാള മനോരമ ചീഫ് എഡിറ്റർ മാമ്മൻ മാത്യു തുടങ്ങിയവർ പരുമല പള്ളിയിലെത്തി അന്തിമോപചാരം അർപ്പിച്ചു. രാഷ്ട്രപതി റാം നാഥ് കോവിന്ദ്, പ്രധാനമന്ത്രി നരേന്ദ്ര മോദി, അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ, രാഹുൽ ഗാന്ധി തുടങ്ങിയവർ സന്ദേശങ്ങളിലൂടെ വേർപാടിലുള്ള ദുഃഖം സഭയെ അറിയിച്ചു.

ഇന്നു രാവിലെ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിലെ കുർബാനയ്ക്കു ശേഷം അരമന വളപ്പിലെ പന്തലിലേക്കു പൊതുദർശനത്തിനായി ബാവായുടെ ഭൗതിക ശരീരം എത്തിച്ചു. വിടവാങ്ങൽ ശുശ്രൂഷയ്ക്കായി ഉച്ച കഴിഞ്ഞു നാലോടെ കാതോലിക്കേറ്റ് അരമന ചാപ്പലിന്റെ മദ്ബഹായിലേക്കു മാറ്റി. തുടർന്ന് അഞ്ചര മണിയോടെ ബാവാമാരുടെ കബറിനോടുചേർന്നു കബറടക്കി.



മഹിത പ്രഭയിൽ
മഹിതാചാര്യൻ.....
നിലപാടുകളിൽ
മായമില്ലാതെ
സൂര്യശോഭയോടെ
സ്വർഗ്ഗീയ
മഹത്വത്തിലേക്ക്.



ദേവലോകത്ത് നിത്യവിശ്രമത്തിലേക്ക്

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് ദേവലോകം അരമന ചാപ്പലിനു സമീപം തയ്യാറാക്കിയ കല്ലറയിൽ നിത്യവിശ്രമം. കബറടക്ക ശുശ്രൂഷകൾക്ക് സീനിയർ മെത്രാപ്പോലിത്ത കുര്യാക്കോസ് മാർ ക്ലീമ്മീസ് മുഖ്യ നേതൃത്വം നൽകി. സഭയിലെ എല്ലാ മെത്രാപ്പോലിത്തന്മാരും സഹകാർമ്മികരായിരുന്നു. ശുശ്രൂഷകൾ 5.45–ന് സമാപിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദി പരിശുദ്ധ കാതോലിക്കാ ബാവയുടെ വേർപാടിൽ അനുശോചനം അറിയിച്ചു

ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത തലവനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ നിര്യാണത്തിൽ ദുഖിതനാണ്. സേവനത്തിന്റെയും അനുകമ്പയുടെയും സമൃദ്ധമായ പാരമ്പര്യത്തെയാണ് അദ്ദേഹം അവശേഷിപ്പിച്ചിട്ടുള്ളത്. ദുഖത്തിന്റെ ഈ വേളയിൽ, എന്റെ ചിന്തകൾ ഓർത്തഡോക്സ് സഭയിലെ അംഗങ്ങൾക്കൊപ്പമാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

പേമാരി മാറി നിന്നു: ബാവായുടെ കബറടക്ക ശുശ്രൂഷകളിൽ ദൈവത്തിന്റെ ഇടപെടൽ വിശ്വാസ സമൂഹത്തിന് നേർക്കാഴ്ചയായി

കോട്ടയം: കാതോലിക്കാ ബാവായുടെ കബറടക്ക ശുശ്രൂഷകളും അതിനോടനുബന്ധിച്ച് നടന്ന ചടങ്ങുകളിലും നിന്ന് മഴ മാറി നിന്നത് പ്രകൃതി പോലും അനുകൂലമായി നിന്നത് ഭക്തജനങ്ങളെ വിശ്വാസത്തിന്റെ തീഷ്ണ ഗോപുരത്തിൽ എത്തിച്ചു.



അദ്ദേഹത്തിൻറെ ദേഹവിയോഗം മുതൽ കബറടക്കം വരെയുള്ള സമയത്തെ ചടങ്ങുകൾക്കോ, ശുശ്രൂഷൾക്കോ, മഴ തെല്ലും ശല്യപ്പെടുത്താതെ ഇരുന്നത് അവിടെ കടന്നു വന്ന പൊതു സമൂഹത്തേയും, വിശ്വാസികളേയും ഒരുപോലെ അത്ഭുതപ്പെടുത്തിയിരിക്കുകയാണ്.

തിങ്കൾ, ചൊവ്വ ദിനങ്ങളിൽ പരുമല സെമിനാരി ഇരിക്കുന്ന പത്തനംതിട്ട - ആലപ്പുഴ ജില്ലകളിലും കോട്ടയത്തും ന്യൂനമർദ്ദത്തെ തുടർന്ന് കനത്ത മഴയാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പ്രഖ്യാപിച്ചിരുന്നത്.

ഈ മൂന്ന് ജില്ലകളിലും പല സമയങ്ങളിലായി മഴ പെയ്തു എങ്കിലും ബാവായുടെ കബറടക്ക ശുശ്രൂഷകൾക്ക് അല്പംപോലും ബുദ്ധിമുട്ട് വരുത്തിയില്ല എന്നതാണ് ആശ്ചര്യകരമായി വിശ്വാസികൾക്ക് അനുഭവപ്പെട്ടത്.

തിങ്കളാഴ്ച വൈകിട്ട് പരുമലയിൽ നിന്നും ദേവലോകത്തിലേക്ക് ഭൗതിക ശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര യിൽ ആരംഭിച്ചപ്പോൾ മാനം കാർമേഘത്താൽ കറുത്തിരുണ്ടിനുന്നു എങ്കിലും, യാത്രയ്ക്കിടെ അല്പംപോലും മഴ പെയ്തില്ല.

ചൊവ്വാഴ്ച രാവിലെ കോട്ടയത്ത് അതിഭയങ്കരമായ മഴ പെയ്തത് സഭാ നേതൃത്വത്തെ ആശങ്കയിലാക്കി .

എന്നാൽ 10 മണിയോടെ മഴ മാറി മാനം തെളിഞ്ഞു. കബറടക്ക ശുശ്രൂഷ പൂർത്തിയാകുന്നത് വരെ അല്പംപോലും മഴ പെയ്യാതിരുന്നത് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയവർക്ക് ആശ്വാസമായി.

ജീവിച്ചിരുന്ന കാലത്ത് ബാവാ തിരുമേനി വിശ്വാസ സമൂഹത്തോട് കാട്ടിയ കരുതലും സ്നേഹവും, സത്യസന്ധതയും ദൈവ തിരുമുൻപാകെ കൈക്കൊണ്ടു എന്നതിന്റെ തെളിവായീ ദൈവത്തിന്റെ ഈ ഇടപെടൽ.







കിടങ്ങൻ മാർ പീലക്സിനോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ, പുലിക്കോട്ടിൽ രണ്ടാമൻ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ, പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ഡോ. ഗീവർഗീസ് മാർ യൂലിയോസ്.

കുന്നംകുളത്തു നിന്നുള്ള സഭാപിതാക്കന്മാർ

മലങ്കരസഭയ്ക്കു കുന്നംകുളം നൽകിയ മൂന്നാമത്തെ സഭാ തലവനായിരുന്നു പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഒന്നാമൻ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനും (1815-1816), എം.ഡി. സെമിനാരിയുടെയും പരുമല സെമിനാരിയുടെയും സ്ഥാപകൻ പുലിക്കോട്ടിൽ രണ്ടാമൻ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമനും (1865-1909) ആണു മുൻഗാമികൾ. കുന്നംകുളത്തു ജനിച്ച തൊഴിയൂർ സഭയുടെ കിടങ്ങൻ ഗീവർഗീസ് മാർ പീലക്സിനോസ് രണ്ടാമൻ രണ്ടു പ്രാവശ്യം (1816-17, 1825) ഇടക്കാല മലങ്കര മെത്രാപ്പൊലീത്തായായിരുന്നു.

അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് പ. ബാവായുടെ കുടുംബാംഗവും കുന്നംകുളം സ്വദേശിയുമാണ്.

പ്രമുഖരുടെ അനുശോചന സന്ദേശങ്ങൾ

His Holiness Moran Mar Baselios Marthoma Paulos II, the Supreme Head of Indian Orthodox Church, devoted his life to helping the poor & vulnerable. He promoted social justice and equality, including women empowerment. I convey my heartfelt condolences to his countless followers.

Ram Nath Kovind
The President of India

Saddened by the passing away of His Holiness Moran Mar Baselios Marthoma Paulos II, the Supreme Head of Indian Orthodox Church. He leaves behind a rich legacy of service and compassion. In this hour of grief, my thoughts are with the members of the Orthodox Church. RIP.

Narendra Modi
The Prime Minister of India

Saddened to know that the supreme head of Malankara Orthodox Church, His Holiness Moran Mar Baselios Marthoma Paulos II has passed away. He was an embodiment of kindness, compassion & selfless service. His inspirational life will be a guiding light to everyone. May his soul rest in peace.

M. Venkaiah Naidu
The Vice President of India

Saddened to know the passing away of His Holiness Moran Mar Baselios Marthoma Paulos II, the supreme head of Malankara Orthodox Church.

His way of life, kindness and compassion will be cherished by all devotees. May his soul rest in eternal peace.

Dr. C. N. Ashwathnarayan
Deputy Chief Minister of Karnataka

ORTHODOX CHURCH IN AMERICA

Your Grace, Dear Brother in Christ,

On behalf of the Holy Synod of Bishops, the clergy, and the faithful of the Orthodox Church in America, I offer my most heartfelt condolences for the falling asleep of His Holiness Moran Mar Baselios Marthoma Paulose II. May His Holiness memory be eternal, and may he rest with the righteous!

I still remember with gratitude the hospitality extended to me and my delegation by His Holiness in 2015 when I travelled to India to participate in celebrations marking the 200th Anniversary of the Orthodox Theological Seminary.

Assure the faithful of the Malankara Orthodox Syrian Church of our love and prayers during this time of mourning. May the risen Lord, God, and Savior Jesus Christ comfort you and your faithful.

With love in Christ,

+TIKHON
Archbishop of Washington Metropolitan of All America and Canada

നിത്യപ്രചോദനം: ജോ ബൈഡൻ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നന്മ നിറഞ്ഞ ജീവിതം ലോകമെമ്പാടുമുള്ള ജനങ്ങൾക്കു നിത്യപ്രചോദനമായി തുടരുമെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ബാവായുടെ വിയോഗത്തിൽ അമേരിക്കൻ ജനതയുടെയും സർക്കാരിന്റെയും പേരിൽ താനും ഭാര്യ ജില്ലും അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നെന്നും ബൈഡൻ അറിയിച്ചു.

സാമൂഹിക നീതിക്കും വംശീയ സമത്വത്തിനും വ്യക്തിയുടെ അന്തസ്സിനും വേണ്ടി നിലകൊണ്ട് കരുത്തുറ്റ ശക്തിയായിരുന്നു അദ്ദേഹം. അമേരിക്കയിൽ ഓർത്തഡോക്സ് സഭയുടെ പുനരുജ്ജീവന ശ്രമങ്ങളിലും മനുഷ്യാവകാശങ്ങൾക്കും സിവിൽ അവകാശങ്ങൾക്കും വേണ്ടി നിലകൊണ്ടതിലെ അർപ്പണമനോഭാ വത്തിലും പ്രതിഫലിക്കുന്നത് അദ്ദേഹത്തിന്റെ അസാധാരണമായ നേതൃമികവും ആർജവവുമാണ്. ബൈഡൻ പറഞ്ഞു.

My condolences on the passing of the supreme head of Malankara Orthodox Syrian Church of India- His Holiness Baselios Marthoma Paulose II.

Along with his contributions as religious head, he will be remembered for his humanitarian work for the homeless.

Rahul Gandhi
Member of Parliament, Lok Sabha



Great spiritual leader

I am very sad to hear the passing away of His Holiness Moran Mor Baselios Marthoma Paulose II, Catholicos of the East and the Supreme Head of Malankara Orthodox Church.

His Holiness was a great spiritual leader who made charity a way of life and I humbly remember the love and affection shown to me when we met on different occasions.

I pray Almighty grant eternal peace to the noble departed soul and provide enough strength to all the Church members to bear this irreparable loss.

Yusuff Ali M.A.
Chairman and Managing Director of Lulu Group International

റോമൻ കത്തോലിക്കാ സഭയുടെ അനുശോചനം

പ. കാതോലിക്കാബാവായുടെ ദേഹവിയോഗത്തിൽ ഫ്രാൻസിസ് മാർപാപ്പ അനുശോചിച്ചു

കോട്ടയം: പ. ഫ്രാൻസിസ് മാർപാപ്പ, മലങ്കര ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് സെക്രട്ടറി യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായ്ക്ക്, ഇൻഡ്യയിലെ റോമൻ അപ്പോസ്തോ ലിക് നുൺഷ്യോ, അർച്ച് ബിഷപ്പ് ലിയോപോളോ ഗില്ലി മുഖാന്തിരം അയച്ച സന്ദേശത്തിന്റെ പൂർണ്ണരൂപം.

“മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാ പ. ബസേലിയോസ് മാർതോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ, ദീർഘമായ രോഗാവസ്ഥയെ തുടർന്ന് നിര്യാതനായ കാര്യം, അഗാധമായ ദുഖത്തോടെയാണ് അറിഞ്ഞത്. മലങ്കരസഭയുടെ മെത്രാപ്പോലീത്തന്മാരോടും വൈദികരോടും വിശ്വാസികളോടും എന്റെ വ്യക്തിപരമായ അനുശോചനവും, നിങ്ങൾ അനുഭവിക്കുന്ന നഷ്ടത്തോട് പ്രാർത്ഥനാധിഷ്ഠിതമായ ഐക്യവും അറിയിക്കുന്നു. സഭയുടെ ഇടയനും ആത്മീക പിതാവുമായി സേവനമനുഷ്ഠിച്ച പരിശുദ്ധ പിതാവിന്റെ ശ്രേഷ്ഠമായ ഇടയ ശുശ്രൂഷയിലൂടെ നിങ്ങൾക്ക് ലഭിച്ച അനേക ദാനങ്ങളെപ്രതി ഞാൻ ദൈവത്തിന് നന്ദി സമർപ്പിക്കുന്നു. 2013 സെപ്റ്റംബറിൽ റോമിൽ വച്ച് ഞങ്ങൾ പരസ്പരം ഒരുമിച്ചു കൂടിയത് പ്രത്യേകം നന്ദിപൂർവം ഞാൻ സ്മരിക്കുന്നു. യേശുക്രിസ്തുവിന്റെ മഹത്വത്തിലേക്ക് നമുക്ക് നമ്മുടെ ദൃഷ്ടികളെ ഉയർത്താം – മരണത്തിന്മേൽ അവന്റെ വിജയമാണല്ലോ നമ്മുടെ രക്ഷ. ഉത്ഥിതനായ ക്രിസ്തുവാണ് നമ്മോട് പ്രസംഗിക്കപ്പെട്ടത്, അവനെത്തന്നെയാണല്ലോ നമ്മൾ വിശ്വാസത്താൽ സ്വീകരിച്ചതും. നമ്മൾ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു. അവനാൽ നമ്മൾ രക്ഷിക്കപ്പെട്ടുമിരിക്കുന്നു (1 കോരി. 15: 1–2). അഭി. തിരുമേനി, എന്റെ സഹോദരാ, ഐക്യവും പ്രാർത്ഥനാപൂർവ്വമായി ഒരുമയും ദയവായി സ്വീകരിക്കുമല്ലോ. പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവായെ, സർവ്വശക്തൻ തന്റെ രാജ്യത്തിൽ സ്വീകരിച്ച് നിത്യവിശ്രമം നൽകട്ടെ. അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ സഭാ സേവനത്തിന്റെ ഓർമ്മ എല്ലാവർക്കും പ്രചോദനമായി അവശേഷിക്കട്ടെ.

ഫ്രാൻസിസ് മാർപാപ്പ

PONTIFICIUM CONSILIUM
AD CHRISTIANORUM UNITATEM FOVENDAM

E Civitate Vaticana, die 12 July 2021

PROT. N. 567 /2021/c

TO HIS EMINENCE YUHANON MAR DIASCOROS
Secretary of the Holy Synod
of the Malankara Orthodox Syrian Church

It was with deep sadness that I have learned of the passing away after a long illness of His Holiness Baselios Marthoma Paulose II, Catholicos of the Malankara Orthodox Syrian Church. Personally and on behalf of the Pontifical Council for Promoting Christian Unity, I would like to express our deepest sympathy and closeness in prayer to the episcopate, clergy and faithful of Malankara Orthodox Syrian Church for the loss of their spiritual father.

The Pontifical Council calls to mind with sentiments of esteem the commitment of His Holiness Baselios Marthoma Paulose II to promote the ecumenical relations of the Malankara Orthodox Syrian Church, especially with the Catholic Church. I recall with particular gratitude the meeting of His Holiness with Pope Francis on September 2013, and also the generous hospitality offered in February 2014 at the Samanvaya Retreat Centre in Pampakuda, Kerala, to the eleventh meeting of the International Joint Commission for Theological Dialogue between the Catholic Church and the Oriental Orthodox Churches. The yearly sessions in Kerala of the Joint International Commission for Dialogue between the Catholic Church and the Malankara Orthodox Syrian Church were also auspicious opportunity for the delegation of our Pontifical Council, led by His Excellency Bishop Brian Farrell, to appreciate the kindness and spiritual depth of His Holiness Baselios Marthoma Paulose II.

We set our eyes to the glory of Jesus Christ, whose victory over death is our redemption and we make ours the words of the psalmist: ‘The Lord is my shepherd, I shall not want. He makes me lie down in green pastures; he leads me beside still waters; he restores my soul… and I shall dwell in the house of the Lord my whole life long” (Ps 23:1-2; 6).

Please accept, Your Eminence, this expression of our fraternal communion and prayerful solidarity.

Requiescat in pace

Kurt Cardinal Koch
President

കാന്റർബറി ആർച്ച് ബിഷപ്പിന്റെ അനുശോചനം

ARCHBISHOP
OF CANTERBURY

His Grace Zachariah Mar Nicholovos
Metropolitan of Northeast American Diocese
Catholicate Palace
Devalokam P.O. (via) Muttambalam
Kottayam
Kerala-686004
India

LP Ref: WA/AL74840

13 July 2021

Your Grace

It is with great sadness that I received the news of the death of His Holiness Baselios Marthoma Paulose II. He was a Christian leader of great holiness and wisdom and had a significant worldwide ministry.

I rejoice that, especially under his leadership, the relationship between Anglicans and the Malankara Orthodox Syrian Church has been one of great warmth and Christian fellowship, not least through the Anglican- Oriental Orthodox International Commission.

I send my deepest condolences to the bishops, clergy and people of the Malankara Orthodox Syrian Church and all those who mourn.

May he rest in peace.

Yours in the peace of Christ

+ Justin Cantuar:

The Most Reverend and Right Honourable Justin Welby
Archbishop of Canterbury



വിശാല കാഴ്ചപ്പാടുള്ള സഭാദ്ധ്യക്ഷൻ

അഡ്വ. പി. എസ്. ശ്രീധരൻ പിള്ള

(മിസോറാം ഗവർണ്ണർ)

പ. കാതോലിക്കാ ബാവായുടെ ആകസ്മിക വേർപാടിൽ അത്യന്തം ശോക മൂകവും പ്രാർത്ഥനാനിർഭരവുമായ അന്തരീക്ഷത്തിലാണ് നാം ഒരോരുത്തരും. ഞാനിവിടെ വ്യക്തിപരമായ നിലയിലും ഗവർണ്ണർ എന്ന നിലയിലും മാത്രമല്ല നിൽക്കുന്നത്. ഇന്ത്യൻ ഭരണകൂടത്തിന്റെയും ഇന്ത്യൻ പ്രധാനമന്ത്രിയുടെയും പേരിൽ ആദരാഞ്ജലികൾ അർപ്പിക്കാനുമാണ് വന്നത്.

ഞാൻ ഗോവ ഗവർണറായി 15 ന് ചുമതല ഏൽക്കേണ്ടതാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി പോകുന്ന അവസരത്തിലാണ് പ. കാതോലിക്കാ ബാവായുടെ വിവരം അറിയുന്നത്. എന്നെ സംബന്ധിച്ചിടത്തോളം രണ്ട് കാരണ ങ്ങളാലാണ് ഞാനിവിടെ എത്തി ചേർന്ന് അന്ത്യാഞ്ജലി അർപ്പിക്കുന്നത്. ഒന്ന് പ.ബാവായോടുള്ള ആദരവ് രണ്ട് ഓർത്തഡോക്സ് സഭയോടുള്ള ബന്ധം.

സഭാ രേഖകളിൽ Truly an Indian Church എന്ന് കുറിച്ചിട്ട ഇന്ത്യയിലെ ഏക സഭ ഓർത്തഡോക്സ് സഭയാണ്.

പ. കാതോലിക്കാ ബാവാ തിരുമേനിയുമായുള്ള എന്റെ ബന്ധം കുന്നം കുളത്തു നിന്നും ആരംഭിക്കുന്നതാണ്. അന്ന് അദ്ദേഹം സഭാദ്ധ്യക്ഷൻ ആയി ട്ടില്ല. കുന്നംകുളത്ത് ഒരു പരിപാടിയിൽ പങ്കെടുത്തത് ഞാൻ ഓർക്കുന്നു. തദ്ദേശീ യവും ദേശീയവുമായ തനിമ നിലനിർത്തുന്നതിൽ ഭാരത ചരിത്രത്തിൽ പ്രധാന പങ്കുവഹിച്ച സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ പ. കാതോലിക്കാ ബാവ വളരെ പ്രാധാന്യം അർഹിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രി ഗുജറാത്തിൽ മുഖ്യ മന്ത്രിയായിരുന്നപ്പോൾ അവിടെ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭി ക്കുന്നതിനും അതിന്റെ നടത്തിപ്പിനു ആവശ്യമായ പിന്തുണ ഗുജറാത്ത് സർ ക്കാർ നൽകുകയും അതിൽ ശ്രീ നരേന്ദ്ര മോദി സംതൃപ്തനാകുകയും ചെയ്തി ട്ടുണ്ട്. അതിനാൽ ചെങ്ങന്നൂരിലെ തോമസ് മാർ അത്താനാസിയോസ് തിരുമേ നിക്കും മർത്തോമ്മാ സഭയുടെ ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്തായ്ക്കും പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കും ഗുജറാത്ത് സംസ്ഥാനം ഔദ്യോഗികമായ വൻ സ്വീകരണമാണ് നൽകിയിട്ടുള്ളത്.

പ. ബാവായുമായി എനിക്ക് ദീർഘകാലത്തെ ബന്ധമുണ്ട്. പ.ബാവാ തിരു മേനി കുന്നംകുളത്ത് മെത്രാപ്പോലിത്തായായിരുന്ന സമയത്ത് പഴഞ്ഞി പെരു ന്നാളിന് പങ്കെടുക്കുവാൻ അവസരം ലഭിച്ചു. പ. പിതാവുമായി ദീർഘസമയം ചെലവഴിച്ചു. അക്കാദമിക്ക് യോഗ്യതയെക്കാൾ അനുഭവങ്ങൾക്കാണ് പ്രാധാന്യം എന്ന് ആ കൂടിക്കാഴ്ചയിൽ ഞാൻ മനസിലാക്കി. പള്ളി പെരുന്നാളിന്റെ റാസ യുടെ പ്രാധാന്യവും നടത്തിപ്പും എല്ലാം അദ്ദേഹം എന്നെ ബോധ്യപ്പെടുത്തി. പള്ളിപ്പെരുന്നാളിന്റെ റാസയിൽ, മുമ്പിൽ വിളക്ക് പിടിച്ചിരിക്കുന്നത് അവിടുത്തെ പഴയ ഒരു ഹിന്ദു കുടുംബത്തിലെ അംഗമാണ്. ആ കുടുംബത്തിന് പരമ്പരാ ഗതമായി ആ പള്ളി പെരുന്നാളിന് വിളക്ക് പിടിച്ച് മുമ്പോട്ട് നയിക്കുവാൻ അവ സരം ഉണ്ട് എന്ന് അദ്ദേഹം എനിക്ക് കാണിച്ചു തന്നു. ഇത് കണ്ടപ്പോൾ ഒരു സർവ്വധർമ്മ സമഭാവത്തെക്കുറിച്ചാണ് ഞാൻ ഓർത്തത്. അത് ഈ നാടിന്റെ പൈതൃകമാണ്.

ഇന്ത്യൻ ഭരണഘടനയ്ക്കു ബ്രിട്ടീഷ് രാജവാഴ്ചയ്ക്കും അപ്പുറത്തുള്ള പൈതൃകം ഈ ഒരൊറ്റ സംഭവത്തിലൂടെ എന്റെ ഹൃദയത്തിലേക്ക് സന്നിവേശി പ്പിച്ചു. ആ പള്ളിയിൽ മറ്റൊരു ചടങ്ങും ഉണ്ട്. ഹിന്ദുക്കൾ വരെ മുട്ടിൽ ഇഴയു ന്നത് അദ്ദേഹം എനിക്ക് കാണിച്ചു തന്നു. അതു കണ്ടപ്പോൾ പൊതുപ്രവർ ത്തകനായ എന്നിൽ ഇത്തരത്തിൽ നങ്കൂരമിട്ട വിശ്വാസവും സൗഹൃദത്തിന്റെ അന്തരീക്ഷവും എങ്ങനെ ഉണ്ടായി എന്നും അതിൽ ഭാരതീയ മാതൃക എന്താ ണെന്നുമുള്ള ചിന്ത ഉണ്ടായി. എഴുതപ്പെട്ട ചരിത്രത്തിനു മുമ്പു തന്നെ ഈ മഹത്തായ മാതൃക ഉണ്ടാക്കിയ മലങ്കര സഭയേയും സഭാദ്ധ്യക്ഷനെക്കുറി ച്ചുമുള്ള വളരെ ശ്രേഷ്ഠമായ വികാരം എന്നിൽ ഉണ്ടായി.

ഔപചാരികമായി സ്ഥാനമാനങ്ങളിൽ നിൽക്കുമ്പോൾ എല്ലാവരുമായി സ്നേഹം കൊടുക്കുവാനും വാങ്ങുവാനും കഴിയും. പക്ഷെ ഒരു അഭിഭാ



നിയുക്ത ഗോവാ ഗവർണർ ശ്രീധരൻപിള്ള ആദരാഞ്ജലി അർപ്പിക്കുന്നു

ഷകനും പൊതുപ്രവർത്തകനുമായ എനിക്ക് ആദ്യമായി ഒരു ക്രിസ്തീയ സഭ ആദരിച്ചത് കോട്ടയത്തെ പഴയ സെമിനാരിയിൽ വെച്ചാണ്. അത് പ. കാതോ ലിക്കാ ബാവായുടെ നിർദ്ദേശപ്രകാരം നടന്ന സമ്മേളനം ആയിരുന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയും ആ ചടങ്ങിൽ പങ്കെടുത്തു. ഒരു സാധാരണക്കാരനായ പൊതുപ്രവർത്തകനെ അംഗീകരിക്കുവാനുള്ള വിശാല കാഴ്ചപ്പാട് പ. ബാവായ്ക്ക് ഉണ്ടായിരുന്നു.

ഞാൻ ചെങ്ങന്നൂരിനു സമീപമുള്ള വെൺമണിക്കാരനാണ്. പരീക്ഷ എഴു താൻ പോകുമ്പോൾ വിദ്യാർത്ഥികൾ പള്ളിയിൽ മെഴുകുതിരി കത്തിക്കാറുണ്ട്. അത് ഞാനും ചെയ്തിട്ടുണ്ട്. എന്റെ ജീവിതത്തിനും പൈതൃകത്തിനും എല്ലാ ത്തിനേയും ഉൾക്കൊള്ളുവാനുള്ള കാഴ്ചപ്പാടിലേക്ക് വളരുവാൻ കഴിഞ്ഞു. ഇത് ഒരു വെളിച്ചമാണെങ്കിൽ ആ വെളിച്ചത്തിന് എന്നെ പ്രാപ്തമാക്കിയതിൽ ഓർ ത്തഡോക്സ് സഭയ്ക്കും അതിന്റെ പരമാദ്ധ്യക്ഷനുമുള്ള പങ്ക് ഞാനിവിടെ സ്മരിക്കുകയാണ്.

നമ്മുടെ നാട്ടിലും വിദേശത്തും ധാരാളം പള്ളികളും സ്ഥാപനങ്ങളും ഉണ്ടെ ങ്കിലും മറ്റ് സഭകൾക്ക് കിട്ടുന്ന അംഗീകാരം ഓർത്തഡോക്സ് സഭയ്ക്ക് ഔദ്യോ ഗികമായി ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഇക്കാര്യങ്ങൾ മനസ്സിൽ വെച്ചു കൊണ്ട് മിസോറാമിന്റെ ചരിത്രത്തിൽ, രാജ്ഭവൻ പ്രസിദ്ധീകരണത്തിൽ ഓർ ത്തഡോക്സ് സഭയോടും പ. കാതോലിക്കാ ബാവായോടുമുള്ള സ്നേഹത്താൽ ഞാൻ ഒരു രേഖ ഔദ്യോഗികമായി ചേർത്തു. Truly Indian Church എന്നു പറയുന്ന വിഭാഗത്തിൽ പ. കാതോലിക്കാ ബാവ വിദ്യാരംഭത്തിന് തുടക്കം കുറിക്കുന്ന ചിത്രവും വിവരണങ്ങളും എഴുതി ചേർത്തിട്ടുണ്ട് (പുസ്തകം ഉയർത്തി കാണിക്കുന്നു). ഇത് ചരിത്രത്തിന്റെ ഭാഗമാക്കിയതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഇത് ചരിത്രത്തിലെ നിയോഗവുമാണ്.

നമ്മുടെ രാജ്യത്തിന്റെ മഹത്തായ പൈതൃകം വൈവിദ്ധ്യത്തെ അംഗീകരി ക്കലാണ്. രാജ്യത്തിന്റെ വൈവിദ്ധ്യത്തിൽ ഹിന്ദു , മുസ്ലീം, ക്രിസ്ത്യാനി, വേഷം, ഭാഷ, ആചാരം, അനുഷ്ഠാനങ്ങൾ എന്നിങ്ങനെ പലതും ഉണ്ട്. ഈ വൈവി ദ്ധ്യത്തെ വൈരുദ്ധ്യമാക്കാതെ കാത്തുസൂക്ഷിക്കുവാൻ കഴിയണം.

ഈ അവസരത്തിൽ കേന്ദ്ര സർക്കാരിന്റെയും ഇന്ത്യൻ പ്രധാനമന്ത്രിയു ടെയും പേരിൽ പ്രണാമവും അനുശോചനവും ഞാൻ സമർപ്പിക്കുന്നു. രാഷ്ട്ര പതിയുടെയും ഉപരാഷ്ട്രപതിയുടെയും പ്രധാനമന്ത്രിയുടെയും അനുശോചന ങ്ങൾ ഔദ്യോഗികമായി സഭയ്ക്ക് ലഭിക്കുമെന്ന് അറിയിക്കുന്നു. പ. സഭയു ടെയും വിശ്വാസികളുടെയും ദുഃഖത്തിൽ ഞാൻ പങ്കുചേർന്ന് ആദരാഞ്ജലി കൾ സമർപ്പിക്കുന്നു. ❑

Condolences from His Holiness Patriarch Kirill of Russia, Patriarch of the Russian Orthodox Church

No. 01/3448 13th July 2021

To the Holy Episcopal Synod of the Malankara Church

Your Eminences and Your Graces,

I was deeply grieved to learn about the demise of His Holiness Baselios Marthoma Paulose II, Catholicos of the East and Malankara Metropolitan.

On behalf of the Russian Orthodox Church and on my behalf I extend condolences to the Malankara Church over this loss. During his severe illness my heart was prayerfully with my brother who kept himself in the love of God; waiting for the mercy of our Lord Jesus Christ unto eternal life (Jude 1:21).

For over ten years His Holiness Baselios Marthoma Paulose II governed with wisdom the ancient Church, whose origin is associated with the name of Apostle Thomas. Not only did His Holiness the Catholicos take care of the internal life of the Church of India, but he also strived to develop its contact with the whole Christendom, including Russian Orthodox Church.

I have warm recollections of our meeting during the historic visit of the Primate of the Malankara Church to Russia in September 2019, which allowed us to discuss some important areas of inter-church dialogue in the spirit of brotherly love.

The deceased had great respect for and showed sincere interest in Russia and the Russian Orthodox Church, its traditions and spiritual heritage. It especially touched my heart to learn about the note written by him shortly before his death, in which he mentioned the Blessed Matrona of Moscow, whose life and deeds had been made known to him during his visit to the Russian capital.

The recently departed Primate of the Malankara Church will always live in my memory as a man of prayer and good archpastor, as well as a faithful friend of the Russian Orthodox Church.

May his memory be eternal and blessed!

With condolences.

+KIRILL

PATRIARCH OF MOSCOW AND ALL RUSSIA

Compassion towards fellow . beings reflected in the development projects initiated by H.H Baselios Marthoma Paulose Il as leader of the Church. My heartfelt condolence. May his soul rest in peace.

Arif Mohammad Khan
Governor of Kerala

Saddened at the demise of His Holiness Moran Mar Baselios Marthoma Paulose II, the Supreme Bishop of Malankara Orthodoxy, earlier today. His departure has left a great void and my thoughts are with his followers and family in this hour of grief.

Capt. Amarinder Singh
Chief Minister of Punjab

MOSCOW PATRIARCHATE RUSSIAN ORTHODOX CHURCH HOLY SYNOD

DEPARTMENT FOR EXTERNAL CHURCH RELATIONS

The Holy Synod The Malankara Church

Your Eminences and Graces.

I am deeply saddened by the news about the demise of His Holiness Baselios Mar Thomas Paulose II. Catholicos of the East, Malankara Metropolitan. Kindly accept my sincere condolences expressed to you and all the faithful of the Malankara Church in connection of his demise.

The relationships between the Russian Orthodox Church and Christians in India have existed for a long time. The primates and hierarchs of the both Churches pay mutual visits. and enjoy developed cooperation in the students' exchange and many other aspects of cooperation. A great personal contribution to strengthening the historical friendship between our Churches has been made by His Holiness Catholicos Baselios Mar Thomas Paulose II, whom we are accompanying today to eternity.

Once he welcomed the late His Holiness Patriarch Pimen of Moscow and All Russia to the land of India. In 1988, being at that moment the youngest bishop in the Malankara Church, he himself made his first visit to Russia for participation in the celebration of the Millennium of the Baptism of Rus"..

He made a historical visit to the Russian Orthodox Church in 2019 as His Holiness Catholicos of the East and Malankara Metropolitan. During that visit and meeting with His Holiness Patriarch Kirill of Moscow and All Russia, it was decided to form a Working Group for Coordinating Bilateral Relations between the Russian Orthodox Church and the Malankara Church, which opened a new page in our inter-church dialogue.

During personal contacts and negotiations with His Holiness Catholicos, I could see how deeply he was involved in the agenda of the bilateral relations, how concerned he was for the development of all the current areas of our cooperation, how genuine was his love for Russia and the Russian Church.

In my memory His Holiness Catholicos will for ever stay as a wise starets, good archpastor and humble man of prayer. May the Lord give rest to his soul in the dwellings of the righteous! With sincere condolences,

+ Hilarion
Chairman,
Department for External Church Relations Moscow Patriarchate

Deepest condolences on the demise of the Supreme Head of Indian Orthodox Church, His Holiness Moran Mar Baselios Marthoma Paulos II. My thoughts and prayers are with his followers and the members of the Orthodox Church. May his soul rest in peace.

Shivraj Singh Chouhan
Chief Minister of Madhya Pradesh

My deepest condolences on the demise of the head of Orthodox Church of India. His Holiness Baselios Marthoma Paulose II has left void in hearts of all of us.

Bhupesh Baghel
Chief Minister of Chhattisgrah

Ethiopian Orthodox Tewahedo Church

To the Holy Synod of our Sister Malankaran Orthodox Syrian Church of India

Subject: Letter of Condolence

"The righteous will be in everlasting remembrance. (Psalm 112:6)

We have felt deep sorrow since we heard the Announcement concerning the eternal rest of His Holiness Marthoma Paulose II Catholicos on the Apostolic Throne of St. Thomas, Malankara Metropolitan, and the Primate of the Indian Orthodox Malankara Church.

We express our deepest condolence to the Holy Synod, to all clergies and faithful's of our Sister Malankaran Orthodox Syrian Church of India, on behalf of the Ethiopian Orthodox Tewahedo Church Holy Synod and of myself.

His Holiness has visited and blessed our Ethiopian Orthodox Tewahedo Church faithful three times and deeply demonstrates His love and genuine affection to our country and the Church. During the Apostolic visits Ethiopian faithful have welcomed His Holiness with great joy and received His Blessings especially at the feast of the Holy Cross in September 2017; therefore His Holiness's memories are always remain fresh in the mind and heart of our faithful and all of us.

Apart from all IIis Holiness's remarkable legacies to the Malankaran Orthodox Church of India, in every walk of pontifical Apostolic Ministry, His Holiness has made significant and unforgettable contribution to the continuation of the strong and historical family relationship between our churches in particular as well as for the Oriental Orthodox Churches family and Orthodox ecumenism in general.

May the soul of our dearest brother in Christ, His Holiness Marthoma Paulose II Rest in Eternal Peace and be glorified in the Heavenly kingdom of our Almighty God together with souls of the most glorified Apostles and Saints!

God bless our Churches !

ABBA MATTHIAS I

Patriarch of Ethiopia, Archbishop of Axum,
Echegue of the See of St. Tekle Haimanot

SYRIAN ORTHODOX PATRIARCHATE OF ANTIOCI & ALL

THE EAST BAB TOUMA,
PO BOX 22260 DAMASCUS SYRIA

BY THE GRACE OF GOD

No. EI.46/21 12-July-2021

We received your letter dated 12-July-2021 informing about the passing away of the Catholicos Mor Baselios Marthoma Paulose II. We express our condolences to you and all the Metropolitans and faithful of our Malankara Church. May the merciful Lord grant him peace and have mercy on his soul.

Ignatius Aphrem II

Patriarch of Antioch and All the East Supreme Head of the Universal Syrian Orthodox Church

World Council of Churches

Geneva, July 12, 2021

To

The Holy Episcopal Synod of the Malankara Orthodox Syrian Church

Your Eminences,

We received the news of the demise of the Supreme Head of the Malankara Orthodox Syrian Church in India, His Holiness Moran Mar Baselios Marthoma Paulose II, with deep sadness. We, representing the global ecumenical movement and the member churches of the WCC, mourn with you and the worldwide community of the Malankara Orthodox Syrian Church. It is our prayer that God will accompany you in this period of grief, and 'the peace of God, which surpasses all understanding, will guard your hearts and your minds in Christ Jesus'. (Philippians 4:7).

His death is a great loss for all, but we, along with the global ecumenical movement join the Malankara Orthodox Syrian Church, to thank God and celebrate his remarkable life of service to God and humanity with his holiness, simplicity, transparency, honesty and courage. He was much loved for his unassuming and down to earth approach as a leader. His Holiness was accessible to and responded to people in their times of need. He was a great leader and a spiritual father who strengthened the diakonial response of the church, bringing much-needed help to the poor and the suffering. As a humanitarian who was aware and sensitive to the social realities of our world. His Holiness stood firmly for social justice and equality. His leadership in ensuring women's equal participation in the church's administration and establishing their right to vote along with their male counterparts in all church parishes has been encouraging and inspiring to us. His Holiness was a symbol of the change who demanded mutual accountability from all of us.

May his exemplary life continue to inspire us, and may his memory be eternal.

Yours in Christ,

Joan Sama
Rev. Prof. Dr Ioan Sauca,
Acting General Secretary World Council of Churches

The Diocese of Southwark

13 July 2021

Your Grace

Please accept our sincere condolences on the death yesterday of His Holiness Moran Mar Baselios Marthoma Paulose II, who has been called home to his Lord and his God after many years of devoted service. We have received this news with sadness and remember His Holiness's humble and courageous ministry with gratitude and affection. I am particularly grateful for the warmth with which he embraced close fellowship with the Church of England and ecumenical relations more widely.

We offered prayers at the Holy Eucharist this morning and shall continue to pray for the worldwide Malankara Syrian Orthodox Church at this time of loss and grief.

'May the God of peace, who brought back from the dead our Lord Jesus, the great shepherd of the sheep, by the blood of the eternal covenant, make you complete in everything good so that you may do his will, working among us that which is pleasing in his sight, through Jesus Christ, to whom be the glory for ever and ever' (Hebrews 13. 20-21). With our continued prayers and good wishes,

The Rt Revd Christopher Chessun
The Bishop of Southwark

പ്രമുഖരുടെ അനുശോചന സന്ദേശങ്ങൾ

Saddened at the demise of His Holiness Moran Mar Baselios Marthoma Paulose II, the Supreme Bishop of Malankara Orthodoxy, earlier today. His departure has left a great void and my thoughts are with his followers and family in this hour of grief. RIP

Ashok Gehlot
Chief Minister of Rajasthan

My heartfelt condolences on the demise of His Holiness Moran Mor Baselios Marthoma Paulose II, the Supreme head of Malankara Orthodox Syrian Church of India.

Sachin Pilot
Deputy Chief Minister of Rajasthan

Deeply mourn the demise of His Holiness Moran Mar Baselios Marthoma Paulos II, the primate of Indian Orthodox Church. A great humanitarian who devoted his life to uplift the destitute and the poor. My heartfelt condolences to his followers.

Dr. Harsh Vardhan
Member of Rajya Sabha

My deepest condolences to the members of the Orthodox Church on the unfortunate demise of His Holiness Moran Mar Baselios Marthoma Paulos II, the Supreme Head of Indian Orthodox Church. May he rest in peace.

Mallikarjun Kharge
Member of Rajya Sabha

Deeply saddened by the demise of the supreme head of the Malankara Orthodox Syrian Church of India, Moran Mor Baselios Marthoma Paulose II. His Holiness dedicated his entire life to the service of God. My prayers are with the members of the Orthodox Church. RIP.

K. Surendran
President of the BJP, Kerala

Saddened by the passing of the supreme head of the Malankara Orthodox Syrian Church of India, Baselios Marthoma Paulose II, just four@months after recovering from COVID19. A man of infinite compassion& grace, he will be widely mourned. RIP.

Shashi Tharoor
Member of Parliament, Lok Sabha

I am deeply saddened to learn of the death of His Holiness Baselios Marthoma Paulose II, the supreme head of the Malankara Orthodox Syrian Church of India. He will be remembered for his humanitarian work, as well as his contributions as a religious leader.

Subodh Kant Sahay
Member of Parliament, Lok Sabha

Heartfelt Condolences on the passing of the supreme head of the Malankara Orthodox Syrian Church of India , Baselios Marthoma Paulose ll . A humanitarian whose grace and humility will be missed. RIP

Hibi Eben
Member of Parliament Lok Sabha



ANGLICAN COMMUNION

Your Grace,

It is with great sorrow that I learn of the death of His Holiness Baselios Marthoma Paulose II, on Monday 12 July.

His Holiness was a faithful disciple of Christ, and a father in faith to many, especially to the Malankara Orthodox Syrian Church in which he exercised such a distinguished ministry.

His Holiness was rightly respected by many ecumenical partners around the world. The Anglican Communion is grateful for the relationship we have with the Malankara Orthodox Syrian Church, for meetings with His Holiness at Lambeth Palace and in Kerala and for his support of the work of the Anglican-Oriental Orthodox International Commission. ““The Anglican Communion thanks God for his life and prays for the repose of his soul as his body is laid to rest.

Blessings,

The Most Revd Dr Josiah Idowu-Fearon
Secretary General of the Anglican Communion



കഷ്ടത അനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി എന്നും മുന്നിൽ

പിണറായി വിജയൻ

(കേരളാ മുഖ്യമന്ത്രി)

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

സാധാരണക്കാരിൽ ഒരാളായി അവരോടൊപ്പം ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി എന്നും മുന്നിലുണ്ടായിരുന്നു. സ്ത്രീകളെ സഭാ ഭരണത്തിന്റെ വേദിയിൽ എത്തിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബാവയുടെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു.

കേരളത്തിൽ സഭയിലും സമൂഹത്തിലും സമാധാനം പുലർത്താൻ നിലകൊണ്ടു. സഭയുടെ താൽപര്യമായിരുന്നു എന്നും ബാവ ഉയർത്തിപ്പിടിച്ചത്. ലോകത്താകെയുള്ള ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം മുഖ്യപങ്കുവഹിച്ചു.

ഋഷിതുല്യമായ ജീവിതം നയിച്ച ബാവാ തിരുമേനിയുടെ നിര്യാണം സമൂഹത്തിനാകെ വലിയ നഷ്ടമാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മനുഷ്യസ്നേഹത്തിന്റെ അപ്പോസ്തലൻ

മമ്മൂട്ടി

കാലം ചെയ്ത ബാവാ യെ മനുഷ്യസ്നേഹത്തിന്റെ അപ്പോസ്തലനായാകും ഞാൻ ഓർക്കുക. എന്റെ എളിയ കാരുണ്യപദ്ധതിയായ 'കെയർ ആൻ ഷെയറി'ന് എന്നും തുണയായിരുന്നു തിരുമേനി. അതിൽ അദ്ഭുതമില്ല. അഗതികൾക്കു കരുണ ചൊരിഞ്ഞ ജീവിത മായിരുന്നുവല്ലോ അദ്ദേഹത്തിന്റേത്

വീടില്ലാത്തവർക്കു വീടുവയ്ക്കാൻ സ്വന്തം സ്ഥലം വിട്ടുകൊടുത്ത, തനിക്കു കാൻസർ ബാധിക്കും മുൻപേ ആരോരുമില്ലാത്ത കാൻസർ രോഗികൾക്കായി 'സ്നേഹസ്പർശം' പദ്ധതി വിഭാവനം ചെയ്ത, രോഗികൾക്കും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും എന്നും പരിഗണന നൽകിയ ബാവായെ കേരളത്തിനു മറക്കാനാവില്ല. എന്നും ലാളിത്യത്തോടെ ജീവിച്ച്, എന്നും കുട്ടിക്കാലത്തെ ജീവിത പ്രയാസങ്ങൾ അനുസ്മരിച്ചിരുന്ന, എത്രയോ ഉയരങ്ങളിലെത്തിയിട്ടും എളിയവനെപ്പോലെ പെരുമാറിയിരുന്ന തിരുമേനി കേരളം സൃഷ്ടിച്ച ആത്മീയ വ്യക്തിത്വങ്ങളിൽ അദ്വിതീയനായിരുന്നു. ആ വിശുദ്ധ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ.

നല്ല ഇടയന് പ്രണാമം...

വി. ഡി. സതീശൻ

(പ്രതിപക്ഷ നേതാവ്)

മലങ്കര ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ കാലം ചെയ്തെന്ന വാർത്ത ഏറെ വേദനിപ്പിക്കുന്നതാണ്. മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിൽ പരുമല തിരുമേനിക്കു ശേഷം മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ റമ്പാനായിരുന്ന മാർ പൗലോസ് ദ്വിതിയൻ, വിശ്വാസികൾക്കൊപ്പം സാധാരണക്കാരനായി ജീവിച്ച വ്യക്തിത്വമായിരുന്നു. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്കും രോഗികൾക്കും വേണ്ടി നിരവധി പദ്ധതികളാണ് അദ്ദേഹം സഭാതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. നൂറുകോടിയിലേറെ രൂപ ചെലവഴിച്ച് നിർമ്മിച്ച പരുമല കാൻസർ സെന്റർ ഇതിന് ഉദാഹരണമാണ്. നിർധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന 'സ്നേഹസ്പർശം' പദ്ധതിക്കും ഇദ്ദേഹം തുടക്കമിട്ടിരുന്നു.

സ്ത്രീകളെ സഭാഭരണത്തിലേക്ക് എത്തിക്കാനുള്ള ചരിത്രപരമായ തീരുമാനം കൈക്കൊണ്ടതും പൗലോസ് ദ്വിതീയൻ ബാവയാണ്. 2011-ൽ ഇടവകകളിൽ പുരുഷൻമാർക്കൊപ്പം സ്ത്രീകൾക്കും വോട്ടവകാശം ഏർപ്പെടുത്തിയാണ് ബാവ മലങ്കര ഓർത്തഡോക്സ് സഭയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ചത്. മദ്യം, ലഹരിമരുന്ന് എന്നിവയ്ക്ക് എതിരെയും ശക്തമായ പ്രചാരണം ബാവ നടത്തിയിട്ടുണ്ട്. സാധാരണക്കാർക്കിടയിൽ നിന്നും സഭയുടെ അത്യുന്നത പദവിയിൽ എത്തി സാധാരണക്കാർക്കൊപ്പം ജീവിച്ച പൗലോസ് ദ്വിതീയൻ ബാവയുടെ നിര്യാണം മലങ്കരസഭയ്ക്കു മാത്രമല്ല കേരളത്തിനൊന്നാകെ തീരാനഷ്ടമാണ്.

സഹജീവി സ്നേഹത്തിലധിഷ്ഠിതമായ ആധ്യാത്മിക ശുശ്രൂഷ

ഉമ്മൻ ചാണ്ടി

സഹജീവി സ്നേഹത്തിലധിഷ്ഠിതമായ ആധ്യാത്മിക ശുശ്രൂഷയായിരുന്നു മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്താമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ മുഖമുദ്ര. ആധ്യാത്മികരംഗത്ത് നേതൃത്വപരമായ പങ്കുവഹിച്ചതിനൊപ്പം പാവപ്പെട്ടവർക്കും അശരണർക്കും സഹായകരമായ നിരവധി പദ്ധതികൾ നടപ്പാക്കി. കാൻസർ രോഗികൾക്കുള്ള സ്നേഹർശം പദ്ധതിയിലൂടെ അനേകർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി. നൂറു കോടി രൂപ ചെലവിട്ട് നിർമിച്ച പരുമല കാൻസർ സെന്റർ തിരുമേനിയുടെ ഇച്ഛാശക്തിയിലൂടെയാ ണ് യാഥാർത്ഥ്യമായത്. അർബുദബാധിതനായ തിരുമേനി വിദേശ ചികിത്സയ്ക്ക് തയാറാകാതെ പരുമല ആശുപത്രിക്കപ്പുറം ഒരു ചികിത്സ വേണ്ടെന്ന നിലപാടെടുത്തു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ നിരവധി കർമപദ്ധതികൾ നടപ്പാക്കി. സ്ത്രീ കൾക്ക് പള്ളി ഭരണത്തിലും സഭാ ഭരണത്തിലും നിർണായക പങ്ക് നൽകിയ ആത്മീയ ആചാര്യനായിരുന്നു അദ്ദേഹം വിശ്വാസി സമൂഹത്തിന്റെ അഗാധമായ ദുഃഖത്തിൽ പങ്കുചേരുന്നു. പരിശുദ്ധ പിതാവിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്ക് മുന്നിൽ പ്രണാമം.

പാവപ്പെട്ടവർക്ക് വേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ച മതപുരോഹിതൻ

കെ. സുരേന്ദ്രൻ

തിരുവനന്തപുരം: പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ നിര്യാണത്തിൽ ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ അനുശോചിച്ചു. പാവപ്പെട്ടവർക്ക് വേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ച മതപുരോഹിതനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണം സഭയ്ക്കും സംസ്ഥാനത്തിനും വലിയ നഷ്ടമാണ്. സഭാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും സുരേന്ദ്രൻ അറിയിച്ചു.

Your Eminence and dear members of the Holy Synod,

It is with deep sorrow that we came to learn the passing away of His Holiness Baselios Marthoma Paulose II. We have met His Holiness in India and in Lebanon and also at ecumenical events. He was a dedicated Catholicos to his church and deeply engaged in the mission, evangelism and diakonia of the church of God. His Holiness was also firm advocate of the ecumenical cause and goal. Indeed, his death is a great loss for the sister Malankara Orthodox Syrian Church. We, our Synod, our clergy and people share your pain and agony.

May Almighty God receive his soul in His eternal kingdom and bless your synod, clergy and people at these difficult times.

Yours in Christ, fram I

ARAM I CATHOLICOS OF CILICIA

Message from Christian Conference of Asia

To

The Holy Episcopal Synod of the Malankara Orthodox Syrian Church

Eminences,

It is with profound grief that we received the news of the sad demise of the Supreme Head of the Malankara Orthodox Syrian Church, His Holiness Catholicos Moran Mar Baselios Marthoma Paulose II. On behalf of the Christian Conference of Asia (CCA), I convey our heartfelt condolences to all the faithful of the Malankara Orthodox Syrian Church in India and across the world.

His Holiness Baselios Marthoma Paulose II was an unassuming ecclesiastical leader and he had always been concerned about the poor and the needy in society. The philanthropic services His Holiness had initiated and the special interest he showed in motivating the congregations and the faithful of the Malankara Orthodox Syrian Church provided new dimensions to the diaconal ministry of the church.

I have had several opportunities to meet with His Holiness Catholicos Paulose II in India as well as overseas during the past decade. I was always impressed with the simplicity, sincerity, and the warm heartedness of such a high-profile ecclesiastical leader, and I will ever cherish the love and affection I received from the Bava Thirumeni.

With the passing away of His Holiness, the Church in India has lost one more of its senior ecclesiastical leaders who has been a distinguished representative of Indian Christians, and who was a voice on their behalf in the wider social milieu, especially at a time as crucial as that of today.

In the last phase of his earthly life, this faithful servant of our Lord was greatly tried by suffering which he accepted with peace of mind. Even at the time of the trial His Holiness had to undergo during the past days, he remained a faithful witness who trusted in the goodness and the mercy of God. He will remain in the memory and prayers of many faithful across the world; let us console all those who are bereaved now and believe that the Lord will welcome him into His glory!

On behalf of the churches in Asia and the Asian ecumenical movement, I again offer our deep sympathy and prayers.

May his memory be eternal.

Yours along the journey,

Mathews George Chunakara
General Secretary, Christian Conference of Asia

His Holiness Patriarch Kirill of Russia

12-07-2021

Our deepest condolences on the demise of His Holiness Moran Mar Baselios Marthoma Paulos II, The Catholicos of the Malankara Orthodox Syrian Church.

During his Catholicate relationship between the Russian Orthodox Church and the Malankara Orthodox Syrian Church reached high level.

May he rest in peace! Memory Eternal!

COPTIC ORTHODOX

Monday 12 July 2021

Repose of His Holiness Moran Mar Baselios Marthoma Paulose II Catholicos and Malankara Metropolitan of the Indian Orthodox Church

The Clergy and Congregation of the Coptic Orthodox Diocese of Melbourne offer their sincerest condolences and deepest sympathies on the falling asleep of His Holiness Moran Mar Baselios Marthoma Paulose II, the Malankara Metropolitan and the Catholicos of the Indian Orthodox Church.

His Holiness Moran Mar Baselios Marthoma Paulose Il was enthroned as Catholicos of the East and Malankara Metropolitan on 1 November 2010. His Holiness served his flock endlessly, was always in dialogue with the other Oriental Orthodox Churches and present at the enthronement of His Holiness Pope Tawadros II in 2012.

We pray that our Lord grants comfort to the Clergy and Congregation of the Indian Orthodox Church and that our gracious Lord reposes the soul of His Holiness in the paradise of joy.

May his memory be eternal.



“മിസോറാമിൻറെ ചരിത്രത്തിൽ, രാജ്ഭവൻ പ്രസിദ്ധികരണത്തിൽ ഓർത്തഡോക്സ് സഭയോടും പ. കാതോലിക്കാ ബാവായോടുമുള്ള സ്നേഹത്താൽ ഞാൻ ഒരു രേഖ ഔദ്യോഗികമായി ചേർത്തു. Truly Indian Church എന്നു പറയുന്ന വിഭാഗത്തിൽ പ. കാതോലിക്കാ ബാവ വിദ്യാരംഭത്തിന് തുടക്കം കുറിക്കുന്ന ചിത്രവും വിവരണങ്ങളും എഴുതി ചേർത്തിട്ടുണ്ട് (പുസ്തകം ഉയർത്തി കാണിക്കുന്നു). ഇത് ചരിത്രത്തിൻറെ ഭാഗമാക്കിയതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഇത് ചരിത്രത്തിലെ നിയോഗവുമാണ്.”

മിസോറാം ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻപിള്ളയുടെ പരുമലയിലെ അനുശോചന പ്രസംഗത്തിൽ നിന്നും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ കാതോലിക്കാ ബാവ ബസേലിയോസ് മാർതോമാ പൗലോസ് വിതീയൻ തിരുമേനിയുടെ ദേഹ വിയോഗത്തിൽ ദുഃഖിക്കുന്നു. ബാവാതിരുമേനി മലങ്കര ഓർത്തഡോക്സ് സഭയെ അത്യധികം സ്നേഹിച്ചു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഈ സഭാസ്നേഹത്തിന്റെ നിദർശനങ്ങളായിരുന്നു. തികഞ്ഞ ദൈവാശ്രയത്വ ബോധത്തോടെയാണു ജീവിതത്തിലെ പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ എല്ലാ സാഹചര്യങ്ങളെയും തിരുമേനി സ്വീകരിച്ചിരുന്നത്. പൊതു സമൂഹ ത്തിലെ പ്രശ്നങ്ങളിൽ മനസൗഹാർദവും മാനവ ഐക്യവും സംരക്ഷിക്കുവാൻ തിരുമേനി എപ്പോഴും പരിശ്രമിച്ചിരുന്നു.

ബാവാതിരുമേനിയുടെ നിര്യാണത്തിൽ ദുഃഖിക്കുന്ന മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭയിലെ വന്ദ്യ തിരുമേനിമാർക്കും വൈദികഗണത്തിനും എല്ലാ സഭാമക്കൾക്കും എന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു. കാലം ചെയ്ത തിരുമേനിക്കു നിത്യസൗഭാഗ്യം ലഭിക്കുമാറാകട്ട

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്
പ്രസിഡണ്ട് കെ. സി. ബി. സി. ചെയർമാൻ, ഇന്റർ ചർച്ച് കൗൺസിൽ



ഒന്നിച്ച് ശുശ്രൂഷകൻ ഓർമയിൽ ഏബ്രഹാം

പഴഞ്ഞി: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കൊപ്പം ബാല്യത്തിൽ സൺഡേസ്കൂളിൽ പഠിച്ചതി ന്റെയും പള്ളിയിൽ ഒന്നിച്ച് ശുശ്രൂഷകൻ ആയി സേവനമനുഷ്ഠിച്ചതിന്റെയും ഓർമയിലാണ് അരിമ്പൂർ വീട്ടിൽ ഏബ്രഹാം, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ സൺഡേ സ്കൂളിലാണ് ഇരുവരും സഹപാഠികളായിരുന്നത്.

പഴഞ്ഞി പള്ളിയിൽ നിന്നു 5 കിലോ മീറ്ററോളം ദൂരത്തായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവായുടെ വീട്, വിട്ടിൽ നിന്നു നടന്നു രാവിലെ കുർബാന തുടങ്ങും മുൻപ് തന്നെ അദ്ദേഹം എത്തിയിരുന്നതായി ഏബ്രഹാം ഓർമിക്കുന്നു.

അന്നത്തെ വൈദികരായ ജോസഫ് കോറെപ്പിസ്കോപ്പ, സി. വി. ഏബ്രഹാം എന്നിവരിൽ നിന്ന് കുർബാന ഗാനങ്ങളും ശുശ്രൂഷകളും അദ്ദേഹം മനഃപാഠമാ ക്കിയിരുന്നതായി ഏബ്രഹാം ഓർമിച്ചു.

വൈദികനായ ശേഷം പഴഞ്ഞി പള്ളിയിൽ അന്ന് ഫാ. പോൾ ആയിരുന്ന ബാവാ കുർബാന അർപ്പിക്കുമ്പോഴും ശുശ്രൂഷകനായി ഏബ്രഹാം ഉണ്ടായി രുന്നു. ഓർത്തഡോക്സ് സഭ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡ ന്റായി പരിശുദ്ധ ബാവാ സ്ഥാനം വഹിച്ചിരുന്ന കാലത്ത് കുന്നംകുളം ഭദ്രാസന ത്തിലെ സൺഡേ സ്കൂളിന്റെ ഡയറക്ടറായിരുന്നു ഏബ്രഹാം. ബാവാ പഴഞ്ഞി യിൽ എത്തുമ്പോൾ ഏബ്രഹാം സന്ദർശിക്കാറുണ്ടായിരുന്നു.

Monastère Syriaque N-D de Miséricorde, Brevilly,4
61300 Chandai- Brévilly (France)
Maison Notre-Dame, 66 Place Schoeneck.
16560 Jauldes. (France)Tel :05.45.37.35.13

Courriel: asstradsyrfr@laposte.net Blog :http://paris.syro-orthodoxe-francophone.over-blog.fr/
Tel: (0033) 2 33 24 79 58 Mobile: (0033) 6 48 89 94 89

Date :12.VII.2021
N° :01/Cond/Malank

Condoléances et demande de prières pour Sa Sainteté/
Condolences and request for prayers for His Holiness /
Condolências e pedido de orações por Sua Santidade /
Condolencias y petición de oración para Su Santidad

Dear friends.
We are saddened to announce to you the reminder to God of His Holiness Marthoma Paulos II 21st Eastern Catholicos and 91st Metropolitan of the Metropolitan of Malankare.
Our Syro-Orthodox Church of Mar Thoma joins in the sadness and mourning of the Indian Orthodox Church (Malankare Orthodoxe).
I will be celebrating in a few moments the Service for the Dead for the rest of his soul and the support of his loved ones and ask each of our priests to do the same.
As a daughter Church of the Indian Orthodox Church, our Jurisdiction created for the European Peoples and their missions joins in the mourning of her mother and weeps with her for the one given to her to walk in the footsteps of Christ the Good Shepherd who gives His life for His sheep.
May the Indian Orthodox Church accept the most sincere condolences of our Syro-Orthodox Church of Mar Thoma! May she also be assured of our fervent prayers for her future. May the Lord Jesus Christ; the Good Shepherd, grant her a good shepherd who, following His Holiness, serves her with disinterestedness and oblative love!
Rest in peace, Most Holy Father, and pray to God for us without ceasing. Aloho Mhasele!
+ Metropolitan Mor Philipose, Angoulême this 12.VII.2021.


Jojy Everlight Photography



സഭയ്ക്കും സമൂഹത്തിനും മാതൃക

സജി ചെറിയാൻ
(ഫിഷറീസ് വകുപ്പ് മന്ത്രി)

പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

നിഷ്ക്കളങ്ക ജീവിതത്തിലൂടെ സഭയ്ക്കും സമൂഹത്തിനും മാതൃകയായിരുന്ന വ്യക്തിയായിരുന്നു തിരുമേനി. ആർദ്രതയും ദീനാനുകമ്പയും ലാളിത്യവും പ്രകൃതി സ്നേഹവും പരിശുദ്ധ ബാവായുടെ പ്രവർത്തനങ്ങൾക്ക് ശോഭ പകർന്നു.

വളരെ അടുത്ത ബന്ധമായിരുന്നു തിരുമേനിയുമായിട്ടുണ്ടായിരുന്നത്. വ്യക്തി ബന്ധങ്ങൾക്ക് വലിയ മൂല്യം കാത്തു സൂക്ഷിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

കഴിഞ്ഞ ദിവസം രോഗാവസ്ഥയെക്കുറിച്ച് തിരക്കുന്നതിനായി പരുമല ഹോസ്പിറ്റലിൽ എത്തുകയും രോഗവിവരങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തിരുന്നു. രോഗമുക്തിയോടെ തന്റെ കർമ്മമേഖലയിൽ സജീവമാകുമെന്ന പ്രതീക്ഷയിലായിരുന്നു സഭയും സമൂഹവും.

പ്രളയകാലത്ത് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളും സന്നദ്ധ സേവന പ്രവർത്തനങ്ങളും സ്മരണീയമാണ്.

തിരുമേനിയുടെ വിയോഗത്തിൽ സഭയുടെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നു.

കാരുണ്യ പദ്ധതികൾ നടപ്പാക്കിയ മനുഷ്യസ്നേഹി

കെ സുധാകരൻ
(കെപിസിസി പ്രസിഡന്റ്)

ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ വേർപാടിലൂടെ വിശ്വാസത്തിനും വിശ്വാസികൾക്കും വേണ്ടി നിലകൊണ്ട ആത്മീയ ആചാര്യനെയാണ് കേരളത്തിന് നഷ്ടമായത്.

മതനിരപേക്ഷതയുടെ വക്താവായിരുന്ന ബാവ ആലംബഹീനരേയും പാവപ്പെട്ടവരെയും സംരക്ഷിക്കുകയും അവർക്കുവേണ്ടി കാരുണ്യ പദ്ധതികൾ നടപ്പാക്കുകയും ചെയ്ത മനുഷ്യസ്നേഹിയായിരുന്നു. നാട്യങ്ങളില്ലാത്ത ലളിതമായ ജീവിതശൈലി ആയിരുന്നു അദ്ദേഹത്തിന്റേത്. ഇടവക ഭരണത്തിൽ സ്ത്രീകൾക്ക് പ്രാധിനിത്യം നൽകി സമത്വം എന്ന ആശയം നടപ്പാക്കി എന്നതാണ് അദ്ദേഹത്തിന്റെ ഭരണപരിഷ്കാരങ്ങളിൽ പ്രധാനം. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനവും വ്യക്തി പരമായി ഞാനും പങ്കുചേരുന്നു.

പാവപ്പെട്ടവരുടെയും നിരാശ്രയരുടെയും അത്താണി

രമേശ് ചെന്നിത്തല

ഓർത്തഡോക്സ് സഭാവിശ്വാസികളെ മുന്നോട്ടു നയിക്കുന്നതിൽ പരമാദ്ധ്യക്ഷനെന്ന നിലയിൽ പ്രശംസാർഹമായ നേതൃത്വമാണ് തിരുമേനി നൽകിയിട്ടുള്ളത്. ആത്മീയജീവിതത്തിന്റെ മാതൃകയായി നിലകൊള്ളാൻ അദ്ദേഹത്തിനു സാധിച്ചു.

പാവപ്പെട്ടവരുടെയും നിരാശ്രയരുടെയും അത്താണിയായിരുന്നു തിരുമേനി. ആത്മീയനേതാവായിരിക്കുമ്പോഴും മതേതരത്വത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടു. തിരുമേനിയുടെ വേർപാട് സഭയ്ക്കു മാത്രമല്ല, പൊതുസമൂഹത്തിനും വലിയ നഷ്ടമാണ്.

സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകം

വി. എൻ. വാസവൻ
(സഹകരണ രജിസ്ട്രേഷൻ വകുപ്പുമന്ത്രി)

മനുഷ്യ സ്നേഹത്തിന്റെ പ്രതീകമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷനും മെത്രാപൊലീത്തയുമായ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാത്തോലിക്കാ ബാവക്ക് ആദരാഞ്ജലികൾ.

പ. ബസേലിയോസ് മാർത്തോമാ ദിദിയോസ് പ്രഥമൻ ബാവയുടെ പിൻഗാമിയായാണ് ഓർത്തഡോക്സ് സഭാധ്യക്ഷനായി ചുമതല ഏൽക്കുന്നത്. എം.എൽ.എ. എന്ന നിലയിൽ മുഴുവൻ സമയവും ഈ ചടങ്ങിൾ പങ്കെടുത്തതും , തുടർന്ന് ദേവലോകത്ത് എത്തി അരമനയിൽ സ്ഥാനമേൽക്കുമ്പോൾ എം.എൽ.എ. എന്ന നിലയിൽ സ്വീകരിച്ചതും ഈ അവസരത്തിൽ സ്മരിക്കുന്നു.

പരിശുദ്ധ കത്തോലിക്ക ബാവയായി സ്ഥാനമേറ്റതിനു ശേഷം തന്റെ പ്രവർത്തനങ്ങളിലൂടെ ആത്മീയ ചൈതന്യതയുടെ അത്യുന്നതങ്ങളിലേക്ക് വിശ്വാസി സമൂഹത്തെ നയിച്ചതു പോലെ തന്നെ ഭൗതീക ജീവിതത്തിന്റെ നാനാ മേഖലകളിലും ഇടപെട്ട് ജനങ്ങളെ സഹായിച്ചിരുന്നു.



‘സ്നേഹ സ്പർശം’ പോലുള്ള പദ്ധതികൾ സഭയിൽ ആവിഷ്കരിച്ച് പിന്നോക്കം നിൽക്കുന്ന പാവങ്ങളെ മുന്നോക്കം കൊണ്ടുവരാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു.

അനാഥ മന്ദിരങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകി അവയെ പരിപോഷിപ്പിച്ച് ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മഹത് വ്യക്തിത്വത്തിന് ഉടമയായിരുന്നു. മത സൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളാൻ കഴിഞ്ഞത് ഏവരുടെ യും സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. ലാളിത്യമാർന്ന ജീവിതശൈലിയും വശ്യമനോഹരമായ പെരുമാറ്റവും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

തിരുമേനിയുടെ വേർപാട് സഭയ്ക്കും വിശ്വാസി സമൂഹത്തിനും തീരാ നഷ്ടമാണ്. ഈ വിയോഗത്തിൽ ദുഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

മറഞ്ഞതു മാനവികതയുടെയും സ്നേഹത്തിന്റെയും മഹാഇടയൻ

ജോസ് കെ മാണി

മലങ്കര ഓർത്തഡോക്സ് സഭയുടെ പരാമധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് കാതോലിക്കാ ബാവ കാലം ചെയ്തതോടെ നഷ്ടമാകുന്നത് മാനവികതയുടെ മഹാ ഇടയനെയാണ്.

കാഴ്ച്ചപ്പാടിലും കർമമേഖലയിലും തികച്ചും വ്യത്യസ്തമായിരുന്ന ബാവ തിരുമേനിയുടെ വിടവാങ്ങൽ ഒരു കാലഘട്ടത്തിന്റെ പരിസമാപ്തിയാണ്. ഉന്നതമായ ദാർശനികതയും ഉദാത്തമായ ചിന്തയും ധന്യമാക്കിയ ആത്മീയ ജീവിതമാണ് അദ്ദേഹത്തിന്റേത്. നന്മയും സ്നേഹവും, കാരുണ്യവും മുഖമുദ്രയാക്കിയ അദ്ദേഹം വേദനിക്കുന്നവരുടെ കണ്ണീരൊപ്പി. ഭാരം താങ്ങുന്നവർക്ക് ആശ്വാസമായി എന്നും ഹൃദയത്തോട് ചേർത്തു നിർത്തി.

സമർപ്പണത്തോടെ ആത്മീയ ദൗത്യം നിർവഹിച്ച പുരോഹിത ശ്രേഷ്ഠനെയാണ് സഭക്ക് നഷ്ടമായിരിക്കുന്നത്. ഭൗതിക സാന്നിധ്യം അസ്തമിച്ചുവെങ്കിലും ആത്മീയ ജ്യോതിസായി എന്നും വഴികാട്ടും. സഭയുടെയും വിശ്വാസ ലോകത്തിന്റെയും ദുഃഖത്തിൽ പങ്കുചേരുന്നു.

വത്തിക്കാനിലെ സ്നേഹസംഗമം



ഫാ. ഡോ. കെ.എം. ജോർജ്

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ ബാവായോടൊപ്പം ഏതാണ്ട് ഒരേ കാലത്ത് കോട്ടയം പഴയ സെമിനാരിയിൽ പഠിച്ചിരുന്നതിന്റെ നല്ല ഓർമകൾ ധാരാളമുണ്ട്. ഒന്നും മനസ്സിൽ ഒളിപ്പിക്കാതെ ഉള്ളതു പറയുന്ന ലളിതമനസ്കനും സ്നേഹസമ്പന്നനുമായ, നല്ല മുഖശ്രീയുള്ള ഒരു യുവാവിന്റെ ചിത്രമാണ് സതീർഥ്യരുടെ മനസ്സിൽ. പഠനത്തിലും മറ്റു രംഗങ്ങളിലും മികവ് പുലർത്തുന്ന സഹപാഠികളെ കലവറയില്ലാതെ ഉയർത്തിപ്പറയുന്നതിനുള്ള വിനയം അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു.

കുന്നംകുളത്തെ പുരാതനമായ നസ്രാണി പൈതൃകത്തിന്റെ സ്വാധീനം തന്റെ ജീവിതത്തിൽ ഉടനീളം സ്വീകരിച്ച ബാവാ തിരുമേനി വിശ്വാസകാര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും കർശനമായ നിഷ്ഠ പുലർത്തിയിരുന്നു.

2013ൽ ഫ്രാൻസിസ് മാർപാപ്പാ സ്ഥാനമേറ്റ് ആറു മാസങ്ങൾക്കകം ബാവായെ വത്തിക്കാനിൽ സ്വീകരിച്ചു.

കർശനമായ വത്തിക്കാൻ പ്രോട്ടോക്കോൾ പലതും മാറ്റി വച്ച് മഹാശയനായ മാർപാപ്പാ വളരെയേറെ സമയം അതിഥിയായ ബാവായോടൊപ്പം സംഭാഷണത്തിനു ചെലവഴിച്ചു. ഭക്ഷണമേശയിൽ വച്ച് സകല ജീവജാലങ്ങളോടുമുള്ള സഹാനുഭൂതിയുടെ ഭാഗമായി ഇന്ത്യയിൽ സർപ്പങ്ങൾക്കും എലികൾക്കുമൊക്കെ ആദരപൂർവം ഭക്ഷണം നൽകുന്ന സ്ഥലങ്ങളുണ്ടെന്ന് കേട്ടപ്പോൾ ഒരു കൊച്ചു കുട്ടിയെപ്പോലെ കൗതുകത്തോടെയാണ് അസ്സീസ്സിയിലെ വിശുദ്ധന്റെ പേര് സ്വീകരിച്ച ഫ്രാൻസിസ് പാപ്പാ അത് ശ്രദ്ധിച്ചത്. 'വിഷമുള്ള പാമ്പിനും അവിടെ ഭക്ഷണം കൊടുക്കുമോ?' എന്നു നിഷ്ക്കളങ്കമായി അദ്ദേഹം ചോദിച്ചത് ബാവായെ നന്നായി രസിപ്പിച്ചെന്ന് തോന്നുന്നു.

വത്തിക്കാൻ കൊട്ടാരത്തിലെ ഔദ്യോഗിക സ്വീകരണ ഹാളിൽ മലങ്കര ഓർത്തഡോക്സ് സഭാ ഡലിഗേഷനെ മാർപാപ്പാ കാണുകയും സംസാരിക്കുകയും ചെയ്തു. അതിനു ശേഷം, അദ്ദേഹവും ബാവായും മാത്രമായി സ്വകാര്യ സംഭാഷണത്തിന് തൊട്ടടുത്തുള്ള ചേംബറിലേക്ക് പ്രവേശിച്ചു. രണ്ടു പേർക്കും ഓരോ തർജ്ജമക്കാരനുമുണ്ട്. കാതോലിക്കാ ബാവായുടെ മൊഴിമാറ്റക്കാരനായി എനിക്കാണ് നിയോഗം ലഭിച്ചത്. സാധാരണഗതിയിൽ സഭാധ്യക്ഷന്മാർ തമ്മിലുള്ള ഇത്തരം സ്വകാര്യ



സംഭാഷണം പുറത്താരും അറിയാനോ അറിയിക്കാനോ പാടില്ലെന്നാണ് നിയമം. രണ്ടു പേരും ഇംഗ്ലിഷിൽ കുശലം പറഞ്ഞു തുടങ്ങിയെങ്കിലും പെട്ടെന്ന് ഇരുവരും മാതൃഭാഷയിലേക്ക് തിരിഞ്ഞു. ലാറ്റിൻ അമേരിക്കയിലെ അർജന്റീനിയൻ ചുവയുള്ള സ്പാനീഷിൽ മാർപാപ്പായും കുന്നംകുളം രുചിയുള്ള മലയാളത്തിൽ ബാവായും സംസാരിച്ചത് വളരെ ഹൃദ്യമായിരുന്നു.

പത്തു മിനിറ്റെന്നു പറഞ്ഞെങ്കിലും അര മണിക്കൂറിൽ കൂടുതലെടുത്തു ഈ കൂടിക്കാഴ്ചയ്ക്ക്. പിന്നീട്, പൊന്തിഫിക്കൽ ഐക്യ കൗൺസിലിന്റെ സെക്രട്ടറിയും ദീർഘകാല സ്നേഹിതനുമായ ആർച്ച് ബിഷപ് ബ്രയാൻ ഫാരൽ ഒരു കുസൃതിച്ചിരിയോടെ എന്നോടു ചോദിച്ചു: ' എന്തായിരുന്നു അവിടെ ഇത്ര സമയടമെടുക്കാൻ?' 'രണ്ടു പേരും തമ്മിൽ അത്ര ഇഷ്ടമായെന്ന് തോന്നുന്നു', ചിരിച്ചു കൊണ്ട് ഞാനും പറഞ്ഞു. "എല്ലാം തുറന്നു പറയുന്ന രണ്ടു പേർ തമ്മിൽ കൂടിയാൽ സമയത്തിനെന്തു വില?"

ഔദ്യോഗിക ചടങ്ങുകളും യാത്രപറച്ചിലും കഴിഞ്ഞ് പുലർച്ചെ അഞ്ചിന് ലണ്ടനിലേക്ക് പോകാൻ ബാവായും സംഘവും സെന്റ് മാർത്താസ് അതിഥി മന്ദിരത്തിന്റെ താഴത്തെ നിലയിലെത്തി. അപ്പോഴതാ സകലരെയും അമ്പരപ്പിച്ച്, സ്വയം ലിഫ്റ്റിറങ്ങി, സാക്ഷാൽ ഫ്രാൻസിസ് മാർപാപ്പാ. അദ്ദേഹം കൊട്ടാരമുപേക്ഷിച്ച് താമസം സത്രത്തിലാണല്ലോ. കാവൽ നിന്നിരുന്ന സ്വിസ് ഗാർഡുകളും വത്തിക്കാൻ ഉദ്യോഗസ്ഥരും അന്ധാളിച്ചു. തന്റെ ആത്മീയ സഹോദരന് യാത്രാവന്ദനം നൽകാനാണ് മഹാനായ ആ വലിയ പിതാവ് വത്തിക്കാൻ നിയമങ്ങൾ തെറ്റിച്ച് താഴേക്കിറങ്ങി വന്നത് എന്നു തോന്നുന്നു.

അർമീനിയ, ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ അധ്യക്ഷന്മാരോടൊപ്പം പരിശുദ്ധ കാതോലിക്കാ ബാവായുടെ സാന്നിധ്യം ശ്രദ്ധേയമായി. അർമീനിയയിലെ ക്രൈസ്തവ കേന്ദ്രമായ എച്ച്മിയാറ്റ്സിനിൽ വച്ച് അന്ത്യോഖ്യാ പാത്രിയാർക്കീസ് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവായുമായുള്ള അത്യൂഷ്മളയായ കൂടിക്കാഴ്ചകളും ഒരുമിച്ചുള്ള പ്രാർഥനയും ഭക്ഷണവുമെല്ലാം മറ്റു സഭാ തലവന്മാരെയും സഭയുടെ ഐക്യവും സമാധാനവും ആഗ്രഹിക്കുന്ന എല്ലാ നല്ല മനുഷ്യരെയും പ്രത്യാശാ നിരഭരരാക്കി.

സമുന്നത അധികാര കേന്ദ്രങ്ങളെ ചുറ്റുന്ന സങ്കീർണ വലയങ്ങളിൽ നിന്ന് സത്യാസത്യങ്ങൾ വേർതിരിച്ചറിയാനുള്ള ധാർമിക പ്രതിസന്ധിയുടെ വേദനയിലൂടെ മറ്റു പല നേതാക്കളെയും പോലെ ബാവാ തിരുമേനിയും കടന്നു പോയി. ഉള്ളിന്റെ ഉള്ളിൽ, മനുഷ്യർ തമ്മിൽ അനുരഞ്ജനവും ഐക്യവും ഉണ്ടാകണമെന്ന് അതിയായി ആഗ്രഹിച്ചിരുന്ന, വളരെ സാത്വിക സാധ്യതകൾ ഉണ്ടായിരുന്ന ഒരു വ്യക്തിത്വത്തെ അരനൂറ്റാണ്ടിലേറെ അടുത്തറിയാൻ കഴിയുന്നത് ഒരു ഭാഗ്യമാണ്. ധന്യമായ ഓർമകൾക്കു മുൻപിൽ പ്രണമിക്കുന്നു. ❑

തണൽ വൃക്ഷം കടപുഴകുമ്പോൾ

ബന്യാമിൻ

കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ കൂടിയായ പ്രമുഖ എഴുത്തുകാരൻ ബെന്യാമിൻ ഓർക്കുന്നു.



ജീവിതത്തിൽ പല ആത്മീയ ആചാര്യന്മാരെയും കാണാനും പരിചയപ്പെടാനും കഴിഞ്ഞിട്ടുണ്ടെങ്കിലും പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായെപ്പോലെ ഒരാളുമായും എനിക്ക് അത്രയടുത്ത ആത്മബന്ധം ഉണ്ടായിട്ടില്ല. വലിയ സ്നേഹവാത്സല്യമാണ് അദ്ദേഹം എന്നും എന്നോടു കാണിച്ചിട്ടുള്ളത്. പ്രിയപ്പെട്ട സ്നേഹിതൻ എന്നായിരുന്നു പൊതുവേദികളിൽ അദ്ദേഹം എന്നെ വിശേഷിപ്പിക്കാറുണ്ടായിരുന്നത്. അതിനു കാരണമായത് അദ്ദേഹത്തിന്റെ സുദീർഘമായ ഒരു അഭിമുഖം തയാറാക്കി 'ജീവിതക്കാഴ്ചകൾ' എന്നൊരു പുസ്തകം പുറത്തിറക്കാൻ അവസരം ലഭിച്ചതും.

അങ്ങനെ ഒരു പുസ്തകം ചെയ്യാൻ താത്പര്യമുണ്ടോ എന്ന് സഭയിലെ ചുമതലക്കാർ വിളിച്ചു ചോദിക്കുമ്പോൾ തിരുമേനി അതിനു സമ്മതിക്കുമോ എന്നായിരുന്നു എന്റെ സംശയം. എന്നാൽ അദ്ദേഹം സന്തോഷത്തോടെ അത് സ്വീകരിച്ചു. അങ്ങനെ വാകത്താനം, ഞാലിയാകുഴിയിൽ സ്ഥിതി ചെയ്യുന്ന മാർ ബസേലിയോസ് ദയറയിൽ വച്ച് ഞങ്ങൾ ഒരു ദിവസം മുഴുവൻ സംസാരിച്ചു. എല്ലാ മാസവും മൂന്നു ദിവസം തിരുമേനി അവിടെ മൗനപ്രാർഥനയ്ക്കു വേണ്ടി എത്തുമായിരുന്നു. ആ ദിവസങ്ങളിൽ ബാഹ്യസംസർഗ്ഗങ്ങൾ ഉണ്ടാവുകയില്ല. അതിൽ ഒന്നിന്റെ അവസാനം ആയിരുന്നു ആ കൂട്ടിക്കാഴ്ച നടന്നത്.

ഒരു ആത്മീയ പുരോഹിതനോട് എന്തു തരം ചോദ്യങ്ങൾ ചോദിക്കാം ചോദിക്കരുത് എന്നൊന്നും എനിക്ക് വലിയ നിശ്ചയം ഉണ്ടായിരുന്നില്ല. പിന്നീട് ആ പുസ്തകത്തിന്റെ പ്രകാശന വേളയിൽ ഞാൻ തന്നെ ഓർമിച്ചതുപോലെ 'മർമം അറിയാവുന്നവനല്ലേ അടിക്കാൻ പേടിക്കേണ്ടൂ..' എന്ന മട്ടിൽ ഞാൻ എന്റെ ഉള്ളിൽ ഉണ്ടായിരുന്ന ചോദ്യങ്ങൾ അത്രയും കുടഞ്ഞിട്ടു. ബാല്യം മുതൽ അന്നോളമുള്ള ജീവിതത്തിന്റെ സർവ ഇടങ്ങളെയും അത് തൊട്ടുപോയി. എല്ലാത്തിനും വളരെ സൗമ്യനായി സുദീർഘങ്ങളായ ഉത്തരങ്ങൾ തന്ന് അദ്ദേഹം എന്നെ അദ്ഭുതപ്പെടുത്തി. അതിൽ ചിലതൊക്കെ അദ്ദേഹത്തെ പ്രകോപിപ്പിക്കാൻ പ്രാപ്തമായിരുന്നു. അദ്ദേഹത്തിന്റെ ചില നിലപാടുകളെ ചോദ്യം ചെയ്യുന്നവ ആയിരുന്നു. എന്നാൽ അതിനൊക്കെ തന്റെ ഉറച്ച നിലപാടുകളും ബോധ്യങ്ങളും സൗമ്യമായി വെളിപ്പെടുത്തിത്തന്നു. അത്രയും ധന്യമായ ദിവസങ്ങൾ അധികമൊന്നും ജീവിതത്തിൽ ഓർത്തിരിക്കാൻ ഉണ്ടാവുകയില്ല. ആ പുസ്തകം പ്രകാശനം ചെയ്തത് മലയാളത്തിന്റെ പ്രിയപ്പെട്ട നിരൂപകൻ എം.കെ. സാനുവും ഇന്ന് പത്തനംതിട്ട ജില്ല കലക്ടർ ആയി ചുമതല ഏറ്റെടുക്കുന്ന ദിവ്യ എസ്. അയ്യരും ചേർന്നായിരുന്നു എന്നുകൂടി ഇവിടെ ഓർക്കുന്നു. ദിവ്യയ്ക്ക് വളരെ പ്രിയപ്പെട്ട ആചാര്യനായിരുന്നു തിരുമേനി. അദ്ദേഹം വിട വാങ്ങിയ ദിവസം തന്നെ ചുമതല ഏറ്റെടുക്കുന്നു എന്നത് മറ്റൊരു യാദൃച്ഛികതയാവാം.

പിന്നെ എത്രയോ പ്രാവശ്യം കാതോലിക്കേറ്റ് അരമനയിൽ വച്ചും മറ്റു പലയിടങ്ങളിലും ഞങ്ങൾ സംസാരിച്ചിരിക്കുന്നു. തലേന്നും കണ്ടുപിരിഞ്ഞ ഒരു സ്നേഹിതനോടെന്നപോലെ അത്രയും തുറന്നാണ് അദ്ദേഹം സംസാരിച്ചിട്ടുള്ളത്. സഭയുടെ പരിപാടികളിലൊക്കെ എന്നെ പ്രസംഗിക്കാൻ വിളിക്കണം എന്ന് അദ്ദേഹം ചട്ടം കെട്ടുമായിരുന്നു. അത് യുവജന പ്രസ്ഥാനത്തിന്റെ സമ്മേളനം ആണെങ്കിലും പുരോഹിതന്മാരുടെ ആത്മീയ സമ്മേളനം ആണെങ്കിലും അദ്ദേഹം സൗജന്യപൂർവം എന്നെ ക്ഷണിച്ചു. അദ്ദേഹത്തിന്റെ സ്വന്തം ദേശമായ കുന്നംകുളത്ത് എത്തിയപ്പോൾ അവിടുത്തെ അരമനയിൽത്തന്നെ താമസം ഒരുക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയും രാത്രി വൈകി എത്തിയപ്പോഴും എന്റെ ക്ഷേമം അന്വേഷിക്കാൻ മുറിയിലേക്കെത്തുകയും ചെയ്തത് ഞാൻ ഓർക്കുന്നു.



പച്ചയായ മനുഷ്യൻ എന്ന് നമ്മൾ പലരെക്കുറിച്ചും പറയാറുണ്ട്. എന്നാൽ അക്ഷരാർഥത്തിൽ അങ്ങനെ ഒരാൾ എന്നായിരുന്നു അദ്ദേഹത്തെ കണ്ട നിമിഷങ്ങളിൽ, സംസാരിച്ചിട്ടുള്ള നിമിഷങ്ങളിൽ എല്ലാം എനിക്കു തോന്നിയിട്ടുള്ളത്. തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം എന്തെന്ന് കൃത്യമായി തിരിച്ചറിഞ്ഞ് അതിനു വേണ്ടി അടിയുറച്ചു നിലകൊണ്ട ഒരു പച്ചമനുഷ്യൻ. അതിൽ നിൽക്കാൻ അദ്ദേഹം ആരെയും കൂസിയില്ല, ആരെയും വക വച്ചു കൊടുത്തതുമില്ല. എല്ലാവരെയും സന്തോഷിപ്പിക്കാൻ അദ്ദേഹം ഒന്നും ചെയ്തില്ല. അദ്ദേഹത്തിന്റെ അന്ത്യത്തോളം അത് നിലനിർത്തി എന്നാണ് എന്റെ ബോധ്യം. അദ്ദേഹത്തിന്റെ സ്വപ്നപദ്ധതിയായിരുന്നു പരുമലയിലെ കാൻസർ സെന്റർ. പിന്നീട് അദ്ദേഹത്തിനു രോഗം വന്നപ്പോൾ അവിടെയല്ലാതെ വേറെ എവിടെയും ചികിത്സിക്കാൻ പോകാൻ അദ്ദേഹം തയാറായില്ല. വിദേശരാജ്യങ്ങളിൽ കൊണ്ടുപോകാം എന്ന് പലരും വാഗ്ദാനം ചെയ്തെങ്കിലും അദ്ദേഹം അതെല്ലാം നിഷേധിച്ചു. താൻ നേതൃത്വം കൊടുക്കുന്ന ആശുപത്രിയിലെ ഡോക്ടർമാരെ അദ്ദേഹം അത്രയും ആദരിച്ചു എന്നർഥം. അതായിരുന്നു പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. അദ്ദേഹം വിട വാങ്ങുമ്പോൾ സ്നേഹത്തിന്റെ ഒരു വലിയ തണൽ വൃക്ഷം കടപുഴകിയതുപോലെ ശൂന്യത അനുഭവപ്പെടുന്നു. കണ്ണീർ പ്രണാമം.



എന്നെ തേടിവന്ന സുകൃതം, കാരുണ്യവും സ്നേഹവുമായി ആ ചൈതന്യം

ചിത്ര

ചില ആഗ്രഹങ്ങൾ ബാക്കിയാകും. അവ ഇനി നടക്കില്ലെന്നുകൂടി മനസ്സിലാകുമ്പോൾ ആ വേദന ഒരിക്കലും മാറാതെ നമ്മുടെ കൂടെയുണ്ടാകും. ബാവാ തിരുമേനിയെ ഓർക്കുമ്പോഴും എനിക്ക് അത്തരമൊരു വേദനയുണ്ട്. എങ്ങനെയാണ് ഇത്രയും ദൈവിക ചൈതന്യമുള്ള ആത്മീയാചാര്യൻ എന്റെ ജീവിതത്തിലെ താങ്ങും തണലുമായി വന്നതെന്ന് അറിയില്ല. എനിക്കു തിരുമേനിയേക്കുറിച്ചോ സഭയെക്കുറിച്ചോ ഒന്നുമറിയില്ലായിരുന്നു. ഒരു ദിവസം കുടുംബസുഹൃത്തും ചെന്നൈ വിജയ ഹോസ്പിറ്റലിലെ ഡയഗ്നോസ്റ്റിക് ഡിവിഷൻ മാനേജരുമായ ചെറിയാൻ തോമസ് വിളിച്ചു.



സഭ തുടങ്ങുന്ന പരുമല കാൻസർ ആശുപത്രിയുടെ അംബാസഡറായി വരാമോ എന്നു തിരുമേനി ചോദിച്ചതായി പറഞ്ഞു. ‘ഞങ്ങൾ വരാം’ എന്ന് ഒരു നിമിഷംകൊണ്ടുതന്നെ ഞാനും ഭർത്താവ് വിജയ് ശങ്കറും മറുപടി നൽകി. എന്നെ ഇതിലേക്കു നയിച്ചതു ഞാൻ ആരാധിക്കുന്ന ചൈതന്യം തന്നെയാകാം. പിന്നീടു തിരുമേനി ചെന്നൈയിൽ ഞങ്ങളുടെ വീട്ടിൽവന്നു. അതിലും വലിയ അനുഗ്രഹമുണ്ടോ ? പിന്നീടു പരുമല ആശുപത്രിയിലെ കാൻസർ വാർഡിനു ഞങ്ങളുടെ മകൾ നന്ദനയുടെ പേരിട്ടു. അത് വല്ലാത്തൊരു അനുഭവമായിരുന്നു.

ദൈവം നേരിട്ട് അനുഗ്രഹിച്ചുതന്ന പ്രസാദമെന്നു പറയാഞ്ഞങ്ങളുടെ കുട്ടിയെ കാലാകാലം ഇനി അവിടെ എത്തുന്നവർ ഓർക്കും. ഞങ്ങളുടെ കാലശേഷവും അവളുടെ ഓർമ ബാക്കിയുണ്ടാകും. അതിനു നിമിത്തമായതു തിരുമേനിയുടെ സാന്നിധ്യമാണ്.തിരുമേനി ആശുപത്രിലായതറിഞ്ഞുഞാനും വിജയൻ ചേട്ടനും ചെറിയാനുംകൂടി പോയിരുന്നു. അന്നു തിരുമേനിക്കുവേണ്ടി ഞാൻ പാടി. പാട്ടു മുഴുവനും തിരുമേനിയും കൂടെ പാടി. കൈകൂപ്പിനിന്നു പലരും അതു കേട്ടു. എനിക്കുള്ള അനുഗ്രഹം തിരുമേനി തുടരുകയായിരുന്നു.

ഇത്രയേറെ അനുഗൃഹീതനായ ഒരാൾ കൂടെപ്പാടുക എന്നത് സ്വപ്നങ്ങൾക്കും അപ്പുറത്താണ്. പാട്ടു തീർന്നപ്പോൾ ഞാൻ പറഞ്ഞു ”ഇനി ദേവലോകം അരമനയിൽ വന്നു കാണാം.” തിരുമേനി തലയിൽ കൈവച്ച് എന്നെ അനുഗ്രഹിച്ചു. ഇനി അരമനയിൽ തിരുമേനിയുണ്ടാകില്ല. അവിടെ പോയി സുഖമായിരിക്കുന്നതു കാണണമെന്ന ആഗ്രഹം ബാക്കിയാകുന്നു. എങ്കിലും കാരുണ്യവും സ്നേഹവുമായി ആ ചൈതന്യം ഞങ്ങളുടെ കൂടെയുണ്ടുമെന്ന് എനിക്കുറപ്പാണ്. ചിലരെ ജീവിതത്തിൽ കണ്ടുമുട്ടുന്നതു മുജ്ജന്മ സുകൃതം കൊണ്ടാകാം. തിരുമേനിയുടെ അടുത്തുനിൽക്കാനായി എന്നതും അത്തരമൊരു സുകൃതമാണ്. ഈശ്വരീയ സുകൃതം.





പ. ബാവായുടെ ഭൗതികദേഹം കബറടക്കത്തിനായി ദേവലോകം ചാപ്പലിൽ നിന്നു കബർ മുറിയിലേക്ക് കൊണ്ടു പോകുന്നു.

The Death of "an icon of the ineffable glory of God"

A TRIBUTE TO MY BELOVED BAVA THIRUMENI - FATHER IN THE FAITH

Fr. Alexander J. Kurien
Senior Executive, The White House
Washington DC, USA



Replete with sentiments of sincere grief and disbelief, our Holy Malankara Orthodox Syrian Church of India announced that today, July 12, His Holiness, the venerable Baselios Marthoma Paulose II, The Eighth Catholicos of the East in Malankara passed away in the Lord . He was 74 years old. His Holiness was enthroned as the Catholicos of the East & Malankara Metropolitan (the Supreme Head of the Malankara Orthodox Syrian Church of India) on Monday, 1st November 2010. His Holiness was the 91st Primate on the Apostolic Throne of St. Thomas. He was a genuine spiritual father to so many dedicated clergy and hierarchs, and a tireless worker in the vineyard of our Lord Jesus Christ. His wisdom and devotion inspired the faithful clergy and laity, and the believers in service to the Holy Church. I am blessed to have been touched by his grand presence as a spiritual father in my life.

He was truly a unique individual, "an icon of the ineffable glory of God." He was well educated, extremely intelligent, charismatic, visionary and pastoral. He was born to lead. I believe he was the last of the great ecclesiastical figures of the 21st century who "let his light so shine among men that they saw his good works and glorified our Father Who is in heaven" (Matthew 5, 15).

This man, who like an oak tree that offered its shade to the devout flock of the Indian Orthodox communities across the world, was born on 30th August 1946 in a village called Mangad near Kunnamkulam, Trissur District, Kerala as the son of the late Kollannur Iype and the late Pulikkottil Kunjeetty. He gained international recognition and became a vehicle through which the centuries-long tradition of the Orthodox spirit was expressed in the New World. It was in the New World where he sincerely and very fruitfully ministered to Orthodoxy in many capacities, a service for which the Church will remember him with great gratitude, praying that his memory be eternal. This hierarch of blessed memory, His Holiness Baselios Marthoma Paulose II, was a genuine bearer of the spirit of martyrdom of the Apostolic Throne of St. Thomas. He duly honored the Church, which honored him. He devoted himself to the ministry of the Orthodox Church through his final days.

His Holiness through the authority of his personality by words and deeds he advanced the faith and culture of the Universe. He was our inspiration, always the model of spiritual fatherhood and our guide in the pastoral responsibility for Christian souls. We will always remember his manifold accomplishments that benefited our Holy Church and our faithful across the world. We will never forget our indebtedness to his persevering love for all of us, and while we mourn his passing, we rejoice that His Holiness has "passed from death to life," resting with the saints in the heavenly Kingdom. The blessed soul of our Holiness is already in the hands of the Lord. He has returned to his first and true homeland, and for this we may be comforted knowing that in Christ he continually intercedes on our behalf. Please join me to fervently pray for the repose of his soul and for his worthiness to behold the face of the Great High Priest, our Lord Jesus Christ.

May the memory of our beloved Holiness be eternal and blessed.

❑

സാറാ ടീച്ചറുടെ പ്രിയ ശിഷ്യൻ




കോട്ടയം: സാറാ ടീച്ചറെ കാണുമ്പോൾ പരിശുദ്ധ കാതോലിക്കാ ബാവാ എഴുന്നേൽക്കും. വിളിക്കുന്നതു കൊച്ചമ്മേ എന്നും. തന്നെ കാണുമ്പോൾ എഴുന്നേൽക്കരുതെന്നു സാറാ മാത്യു പറഞ്ഞിട്ടുണ്ട്. പക്ഷേ ബാവാ കേൾക്കാറില്ലെന്നു മാത്രം. സി.എം.എസ്. കോളജ് സോഷ്യോളജി വിഭാഗം അധ്യാപികയായിരുന്നു സാറാ മാത്യു. 1972–75 കാലഘട്ടത്തിലാണു ബാവാ കോട്ടയം സി.എം.എസ് കോളജിൽ എം.എ സോഷ്യോളജി പഠിച്ചത്. അന്നത്തെ അധ്യാപികയാണു സാറാ മാത്യു. സോഷ്യോളജി വിഭാഗത്തിലെ അധ്യാപകരെ വിദ്യാർഥികൾ കൊച്ചമ്മ എന്നാണ് അന്നു വിളിച്ചിരുന്നത്.

പഠനത്തിൽ മിടുക്കൻ. ഒഴിവുസമയങ്ങൾ കണ്ടെത്തി സഹപാഠികളെ പഠനത്തിൽ സഹായിക്കും. ശാന്തസ്വഭാവമാണ്. ക്ലാസ് മുറികളിലെ തമാശക്കൂട്ടങ്ങളിൽ പങ്കെടുക്കും. ഉന്നത പദവികൾ കൈവന്നപ്പോഴും സൗഹൃദങ്ങൾ കാത്തുസൂക്ഷിച്ചു. സോഷ്യോളജി വിഭാഗത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിനു ക്ഷണിക്കാൻ എത്തിയ വിദ്യാർഥികളോടു തന്റെ ക്യാംപസ് ദിനങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. പഴയകാല കോളജ് ചിത്രം കാട്ടി സുഹൃത്തുക്കളെ പരിചയപ്പെടുത്തി' – സാറാ മാത്യു ഓർമിക്കുന്നു. 1999–ൽ വിരമിച്ച സാറാ മാത്യു കോട്ടയം നഗരത്തിലാണു താമസം.

നായകൻ വിട പറഞ്ഞു, പുസ്തകമിറങ്ങും മുൻപ് 'നിഷ്ക്കളങ്കതയുടെ സൗന്ദര്യം'

മാവേലിക്കര: നിഷ്ക്കളങ്കതയുടെ സൗന്ദര്യം കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ദർശനങ്ങൾ ഉൾക്കൊള്ളിച്ചു ഓഗസ്റ്റ് 30നു 75ാം ജന്മവാർഷികത്തിൽ പുറത്തിറങ്ങേണ്ടിയിരുന്ന പുസ്തകത്തിന്റെ പേരാണത്.



എഡിറ്റിങ് ജോലികൾ പുരോഗമിക്കവേ പുസ്തകത്തിന്റെ നായകൻ കാലം ചെയ്തതിന്റെ വേദനയിലാണ് സമാഹരണം നടത്തിയ ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ. മുതുകുളം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയും കോട്ടയം വൈദിക സെമിനാരി കമ്യൂണിക്കേഷൻ വിഭാഗം അധ്യാപകനുമായ ഫാ.ജോൺ തോമസ് കരിങ്ങാട്ടിൽ ആണ് പരിശുദ്ധ കാതോലിക്കാബാവയുടെ ജീവിതവും ദർശനവും ഉൾക്കൊള്ളുന്ന പുസ്തകം തയാറാക്കുന്നത്.

പന്തളം എൻഎസ്എസ് കോളജിൽ ബിരുദ വിദ്യാർഥി ആയിരിക്കെ 1985ൽ മാവേലിക്കരയിൽ നടന്ന എപ്പിസ്കോപ്പൽ സ്ഥാനാരോഹണത്തിന്റെ വാർത്ത മലങ്കര സഭ മാസികയ്ക്കു വേണ്ടി ഔദ്യോഗികമായി റിപ്പോർട്ട് ചെയ്ത ഫാ.ജോൺ തോമസ് ഇതുവരെ പരിശുദ്ധ കാതോലിക്കബാവയെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രസംഗങ്ങളെക്കുറിച്ചും 100 ലേഖനങ്ങൾ രചിച്ചിട്ടുണ്ട്.

മലങ്കര സഭയിൽ പ്രസിദ്ധീകരിക്കുന്ന മഹാപുരോഹിത സന്ദേശം എന്ന പംക്തിക്കായി 201319 കാലഘട്ടത്തിൽ പരിശുദ്ധ കാതോലിക്കാബാവയുടെ പ്രസംഗങ്ങൾ കേട്ട് ക്രോഡീകരിച്ചു 70 ലക്കങ്ങളിലേക്കു നൽകി. പരിശുദ്ധ കാതോലിക്കാബാവയെക്കുറിച്ചുള്ള 2 ഡോക്യുമെന്ററികൾക്കു സ്ക്രിപ്റ്റും എഴുതിയ ഫാ.ജോൺ തോമസ് കൂട്ടിച്ചേർക്കലുകൾ നടത്തി ഓഗസ്റ്റ് 30നു തന്നെ പുസ്തകം പ്രകാശനം ചെയ്യണമെന്ന ആഗ്രഹത്തിലാണ്.



പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തൃപ്പാദത്തിങ്കൽ പുഷ്പചക്രം സമർപ്പിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജെയിംസ് ഗീവർഗീസ്, ജോതിസ്സ് ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ എന്നിവർ സന്നിഹിതരായിരുന്നു.

സഭാ നടത്തിപ്പിന് അഞ്ചംഗ സമിതി; കുര്യാക്കോസ് മാർ ക്ലിമ്മീസ് അധ്യക്ഷൻ

പരുമല: ഓർത്തഡോക്സ് സഭയുടെ ഭരണ കാര്യങ്ങൾ നടത്താൻ സീനിയർ മെത്രാപ്പൊലീത്തായും തുമ്പമൺ ഭദ്രാസനാധിപനുമായ കുര്യാക്കോസ് മാർ ക്ലിമ്മീസിന്റെ അധ്യക്ഷതയിൽ അഞ്ചംഗ കൗൺസിൽ രൂപീകരിച്ചു. സുന്നഹദോസിന്റേതാണു തീരുമാനം. ഡോ. മാത്യൂസ് മാർ സേവേറിയോസ്, സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ് എന്നിവരാണ് അംഗങ്ങൾ.

സാമ്പത്തിക കാര്യ നടത്തിപ്പിനു കുര്യാക്കോസ് മാർ ക്ലിമ്മീസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് എന്നിവരടങ്ങുന്ന സമിതിയും രൂപീകരിച്ചു. ഒക്ടോബർ 14നു പരുമലയിൽ ചേരുന്ന മലങ്കര അസോസിയേഷനിൽ അധ്യക്ഷത വഹിക്കാൻ കുര്യാക്കോസ് മാർ ക്ലിമ്മീസിനെ ജൂലൈ മൂന്നിനു നൽകിയ കൽപനയിലൂടെ പരിശുദ്ധ ബാവാ ചുമതലപ്പെടുത്തിയിരുന്നു.

വിനയസ്മിതം

ഡോ. എം. കുര്യൻ തോമസ്

"*പഠിക്കാൻവേണ്ടി പ്രാർത്ഥിക്കുക*" അനേകർ അനുവർത്തിക്കുന്ന ഒന്നാണ്. പക്ഷേ അത് യഥാർത്ഥ ജീവിതത്തിൽ അക്ഷരാർത്ഥത്തിൽ പകർത്തിയ ഒരാളാണ് ഇന്നലെ കടന്നുപോയ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ.

കുന്നംകുളത്തെ ദരിദ്ര കർഷക കുടുംബത്തിൽ ജനിച്ച കെ. ഐ. പോൾ പ്രീഡിഗ്രിയും ഭൗതീക ശാസ്ത്രത്തിൽ ബിരുദവും പഠിച്ചത് തൃശൂർ സെന്റ് തോമസ് കോളജിലാണ്. ഡിഗ്രി പഠനകാലത്ത് കോളേജ് ഹോസ്റ്റലിൽ താമസിക്കാൻ സാമ്പത്തികസ്ഥിതി അനുവദിക്കാത്തതിനാൽ തൃശൂർ പടിഞ്ഞാറെക്കൊട്ട പള്ളി വക ദരിദ്ര വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ താമസമാക്കി. ഭക്ഷണം സ്വയം പാകം ചെയ്തു. എന്നിട്ടും തുശ്ചമായ ഹോസ്റ്റൽ ഫീസ് ആയ 10 രൂപ കൊടുക്കാൻ മാർഗ്ഗമില്ല.

ഈ ബുദ്ധിമുട്ട് മനസിലാക്കിയ ഹോസ്റ്റൽ വാർഡൻ കടവിൽ പൗലൂസ് ജഡ്ജി ഒരു നിർദ്ദേശം വെച്ചു. വാടക ഇളവുചെയ്യാം. പകരം രാവിലെയും വൈകിട്ടും പള്ളിയിൽ എണ്ണവിളക്ക് തെളിയിച്ച് നമസ്ക്കാരം നടത്തണം. പോൾ സന്തോഷപൂർവം നിർദ്ദേശം സ്വീകരിച്ചു.

അക്കാലത്ത് തൃശൂർ പടിഞ്ഞാറെക്കോട്ട സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയുടെ വികരിയായിരുന്ന ഫാ. സി. എം. തോമസ് ആണ് ഇന്ന് യാക്കോബായ വിഭാഗത്തിന്റെ മാർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ.

അങ്ങിനെ ആ പഠനം പൂർത്തിയാക്കി. അക്കാലത്തെ ഇംഗ്ലീഷ് അദ്ധ്യാപകരിൽ ഇന്നും ജീവിച്ചിരിക്കുന്ന ഒരാളാണ് സുപ്രസിദ്ധ ചരിത്രകാരനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരി. അവിടെനിന്നും വൈദീക വിദ്യാഭ്യാസത്തിനായി കുന്നംകുളം സ്വദേശിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ സ്ഥാപിച്ച കോട്ടയം പഴയസെമിനാരിയിലേയ്ക്ക്. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്ത, ഞാർത്താങ്കൽ കോരുത് മല്പാൻ തുടങ്ങിയവരുടെ കീഴിൽ പഠനം. തുടർന്ന് പടിപടിയായി മലങ്കരസഭയുടെ പരമാദ്ധ്യക്ഷ പദവിയിലേയ്ക്ക്.

സെമിനാരി പഠനത്തെത്തുടർന്ന് കോട്ടയം സി.എം.എസ്. കോളേജിൽനിന്നും സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയ ഫാ. കെ. ഐ. പോൾ പിന്നീട് കുന്നംകുളത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസ് ആയും മലങ്കരയുടെ മഹാചാര്യനായും ഉയർത്തപ്പെട്ടു. പക്ഷേ അപ്പോഴും പഴയ കുന്നംകുളം ദരിദ്ര കർഷകന്റെ എളിമ കൈവിട്ടില്ല. അദ്ദേഹം ഒരും "*നാണം കുണുങ്ങി*" ആയിരുന്നു എന്നു വേണമെങ്കിൽ പറയാം. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഒരു വ്യാഴവട്ടക്കാലം മുമ്പ് പ്രസിദ്ധീകരിച്ചതും ഇന്നും അധികംപേർ കാണാത്തതുമായ "*വിനയസ്മിതം*" എന്ന സ്മരണിക.



പൗലൂസ് ദ്വിതീയൻ ബാവായുടെ മെത്രാൻ സ്ഥാനാഭിഷേക രജത ജൂബിലിയോട് അനുബന്ധിച്ച് കുന്നംകുളത്തുനിന്നും പ്രസിദ്ധീകരിച്ച കെട്ടിലും മട്ടിലും മികച്ച ഒരു ചരിത്ര ഗ്രന്ഥമാണ് "*വിനയസ്മിതം.*" സ്വന്തം ജീവിതാനുഭവങ്ങൾ അദ്ദേഹം പങ്കുവെയ്ക്കുന്ന അഭിമുഖം അടക്കമുള്ള ഈ പ്രൗഢഗ്രന്ഥം കണ്ടവർ പക്ഷേ വിരളമാണ്. കാരണം ലളിതം: ഉള്ളടക്കത്തിൽ എതിർപ്പില്ലാതിരുന്നിട്ടും തന്നെക്കുറിച്ചുള്ള ഒരു പ്രകീർത്തന രചന പ്രചരിക്കുന്നതിൽ അദ്ദേഹത്തിന് കടുത്ത വൈമുഖ്യമുണ്ടായിരുന്നതിനാൽ അത് വിതരണം ചെയ്യുന്നതിനെ അദ്ദേഹം തടഞ്ഞു!



ഇതിനോട് ചേർത്തു വായിക്കേണ്ട ഒന്നാണ് അദ്ദേഹത്തിന് സെറാമ്പൂർ യൂണിവേഴ്സിറ്റി വെച്ചുനീട്ടിയ ഹോണററി ഡോക്ടറേറ്റ്. ഇന്ത്യയിലെ റോമൻ കത്തോലിക്കാ ഇതര വൈദീക സെമിനാരികളെല്ലാം അഫിലിയേറ്റ് ചെയ്തിട്ടുള്ള സെറാമ്പൂർ യൂണിവേഴ്സിറ്റി ഏതാനും വർഷം മുമ്പ് മാർ പൗലൂസ് ദ്വിതിയന് നൽകാൻ തീരുമാനിച്ച യസസ്ക്കര ഡോക്ടറേറ്റ് അദ്ദേഹം നിരസിച്ചു. കാരണം ലളിതം: എനിക്കതിന് യോഗ്യതയില്ല. വിശദീകരണം: "കഷ്ടപ്പെട്ട് പഠിച്ചുണ്ടാക്കിയ ഒരു ഡോക്ടറേറ്റ് എനിക്കുണ്ടായിരുന്നെങ്കിൽ ഞാനിതു സ്വീകരിച്ചേനെ. പക്ഷേ എനിക്കതില്ല." അതായിരുന്നു മാർ പൗലൂസ് ദ്വിതീയൻ.

സ്വദേശമായ കുന്നകുളത്തുനിന്നുമുള്ള അവസാന മുൻഗാമിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ തൊട്ടു പിന്നാലെയാണ് 112 വർഷത്തിനുശേഷം മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കടന്നു പോകുന്നത്. 1909 ജൂലൈ 11-ന് ആണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ കാലംചെയ്തത്. അദ്ദേഹത്തെ കബറടക്കിയത് കോട്ടയം പഴയ സെമിനാരിയിൽ. മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാലം ചെയ്തത് 2021 ജൂലൈ 12-നും. മുൻഗാമിയെപ്പോലെ കോട്ടയത്ത് അന്ത്യവിശ്രമം കൊള്ളണമെന്ന അന്ത്യകാലം വരെ ആവർത്തിച്ച തന്റെ ആഗ്രഹം ആദ്യം പ്രകടിപ്പിച്ചത് 2010-ൽ കാതോലിക്കാ സ്ഥാനമേറ്റ് ദിവസങ്ങൾക്കുള്ളിൽ. ആഗ്രഹം പോലെ പൗരസ്ത്യ കാതോലിക്കാമാരുടെ ഔദ്യോഗിക അന്ത്യവിശ്രമസ്ഥലമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ അദ്ദേഹം ഇന്ന് കബറടക്കപ്പെട്ടു. തന്റെ മാതൃകാ പുരുഷനായ പ. ബസേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമന്റെ കബറിടത്തിനു സമീപം. വിനയസ്മിതനായി.

❑

ആ നിർമ്മല മന്ദഹാസം ഇനി നമ്മുടെ ഓർമ്മയിൽ മാത്രം...

ഡോ. സിബി തരകൻ

വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം ആരംഭിക്കുന്നത് യേശു മലയിൽ കയറുന്ന ഒരു വാങ്മയ ചിത്രത്തോടെയാണ്.

അവിടെ നമ്മൾ ഇങ്ങനെ കാണുന്നു: 'അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്നശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. 2 അവൻ തിരുവായ്മൊഴിഞ്ഞു അവരോടു ഉപദേശിച്ചതെന്തെന്നാൽ: 3 "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു. 4 ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും. 5 സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും. 6 നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും. 7 കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. 8 ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. 9 സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. 10 നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു.'

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ കാതോലിക്ക ബാവായെക്കുറിച്ചു ഓർക്കുമ്പോൾ ഈ സുവിശേഷ ഭാഗമാണ് എപ്പോഴും ഓർമ്മയിൽ വരുന്നത്.

പരിശുദ്ധ ബാവാതിരുമേനി സമാധാനം ഉണ്ടാക്കുവാൻ ആഗ്രഹിച്ചവനും നീതി നിമിത്തം ഉപദ്രവിക്കപ്പെട്ടവനും കരുണയും ഹൃദയശുദ്ധിയും ഉള്ളവനും സൗമ്യതയുള്ളവനും നീതിക്കായി വിശന്നു ദാഹിച്ചവനും ദുഃഖം ഉള്ളിലൊതുക്കി മന്ദഹസിച്ചവനും ആയിരുന്നു.

അതുകൊണ്ടുതന്നെ ഈ പരിശുദ്ധ പിതാവ് സ്വർഗ്ഗരാജ്യത്തിന് അവകാശിയായിരിക്കുന്നു.

സഭാ കേസിൽ 2017 ജൂലൈ 3-നുണ്ടായ സുപ്രീംകോടതി യുടെ അന്തിമ വിധി സഭയിൽ സമാധാനം കൊണ്ടുവരുമെന്ന് തിരുമേനി വിശ്വസിച്ചു. എന്നാൽ നീതിന്യായ വ്യവസ്ഥയെ ബഹുമാനിക്കാൻ സന്നദ്ധരല്ലാത്ത വിഘടിത വിഭാഗം ഭരണഘടന അംഗീകരിച്ച് സമാധാനമുണ്ടാക്കാൻ ആഗ്രഹിച്ചില്ല. വ്യവഹാരങ്ങൾ നീട്ടിക്കൊണ്ടുപോകാനും രാഷ്ട്രീയ നേതൃത്വത്തെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും സമാധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കാനും അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.


നീതിക്കായി വിശന്നു ദാഹിച്ച ഈ പിതാവ് നീതിനിമിത്തം ഉപദ്രവിക്കപ്പെടുകയും പരിഹാസ പാത്രമാവുകയും ചെയ്തു.അദ്ദേഹത്തിന്റെ ആശ്രയം ദൈവവും നീതിന്യായ കോടതിയുമായിരുന്നു.

കരുണയും ഹൃദയശുദ്ധിയും സൗമ്യതയുമുള്ള ഈ പിതാവിന് എല്ലാവരും ദൈവമക്കളായിരുന്നു.

'ജാതി ഭേദവും മതദ്വേഷവും' ഈ പിതാവിന് അന്യമായിരുന്നു. അദ്ദേഹത്തിന്റെ സൗഹൃദയ വലയത്തിൽ എല്ലാ മതവിഭാഗത്തിലുമുള്ളവർ ഉണ്ടായിരുന്നു. വലിയവരെന്നോ ചെറിയവരെന്നോ ഉള്ള വ്യത്യാസം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. വേദശാസ്ത്രപാരംഗതൻ അല്ലായിരുന്നെങ്കിലും ദൈവം സ്നേഹമാണെന്നു അദ്ദേഹത്തിന് അറിയാമായിരുന്നു.

എത്ര തിരക്കുകളുണ്ടെങ്കിലും ആഴ്ചയിലൊരിക്കൽ അദ്ദേഹം ധ്യാനത്തിനും മനനത്തിനുമായി മാറ്റിവച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പോലെ ഓരോ പ്രസംഗവും പതുമയുള്ളതായിരുന്നു.

അറിവില്ലായ്മകൊണ്ടു ചെയ്ത അബദ്ധങ്ങളുടെ പേരിൽ അദ്ദേഹം ആരെയും ശിക്ഷിച്ചതായി അറിവില്ല. എന്നാൽ അറിഞ്ഞുകൊണ്ടു ചെയ്ത അപരാധങ്ങൾ അദ്ദേഹം ക്ഷമിച്ചിരുന്നില്ല. സാമ്പത്തിക അച്ചടക്കം അദ്ദേഹത്തിന് നിർബന്ധമായിരുന്നു.



പള്ളികളുടെയാണെങ്കിലും സ്ഥാപനങ്ങളുടെയാണെങ്കിലും വരവുചെലവ് കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്യുന്നതിനും പൊതുയോഗങ്ങളുടെ അനുമതിയോടെ സർക്കാരിന് സമർപ്പിക്കുന്നതിനും അദ്ദേഹം നിർബന്ധം കാണിച്ചു. അതുകൊണ്ടുതന്നെ പലർക്കുമുണ്ടായ നീരസം അദ്ദേഹം അവഗണിച്ചു.

രോഗികൾക്കും ആലംബഹീനർക്കും അദ്ദേഹത്തെ പ്രതീക്ഷയോടെ സമീപിക്കാമായിരുന്നു. സൗമ്യമായും കാരുണ്യത്തോടെയുമുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം ഹൃദയാവർജകവും സാന്ത്വനം നല്കുന്നതുമായിരുന്നു. സഭ ഒരു 'സൗഖ്യദായക ശുശ്രൂഷ' (Healing ministry) യാകണം എന്നു അദ്ദേഹം ആവർത്തിച്ചു പറഞ്ഞിരുന്നു. വേദനിക്കുന്ന ഹൃദയത്തെ ആശ്വസിപ്പിക്കുന്ന ശുശ്രൂഷ അദ്ദേഹത്തിന് മറ്റൊരു രഹസ്യ കൂദാശയായിരുന്നു. ആത്മഹത്യകളും അപകട മരണങ്ങളും ദുഃഖത്തിലാഴ്ത്തിയ കുടുംബങ്ങളെ അദ്ദേഹം വലിയ പബ്ലിസിറ്റിക്ക്



ഇടകൊടുക്കാതെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു.

സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ ചുമതലയിൽ വിപാസ്സാന വൈകാരിക സഹായ കേന്ദ്രം ആരംഭിച്ചപ്പോൾ അതിന്റെ ചാലക ശക്തിയായി പ്രവർത്തിച്ചത് പരിശുദ്ധ ബാവാ തിരുമേനിയുടെ ഈ കരുതലാണ്. വിപാസ്സ നയുടെ പ്രവർത്തനങ്ങളെ അദ്ദേഹം സ്നേഹപൂർവ്വം പ്രോത്സാഹിപ്പിച്ചു.

കോട്ടയം സ്റ്റുഡന്റ് സെന്ററിൽ വച്ച് അതിന്റെ ഉദ്ഘാടനം നടത്തിയത് അദ്ദേഹമാണ്. വിപാസ്സാനയുടെ പ്രവർത്തനത്തിലൂടെ 'ഒരു മനുഷ്യ ജീവൻ രക്ഷിക്കാൻ സാധിച്ചാൽ അത് ദൈവസന്നിധിയിൽ വിലയുള്ളതാണ്' എന്നു തിരുമേനി പ്രസ്താവിച്ചത് ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു.

അദ്ദേഹത്തിന്റെ ഓർമ്മശക്തി അത്ഭുതകരമായിരുന്നു! 1995-ലാണ് തിരുമേനിയെ പരിചയപ്പെടാൻ അവസരമുണ്ടായത്. അന്ന് അദ്ദേഹം കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായും ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമായിരുന്നു. യുവജനപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി ആയിരുന്ന ഫാ. ജോബ്സൺ കോട്ടപ്പുറത്തിന്റെ താല്പര്യമാണ് എന്നെ സെൻട്രൽ കമ്മിറ്റിയിലേക്ക് നയിച്ചത്.

പ്രസിഡന്റായിരുന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ കല്പന കിട്ടി ആദ്യ കമ്മിറ്റിക്ക് തിരുവല്ല ബഥനി അരമനയിൽ ചെല്ലുമ്പോൾ തിരുമേനി നേരത്തെതന്നെ എത്തിയിരുന്നു.

സെൻട്രൽ കമ്മിറ്റിയിൽ പ്രസിഡന്റ് തിരുമേനി മിക്കവാറും ഒരു ശ്രോതാവായി ഇരിക്കുകയും അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം ഇടപെടുകയും ചെയ്യുന്ന രീതിയായിരുന്നു.

നിരണം, കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി ഭദ്രാസനങ്ങളുടെ റീജിയണൽ സെക്രട്ടറിയായി യുവജന പ്രസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ തിരുമേനി ശ്രദ്ധിച്ചു. കോട്ടയം (പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി), നിരണം (തിരുവല്ല ബഥനി അരമന), കൊല്ലം (മാർ എപ്പിഫാനിയോസ് സെന്റർ, അടൂർ) ഭദ്രാസനങ്ങളിൽ നടത്തിയ സാഹിത്യ ശില്പശാലകളിൽ തിരുമേനി ഉദ്ഘാടകനായി പങ്കെടുത്ത് നേതൃത്വം നൽകി.

ഞാൻ ബാങ്കളൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിലേക്കും സാമ്പിയായിലെ മിൻഡോളോ എക്യുമെനിക്കൽ ഫൗണ്ടേഷനിലേക്കും പ്രവർത്തനം മാറികഴിഞ്ഞപ്പോൾ തിരുമേനിയുമായുണ്ടായിരുന്ന പഴയ ബന്ധം കാര്യമായി തുടരാൻ കഴിഞ്ഞില്ല.

പിന്നീട് 15 വർഷങ്ങൾക്കു ശേഷം വിപാസനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു ദേവലോകത്തു കാണാൻ ചെന്നപ്പോൾ ഇന്നലെ കണ്ടുപിരിഞ്ഞതു പോലെ ഈയുള്ളവനെ ഓർക്കുകയും പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയും സഹായങ്ങളും വാഗ്ദാനം ചെയ്യുകയുമുണ്ടായി. തിരുമേനി സത്യത്തിൽ എന്നെ അദ്ഭുതപ്പെടുത്തിക്കളഞ്ഞു!

ഒടുവിൽ കണ്ടത് കോവിഡിനു തൊട്ടു മുമ്പാണ്.വിപസ്സനയുടെ ഇപ്പോഴത്തെ ഡയറക്ടറും തിരുമേനിയുടെ അടുത്ത സുഹൃത്തുമായ ഡോ. ജോസഫ് പി. വർഗീസ് സാറിനോടൊപ്പം പരുമല ആശുപത്രിയിൽ ചെന്നപ്പോൾ ഏറെനേരം സംസാരിച്ചു. കൂടുതൽ സംസാരിക്കുന്നത് പ്രയാസമാകുമെന്നു കരുതി അര മണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ കൈമുത്തി യാത്ര പറഞ്ഞു.

തിരുമേനി വീണ്ടും ആരോഗ്യത്തോടെ തിരികെയെത്തും എന്നായിരുന്നു എല്ലാവരെയുംപോലെ എന്റെയും പ്രതീക്ഷയും പ്രാർത്ഥനയും.

പക്ഷെ ദൈവംതമ്പുരാന് തിരുമേനിയെക്കൊണ്ട് വേറെ ആവശ്യങ്ങൾ ഉണ്ടായിരുന്നു.

കാലം ചെയ്ത മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത ഒരിക്കൽ പറഞ്ഞതുപോലെ, നമ്മളാരും സ്വർഗത്തിൽ എത്തിയില്ലെങ്കിലും പരിശുദ്ധ ബാവാ തിരുമേനിക്ക് ദൈവം തമ്പുരാൻ അവിടെ സവിശേഷമായ ഒരു സ്ഥാനം കരുതിയിട്ടുണ്ട്!

❑



ഞങ്ങളുടെ സങ്കടങ്ങളും പെയ്തൊഴിയട്ടെ...

ഫാ. ടൂബി ഇടമറുക്

സങ്കടങ്ങൾ പകരാൻ ഇന്ന് വരെ പൂർണതയുള്ള വാക്കുകൾ ആരുടെ ജീവിതത്തിലും ഉണ്ടായിട്ടില്ല, ‘എന്റെ ദൈവമേ, എന്റെ ദൈവമേ നീയെന്നെ കൈവിട്ടത് എന്ത് ‘എന്ന വിലാപം പോലും... ദൈവപുത്രന്റെ നിലവിളിയെ അറിയാൻ വിലാവിൽ കുത്തിയവർക്കോ, അവന്റെ അങ്കിക്കായി ചീട്ടിട്ടവർക്കോ അറിയാതെപോയത് നാം വായിക്കേണ്ടതായി വരുന്നത് അതുകൊണ്ടു കൂടിയാണല്ലോ!

എന്തിനു കരഞ്ഞുതീരാത്ത മാർ പത്രോസും, തിരുവിലാവിൽ വിരൽ തൊടാൻ ശഠിച്ച മാർതോമയും പറഞ്ഞു തീരാത്ത സങ്കടത്തിന്റെ തുടർച്ചയല്ലേ??

 പ. പിതാവോ, ഏതെങ്കിലും ഇടവകയിലേക്ക് നിയമിക്കുന്ന വൈദികരോ തുടങ്ങി വെച്ചതല്ല മലങ്കരസഭാകേസ്. കാലത്തിന്റെ അനിവാര്യതയും, നിലപാടുകളും, പൂർവിക സൂരികളുടെ അപമാനത്തിന് വില കൊടുക്കേണ്ടി വരുന്ന നിയോഗവും ചേർന്നുവരുമ്പോൾ കാരണമില്ലാതെ കാലം അവരെ ശത്രുപക്ഷത്തു നിർത്തുന്നു


മുന്തിരിതോപ്പിന്റെ അവകാശിയോട് ദുഷ്ട ദാസർക്കു എന്നും പകയാണ്. ഇല്ലെങ്കിൽ അവകാശിയെ കൊന്നുകളയുന്ന പണിയാളുകളുടെ കഥ ഗുരു പറയേണ്ടിയിരുന്നില്ലല്ലോ..

ഒരിക്കൽ ഈയുള്ളവൻ പ. ബാവ തിരുമേനിയുടെ അടുക്കൽ അഭിഭാഷക ഫീസിന്റെ കാര്യത്തിൽ സംസാരിക്കാൻ പോയപ്പോൾ തുറന്നു ചോദിച്ചു

‘ബാവ ഈ തുക ഇനിയെത്ര നാളിങ്ങനെ നാം കൊടുക്കേണ്ടി വരും?? ഇതൊരു വല്ലാത്ത മാനസിക ഭാരമാണെനിക്ക്!

‘കുഞ്ഞേ ഇതു നാം മനസായിട്ട് ചെയ്യുന്നതല്ല.... ഇതോടു കൂടി ചിലപ്പോൾ എന്നെന്നേക്കുമായി ഈ വ്യവഹാര ഭാരം നമ്മെ വിട്ടു പോയെങ്കിലോ... കോടതിയിലേക്ക് നാമായിട്ട് പോയതല്ല.. നാം അതിലേക്കു വലിച്ചിഴക്കപ്പെട്ടതാണ്. കോടതി വഴി തന്നെ അതിനൊരു തീർപ്പുണ്ടാകട്ടെ... നമുക്ക് വ്യക്തിപരമായി ഒരുപാട് കാര്യങ്ങളിൽ എതിർ അഭിപ്രായം ഉണ്ട്

പക്ഷെ അകാരണമായി തെറ്റിദ്ധരിക്കപെടുകയും..പീഡിപ്പിക്കപെടുകയും ചെയ്ത നമ്മുടെ പിതാക്കന്മാരുടെ നിലപാടും, അവരോടൊപ്പം നിന്നവരുടെയും, അവരേറ്റ അപമാനങ്ങളുടെയും മുൻപിൽ നമുക്കൊരു കടപ്പാടുണ്ട്... അതിന്നു തെറ്റിദ്ധരിക്കപ്പെട്ടാലും നാളെയൊരിക്കൽ തിരിച്ചറിയപ്പെടും.‘.




കൈമുത്തി ദേവലോകം അരമനയിൽ നിന്നിറങ്ങുമ്പോൾ ആ മനസ്സ് സഭയെ ഹൃദയത്തിലേറ്റിടുത്തിരിക്കുന്ന ഭാവം. അതറിയാൻ ഈ ആയുസ്സ് പോരാ എന്ന് ഈയുള്ളവൻ തിരിച്ചറിയുകയായിരുന്നു...

സെമിനാരിയിൽ വന്നപ്പോൾ സമ്മാനമായി തന്ന ആ പുസ്തകത്തിന്റെ തലക്കെട്ടു വീണ്ടും ഓർത്തെടുത്തു, ‘പുരോഹിതൻ അവനു സ്വന്തമല്ല.’ തനിക്കു വേണ്ടി ഒരു നിമിഷംപോലും ജീവിച്ചില്ല പ. പിതാവ്. അതുകൊണ്ട് സ്നേഹിക്കപെട്ടവരുടെ തീവ്രസ്നേഹംപോലെ തന്നെ ചിലരുടെ തീവ്രമായ എതിർപ്പും അങ്ങേക്ക് കിട്ടി.

ഗുരുവിനു കിട്ടിയതിൽ കൂടുതൽ ശിഷ്യൻ പ്രതീക്ഷിക്കരുതല്ലോ അല്ലെ വേദനകളും, ദു:ഖവും, നെടുവീർപ്പുമില്ലാത്ത ലോകത്തേക്ക് അങ്ങെത്തി.... അവിടെത്തും വരെ... പറ്റുന്നപോലെ ഞങ്ങളുടെ സങ്കടങ്ങളും പെയ്തൊഴിയട്ടെ.

❑





ഇന്നു കബറക്കപ്പെട്ട പ. കാതോലിക്ക ബാവാ സെമിനാരി വിദ്യാർത്ഥിയായിരുന്ന കാലത്ത് സ്വന്ത കൈപ്പടയിൽ എഴുതിയെടുത്ത ആചാര്യന്മാരുടെ ഓർമ്മയ്ക്കായി ഉപയോഗിക്കുന്ന രണ്ടു ഗീതങ്ങൾ.

ഭാഗ്യവാനായ പിതാവേ! സമാധാനത്തോടെ പോവുക

ഡെറിൻ രാജു

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ (Catholicose of the east and Malankara Metropolitan) പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതിയൻ ബാവാ കാലം ചെയ്ത് തന്റെ ജനത്തോട് ചേർന്നിരിക്കുന്നു.

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ച 1912-നു ശേഷമുള്ള എട്ടാമത് കാതോലിക്കായായിരുന്നു അദ്ദേഹം. 1946 ൽ കുന്നംകുളത്ത് ജനിച്ച അദ്ദേഹം 1972-ൽ ശെമ്മാശനും തുടർന്നു 73-ൽ വൈദികനുമായി.1982-ൽ തിരുവല്ല എം.ജി.എം സ്കൂളിൽ വച്ച് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1985-ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് മേൽപ്പട്ടസ്ഥാനം സ്വീകരിച്ചു. തുടർന്ന് കുന്നംകുളം മെത്രാസനത്തിന്റെ മെത്രാപ്പോലീത്തയായി. 2006 ൽ പരുമലയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അദ്ദേഹത്തെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. മുൻഗാമി ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ പ്രായാധിക്യം മൂലം സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് 2010 നവംബർ 1-നു ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ എന്ന പേരിൽ പരുമല സെമിനാരിയിൽ വച്ച് പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. മലങ്കര സഭയുടെ ചരിത്രത്തിൽ ഏറ്റവുമധികം മെത്രാപ്പോലീത്താമാർ പങ്കെടുത്ത കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയായിരുന്നു അത്.

ഒട്ടേറെ ചരിത്രസംഭവങ്ങൾക്ക് പരിശുദ്ധ പിതാവിന്റെ കാലഘട്ടം സാക്ഷ്യം വഹിച്ചു. 2012-ൽ കാതോലിക്കേറ്റിന്റെ ശതാബ്ദി സമുചിതമായി ആഘോഷിക്കപ്പെട്ടു. 2015-ൽ അന്ത്യോഖ്യൻ പാത്രിയർക്കസ് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതിയൻ പാത്രിയർക്കീസുമായി അദ്ദേഹം നടത്തിയ കൂടിക്കാഴ്ച സഭാചരിത്രത്തിലെ തന്നെ നാഴികക്കല്ലാണ്. 2017 ജൂലൈ 3-നു ബഹു. സുപ്രീം കോടതി സഭാതർക്കത്തിൽ സുപ്രധാനമായ വിധിത്തീർപ്പ് പുറപ്പെടുവിച്ചു. സ്ത്രീകൾക്ക് പള്ളി ഇടവകകളുടെ ഭരണത്തിൽ പുരുഷൻമാർക്ക് തുല്യമായ അവസരം നൽകിയ ഭരണഘടനാഭേദഗതി ഉണ്ടായത് പരിശുദ്ധ പിതാവിന്റെ കാലത്താണ്.

കുന്നംകുളത്ത് നിന്നുള്ള ഒരു സാധാരണ ബാലൻ വൈദികനായും മെത്രാപ്പോലീത്തായായും അവസാനം പൗരസ്ത്യ കാതോലിക്കായുമായി തീർന്നപ്പോഴും കുന്നംകുളത്തിനോട് ഒരു പ്രത്യേക ഇഷ്ടം അദ്ദേഹത്തിനുണ്ടായിരുന്നു. കുന്നംകുളം തന്റെ ആദ്ധ്യാത്മികതയെ പരിപോഷിപ്പിച്ച നാടായിരുന്നു എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കുന്നംകുളം ജന്മം നൽകിയ മഹാനായ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമന്റെ ഓർമ്മ പെരുന്നാളിൽ തന്നെയാണ് അദ്ദേഹവും വിടവാങ്ങിയത് എന്നത് ഒരു യാദൃശ്ചികത.

പുലിക്കോട്ടിൽ തിരുമേനിയുമായി പരിശുദ്ധ പിതാവിനുണ്ടായിരുന്ന മറ്റൊരു സാമ്യം പരുമലയിലെ പുണ്യഭൂമിയോടുള്ള ഭക്തിയായിരുന്നു. ഏത് ദുർഘട ഘട്ടത്തിലും പരുമല കൊച്ചുതിരുമേനിയോട് പ്രാർഥിക്കാൻ ഏൽപ്പിച്ചിരുന്ന പുലിക്കോട്ടിൽ തിരുമേനി കൊച്ചുതിരുമേനിയുടെ മരണശേഷവും ആ പതിവ് തുടർന്നിരുന്നു. പരിശുദ്ധ പിതാവും പരുമലയിലെ ആ പുണ്യഭൂമിയെ അത്രയേറ തന്റെ ഹൃദയത്തോട് ചേർത്തു നിർത്തിയിരുന്നു. ഏത് പ്രതിസന്ധിയേയും അതിജീവിക്കുവാൻ അത് ഊർജമായിരുന്നു; പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത ഒരു വലിയ ധൈര്യവുമായിരുന്നു.

പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതവും നസ്രാണി പൈതൃകവും ഒരേ പോലെ പ്രധാനപ്പെട്ടതായി അദ്ദേഹം പരിഗണിച്ചു. എല്ലാ മാസവും ആചരിക്കുന്ന പൂർണ്ണ മൗനത്തിലൂടെ അദ്ദേഹം തന്റെ ആത്മാവിനെ സദാ പോഷിപ്പിച്ചു



പുലിക്കോട്ടിൽ തിരുമേനിയുമായി പരിശുദ്ധ പിതാവിനുണ്ടായിരുന്ന മറ്റൊരു സാമ്യം പരുമലയിലെ പുണ്യഭൂമിയോടുള്ള ഭക്തിയായിരുന്നു. ഏത് ദുർഘട ഘട്ടത്തിലും പരുമല കൊച്ചുതിരുമേനിയോട് പ്രാർഥിക്കാൻ ഏൽപ്പിച്ചിരുന്ന പുലിക്കോട്ടിൽ തിരുമേനി കൊച്ചു തിരുമേനിയുടെ മരണശേഷവും ആ പതിവ് തുടർന്നിരുന്നു.

കൊണ്ടിരുന്നു. സഭാ സ്വാതന്ത്ര്യം ബലി കൊടുക്കാൻ താൻ തയ്യാറല്ല എന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞു.

ഒരു മഹത്ചരിതം ഇവിടെ അവസാനിക്കുകയാണ്. എക്കാലത്തേക്കും ഓർത്തു വയ്ക്കുവാനുള്ള ഒരു വലിയ ശേഷിപ്പ് ഇവിടെ അവസാനിപ്പിച്ച് തിരശ്ശീലയ്ക്ക് അപ്പുറത്തേക്ക് ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവാ മറയുകയാണ്. അങ്ങേയുടെ യാത്ര ചോദിക്കലിനു മറുമൊഴിയായി വിശ്വാസ സഹസ്രങ്ങൾ വിട പറയുന്നു; "ഭാഗ്യവാനായ പിതാവേ! സമാധാനത്തോടെ പോവുക! സന്തോഷമണവറയിൽ ഞങ്ങൾ അങ്ങയെ കാണുമാറാകട്ടെ..!"



പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ കുടുംബാംഗങ്ങൾ പരുമലയിൽ എത്തി അദ്ദേഹത്തിൻറെ ഭൗതിക ശരീരത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു.

ദരിദ്രരുടെയും ദുർബലരുടേയും ഉന്നമനത്തിന് സ്വന്തം ജീവിതം ഉഴിഞ്ഞുവെച്ച വലിയ മനസ്സ്

മോഹൻലാൽ

മലങ്കര ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ വിയോഗം, വിശ്വമാനവികതയുടെ തന്നെ തീരാദുഃഖമാണ്. ദുഃഖിതരുടേയും ദരിദ്രരുടെയും ദുർബലരുടേയും ഉന്നമനത്തിന് സ്വന്തം ജീവിതം തന്നെ ഉഴിഞ്ഞുവെച്ച ഒരു വലിയ മനസ്സാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അദ്ദേഹത്തോടൊപ്പം സഹകരിച്ചുകൊണ്ട് പല പദ്ധതികളും ആസൂത്രണം ചെയ്തിരുന്നു. ഈ ആദരാഞ്ജലിക്കുറിപ്പ് എഴുതുമ്പോഴും അദ്ദേഹത്തിന്റെ വിടവാങ്ങലേകിയ ശൂന്യത എന്റെ മനസ്സിൽ നിന്ന് മായുന്നില്ല .



NCCI remembers HH Basileos Marthoma Paulose II

The National Council of Churches in India is saddened to receive the news of the demise of H H Basileos Marthoma Paulose II, Catholicos of the East, Malankara Metropolitan, Supreme Head of the Malankara Orthodox Syrian Church who has entered eternal rest on Monday the 12th July 2021. May his memory be eternal and blessed.

We remember with gratitude to God the ministries of His Holiness within the Malankara Orthodox Syrian Church, in the global orthodox communion and in the Indian and global ecumenical settings. We thank God for the spiritual leadership that His Holiness has given to the Church and in particular to the Episcopal synod and the clergy of the Malankara Orthodox Syrian Church.

The leadership of the National Council of Churches in India has fond memories of being warmly received by His Holiness during the many visits to the Catholicate Palace in Kerala. His Holiness' visits to the St. Thomas Orthodox Theological Seminary in Kalmeshwar, Nagpur, were always occasions for close interactions on issues relating to the Church and ecumenism. His Holiness' visits to the NCCI headquarters have been joyous occasions of warmth and friendship.

The warmth and friendliness, and the smile on his face that puts one at ease, endeared His Holiness to one and all. Despite the important and venerable position he was bestowed with, His Holiness was accessible on all matters of ecumenical interests and was keen to dialogue on matters that were of concern.

The Most Reverend Dr. P C Singh, President of the National Council of Churches in India has conveyed his deep sympathies and condolences at the death of His Holiness. He said, "The death of His Holiness Basileos Marthoma Paulose II, Catholicos of the East, Malankara Metropolitan, is a great loss to the Malankara Orhodox Syrian Church and to the NCCI family. We pray to God to give peace and solace to the members of the Episcopal synod, the clergy and the members of the church at this time of grief and mourning".""We pray to God Almighty to bestow the Church with wisdom and guidance at this time of mourning to remember with gratitude the life of blessedness of His Holiness, and rededicate oneself individually and together as the Body of Christ, to a life of faithful obedience and relevant witness to our common Lord and Saviour Jesus the Christ.

Rev. Asir Ebenezer
General Secretary, NCCI



കാലം ചെയ്ത പ. കാതോലിക്കാ ബാവായെ അനുസ്മരിച്ചു കൊണ്ട് ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപോലീത്താ ജൂലൈ 14-നു വിശുദ്ധ കുർബാന അർപ്പിച്ചു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപോലീത്ത സഹകാർമികത്വം വഹിച്ചു.



ഹൃദയങ്ങൾ കീഴടക്കിയ ഗന്ധർവനും ആ സ്നേഹത്തിനു മുൻപിൽ തല താഴ്ത്തി നിൽക്കുന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



പരിശുദ്ധ പിതാവേ സമാധാനത്തോടെ പോവുക

തോമസ് ജോർജ് മാമ്പള്ളിൽ

മലങ്കരയുടെ മോറാൻ തന്റെ മുൻഗാമി സഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവനസിയോസ് രണ്ടാമൻ തിരുമേനിയുടെ ഓർമ്മ ദിനത്തിൽ തന്നെ ഈ ലോകത്തിൽ നിന്നും കടന്നു പോയി.

അവസാനമായി പിതാവേ അങ്ങയെ ഒരു നോക്കു കാണാൻ ഏറെ കൊതിച്ചു ഈയുള്ളവൻ നിർഭാഗ്യവശാൽ ഈ കെട്ട കാലത്ത് അതിന് സാധിച്ചില്ല.. മാപ്പ്.. ഇമ്പങ്ങളുടെ പറുദീസയിൽ വീണ്ടും കാണാം എന്ന് പ്രത്യാശിക്കുന്നു.

സ്നേഹിക്കുവാനും, കരുതുവാനും മാത്രം അറിയാമായിരുന്ന മഹാപുരോഹിതൻ.. അതെ സമയം ചുറ്റുമുള്ള ചില കപട സഭാ സ്നേഹികളാൽ അങ്ങയെ പലപ്പോഴും അങ്ങയുടെ തീരുമാനങ്ങളിൽ മാറ്റം വരുത്താൻ മുൾമുനയിൽ അങ്ങയെ നിർത്താൻ ശ്രമിക്കുകയും, തന്മൂലം ലോകത്തിനു മുൻപിൽ, അപഹാസ്യനാകുകയും, വളരെ അധികം തെറ്റുധരിക്കപ്പെടുകയും, വിമർശിക്കപ്പെടുകയും, ചെയ്ത മറ്റൊരു കാതോലിക്ക ഉണ്ടാകുമോ എന്ന് സംശയം ആണ്. എല്ലാം ഉൾകൊണ്ട്, തന്റെ നട്ടെല്ലുപോലെ ഉറച്ച നിലപാടുകൾ എടുക്കുമ്പോഴും, 'എന്റെ ജീവനേക്കാൾ വലുത്, എന്റെ സഭയും, എന്റെ ജനങ്ങളും, എന്ന് മാത്രം പറഞ്ഞു അവസാനം വരെ നെഞ്ചോട് ചേർത്തുപിടിച്ചു നമ്മളെ അനുഗ്രഹിച്ച മഹിതാചാര്യൻ. 'പിതാവേ സന്തോഷമായി മടങ്ങുക.., നന്മകൾ മാത്രം ഉള്ള ലോകത്തു അങ്ങ് ഇനി ആദരിക്കപ്പെടുമാറാകട്ടെ....'

സത്യസന്ധമായ നിലപാടുകൾക്കൊണ്ട എന്നെ ഇത്രെയേറെ വിസ്മയിപ്പിച്ച ഒരു സഭാപിതാവ് വേറെയില്ല. മലങ്കര സഭ ഒരു വ്യവഹാരരഹിത സഭയാകണമെന്ന് വളരെയേറെ ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി ഏതു ദുഷിയും സാരമില്ലെന്ന് കരുതി തന്റെ നിലപാടിൽ വന്ദ്യപിതാവ് ഉറച്ചുനിന്നു. സഭാതർക്കത്തിലെ അദ്ദേഹത്തിന്റെ നിലപാടുകൾ വ്യക്തവും ശക്തവുമായിരുന്നു. സഭാഭരണഘടനയനുസരിച്ചുള്ള സഭാസമാധാനത്തിനു എന്നും സന്നദ്ധനായിരുന്നു. പക്ഷെ വളയമില്ലാതെ ചാടാൻ മോഹിച്ചിരുന്നവർ പിതാവിന്റെ നിലപാടുകളെ പുച്ഛിച്ചുതള്ളി. സ്വാർത്ഥലാഭത്തിനു വേണ്ടി സഭയെ രണ്ടാക്കാൻ ശ്രമിക്കുന്നവരുടെ നിലപാടുകൾ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല, അതിനദ്ദേഹം ഏറ്റ മാനസികപീഡനങ്ങൾ, സഹനങ്ങൾ ചിന്തിക്കാൻ കഴിയുന്നതിനു അപ്പുറമായിരുന്നു. അതികഠിനമായരോഗം വന്നപ്പോൾ പോലും തന്റെ കൂടെ പ്രയത്നഫലമായി രൂപം കൊടുത്ത പരുമല കാൻസർ സെന്ററിൽ ചികിത്സ മതിയെന്ന് തീരുമാനമെടുത്ത അദ്ദേഹത്തിന്റെ നിലപാട് സഭയോടും പരിശുദ്ധ പരുമല തിരുമേനിയോടുമുള്ള അദ്ദേഹത്തിന്റെ അഗാധമായ സ്നേഹവും ഭക്തിയും വെളിപ്പെടുത്തുന്നതായിരുന്നു. വന്ദ്യപിതാവേ കണ്ണീരോടെ വിട.

സ്പീക്കർ അനുശോചിച്ചു

തിരുവനന്തപുരം: മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ നിര്യാണത്തിൽ നിയമസഭാ സ്പീക്കർ എം. ബി. രാജേഷ് അനുശോചിച്ചു. സാധാരണക്കാരുടെ ജീവിതത്തെ അടുത്തറിയുകയും അശരണരുടെ കണ്ണീരൊപ്പുകയും ചെയ്ത അദ്ദേഹത്തിന്റെ നിര്യാണം കേരളത്തിന് വലിയ നഷ്ടമാണ് എന്ന് സ്പീക്കർ അനുശോചന സന്ദേശത്തിൽ അറിയിച്ചു. സഭാംഗങ്ങളുടെ ദുഃഖത്തിൽ സ്പീക്കറും പങ്കുചേർന്നു.

മനുഷ്യസ്നേഹത്തിന്റെ മഹനീയ മാതൃക

റോഷി അഗസ്റ്റിൻ

(ജലവിഭവ വകുപ്പ് മന്ത്രി)

ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ വേർപാടോടെ നഷ്ടമാകുന്നത് മനുഷ്യ സ്നേഹത്തിന്റെ മഹനീയ മാതൃകയാണ്. അശരണർക്കും ആലംബഹീനർക്കും എന്നും തുണയായിരുന്നു പിതാവ്. ലളിത ജീവിതത്തിലൂടെ ലോകത്തിന് മാതൃക കാട്ടിയ മഹനീയ വ്യക്തിത്വം.

സഹജീവികളോട് കാരുണ്യത്തോടെ പെരുമാറിയിരുന്ന പിതാവിന്റെ വേർപാട് വ്യക്തിപരമായി ഏറെ വേദനിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകുന്നതിനും രോഗികൾക്ക് ചികിത്സാ സഹായം നൽകാനും പിതാവ് എക്കാലവും താൽപ്പര്യം എടുത്തിരുന്നു. സ്നേഹസ്പർശം കാൻസർ കെയർ പദ്ധതിയൊക്കെ ഇതിന്റെ ഉദാഹരണമാണ്. മദ്യത്തിനും മയക്കുമരുന്നിനുമെതിരേയുള്ള പോരാട്ടത്തിൽ മുൻപന്തിയിൽ തന്നെ നിന്നു.

നിർദ്ധന കർഷക കുടുംബത്തിൽ ജനിച്ച ബാവായ്ക്ക് സാധാരണക്കാരന്റെ പ്രയാസങ്ങൾ മനസിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. തന്റെ കയ്യിലുള്ള പണം സഭയുടെതാണെന്നും അത് സഭയുടെ നന്മയ്ക്കും മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയാണെന്നും ഉള്ള ചിന്തയാണ് അദ്ദേഹത്തെ നയിച്ചിരുന്നത്.

വിശ്വാസത്തിനും വിശ്വാസികൾക്കും വേണ്ടി നിലകൊണ്ട് സഭാ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം കേരളത്തിന്റെ മതേതരത്വം സംരക്ഷിക്കാനും പിതാവ് പ്രത്യേക താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു. പിതാവിന്റെ വിയോഗത്തിൽ സഭയുടെയും വിശ്വാസികളുടെയും ദുഃഖത്തിൽ പങ്കുചേരുന്നു.

സഭയിലും സമൂഹത്തിലും സമുന്നതൻ

സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

കാലംചെയ്ത പൗലോസ് ദ്വിതീയൻ കാത്തോലിക്ക ബാവ തിരുമേനി സഭയിലും സമൂഹത്തിലും സമുന്നതസ്ഥാനം അലങ്കരിച്ചിരുന്ന വിശിഷ്ട വ്യക്തിത്വമായിരുന്നു. അദ്ദേഹവുമായി ദീർഘകാലത്തെ സൗഹൃദമാണ് ഉള്ളത്. നിരവധി വേദികളിൽ ഒരുമിച്ച് പങ്കെടുക്കുകയും മതേതരമായ നിലപാടുകളിൽ തന്നെ പിന്തുണയ്ക്കുകയും ചെയ്തിട്ടുണ്ട്. സഭയ്ക്കുള്ളിൽ തിരഞ്ഞെടുപ്പുകൾക്ക് സ്ത്രീകൾക്ക് വോട്ടവകാശം നൽകിയതു വിപ്ലവകരമായ നടപടിയായിട്ടാണ് കാണപ്പെടുന്നത്. അശരണരായ കാൻസർ രോഗികളെ സഹായിക്കാൻ സ്നേഹസ്പർശം പദ്ധതി ആരംഭിച്ച് അവർയി ഹോസ്പിറ്റൽ ആരംഭിക്കുകയും ചെയ്തത് തിരുമേനിയുടെ സമൂഹത്തോടുള്ള കരുതലാണ്.

സമൂഹത്തിൽ ഇന്ന് നടമാടുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ അങ്ങനെ നിരവധി കർമ്മമണ്ഡലത്തിൽ തിരുമേനി വ്യാപരിക്കുകയും അതിലൊക്കെ നിസ്തുലമായ സംഭാവനകൾ നൽകിയതും ഈ അവസരത്തിൽ അനുസ്മരണീയമാണ്. വളരെ സാധാരണ കർഷക കുടുംബത്തിൽ നിന്നും സഭയുടെ ഉന്നതതലത്തിലേക്ക് കഷ്ടപ്പാടിലൂടെയും ത്യാഗത്തിലൂടെയും വളർന്നുവന്ന പൗലോസ് ദ്വിതീയൻ തിരുമേനിയുടെ ജീവിതം വളരെ പ്രചോദനകരമാണ്.

മതസൗഹാർദത്തിന്റെയും കരുണയുടെയും സന്ദേശം ഉയർത്തിപ്പിടിച്ചു

സയ്യിദ് സാദിക്ക് അലി ശിഹാബ് തങ്ങൾ



മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നിര്യാണത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പൗരസ്ത്യ കാതോലിക്കാ ബാവായും മലങ്കര മെത്രാപ്പൊലീത്തയുമായ അദ്ദേഹം സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾ വലുതാണ്. മതസൗഹാർദത്തിന്റെയും കരുണയുടെയും സന്ദേശം ഉയർത്തിപ്പിടിച്ച അദ്ദേഹം സമൂഹത്തിനു സേവനം പകരുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തി. കാതോലിക്കാ ബാവായുടെ 70-ാം ജന്മദിനത്തോടനുബന്ധിച്ച് തുടക്കമിട്ട 'സ്നേഹ സ്പർശം' പദ്ധതി ഇതിന്റെ ഉദാഹരണമാണ്. സൗജന്യ കാൻസർ ചികിത്സ നൽകുന്ന പദ്ധതിയാണിത്.

കോഴിക്കോട് പറമ്പിൽക്കടവ് എംഎഎം യുപി സ്കൂൾ വിദ്യാർഥിയും ഭിന്നശേഷിക്കാരനുമായ എം. എം. അനുഗ്രഹിനെയും സഹപാഠി ഫാത്തിമ ബിസ്മിയെയും കാണാൻ മാത്രമായി മൂന്നു വർഷം മുൻപ് കാതോലിക്കാ ബാവാ കോഴിക്കോട് എത്തിയത് ഓർക്കുന്നു. സെറിബ്രൽ പാൾസി ബാധിച്ചതിനാൽ നടക്കാൻ കഴിയാത്ത അനുഗ്രഹിനെ സ്കൂളിൽ എല്ലാ കാര്യങ്ങളിലും സഹായിക്കുന്നത് ഫാത്തിമയാണ്. ഇരുവരെയും വീട്ടിലെത്തി അനുമോദിച്ച അദ്ദേഹം, തുടർന്ന് കോട്ടയം ദേവലോകം സഭാ ആസ്ഥാനത്തേക്ക് അവരെ ക്ഷണിച്ചു. അഞ്ചു ലക്ഷം രൂപയുടെ സ്നേഹസമ്മാനം മാത്രമല്ല അദ്ദേഹം ആ കുട്ടികൾക്ക് നൽകിയത് റെയിൽവേ സ്റ്റേഷനിൽ നേരിട്ടെത്തി ഇരുവരെയും സ്വീകരിക്കുകയും അരമനയിൽ കൊണ്ടുപോയി നേരിട്ട് ഭക്ഷണം വിളമ്പിക്കൊടുക്കുകയും ചെയ്തു. കരുണയും മാനവികതയും ഉയർത്തിപ്പിടിച്ച വലിയ ഇടയനാണ് കടന്നുപോകുന്നത്. സഭയുടെ പരമാധ്യക്ഷനായി ഉയരങ്ങളിൽ നിൽക്കുമ്പോഴും ഏറ്റവും സാധാരണക്കാരുടെ വേദനകൾ കണ്ടറിയുകയും ആശ്വസിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ വിയോഗം സഭയ്ക്കും സമൂഹത്തിനും വലിയ നഷ്ടമാണ്. സഭാ വിശ്വാസികളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. അദ്ദേഹം ഉയർത്തിപ്പിടിച്ച മനുഷ്യസ്നേഹത്തിന്റെ മാർഗദീപം കെടാതെ നമുക്കു സൂക്ഷിക്കാം.

കുന്നങ്കുളത്തിനടുത്ത് പഴഞ്ഞിയിൽ സെന്റ് മേരീസ് കത്തീഡ്രലിൽ കാതോലിക്കാ ബാവക്ക് നല്കിയ സ്വീകരണത്തിൽ ഞാനും പങ്കെടുത്തിരുന്നു. ❑



പ. കാതോലിക്കാ ബാവായുടെ നിര്യാണത്തിൽ വ്ളാഡിമിർ തിയോളജിക്കൽ സെമിനാരി സെക്രട്ടറിയുടെ അനുശോചനക്കുറിപ്പ്.

ST VLADIMIR'S ORTHODOX THEOLOGICAL SEMINARY

Your Grace,

The seminarians, faculty, and staff of St Vladimir's Orthodox Theological Seminary offer our prayers and sincere condolences upon the falling asleep in the Lord of His Holiness, Moran Mar Baselios Marthoma Paulos II, the Catholicos of the East and Supreme Head of the Malankara Orthodox Syrian Church.

We treasure the Seminary's ties to the Malankara Orthodox Church through her clergy and faithful who have been counted among our seminarians, teachers, staff, and friends over the years. His Holiness was a kind and prayerful servant of Christ, and the loss of his caring pastoral leadership will be deeply felt in India and everywhere in the world where Malankara Orthodox Christians live and bear witness to the Lord.


May the memory of His Holiness be eternal! May he rest in peace and rise in glory!

Yours faithfully in Christ Jesus,

The Very Reverend Dr. Chad Hatfield,

President & Professor of Pastoral Theology

ഓർമ്മചിത്രങ്ങൾ



പുതിയ ഇടയൻ: കുന്നംകുളം ഭദ്രാസനാധിപനായി പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പ സ്ഥാനമേൽക്കുന്നു. ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പ സമീപം.

മാർ മിലിത്തിയോസ് സ്ഥാനമേററു

സ്വന്തം ലേഖകൻ

കുന്നംകുളം: ഓർത്തഡോക്സ് സ...യുടെ കുന്നംകുളം ഭദ്രാസനാധിപ...ായി പൗലോസ് മാർ മിലിത്തി...യോസ് എപ്പിസ്കോപ്പ സ്ഥാന...മേററ ഇന്നലെ പരിശുദ്ധ കാതോ...ലിക്കാ ബാവായ്ക്കും പുതിയ ഭ...ദ്രാസനാധിപനും അദ്ദേഹത്തോടൊ...ം വാഴിച്ച മെത്രാൻമാർക്കും കു...ന്നംകുളം ആർത്താററ് മഹാ ഇടവക ...മ്പിച്ച വരവേൽപ്പു നൽകി.

മാർ മിലിത്തിയോസ് എപ്പിസ്...കോപ്പയെ ഭദ്രാസനാധിപനായി അ...വരോധിക്കുന്ന 'സുന്ത്രോണീസോ' ...ശുശ്രൂഷ ഭദ്രാസന ആസ്ഥാനമായ ...ആർത്താററ് സെൻററ് മേരീസ് പ...ള്ളിയിൽ ബാവായുടെ പ്രധാന കാ...ർമ്മികത്വത്തിലാണു നടന്നത്. മെ...ത്രാപ്പോലീത്തമാരായ യൂഹനോൻ ...സേവേറിയോസ്, ...

...കോപ്പമാരായ മാർ അത്തനാസിയോസ്, മാർ ഈവാനിയോസ്, മാർ യൗസേബിയോസ് എന്നിവരും ശുശ്രൂഷയിൽ സംബന്ധിച്ചു.

സെൻററ് മേരീസ് പള്ളി കത്തീഡ്രലായി പ്രഖ്യാപിച്ച ബാവ മാർ മിലിത്തിയോസിന് അധികാരപത്രം നൽകി.

തുടർന്ന് ആർത്താററ് പള്ളിയിൽ നിന്നു കുന്നംകുളം പഴയ പള്ളിയിലേക്കു നടത്തിയ വർണശബളവും ഭക്തിനിർഭരവുമായ സ്വീകരണ ഘോഷയാത്രയിൽ ഭദ്രാസനത്തിലെയും സമീപ പ്രദേശങ്ങളിലെയും നൂറുകണക്കിനു വിശ്വാസികളും കുരുത്തോലയും കാതോലിക്ക ...

...ലങ്കരിച്ച രഥത്തിൽ ബാവായോടൊത്തു മെത്രാൻമാരായ മാർ അത്താനാസിയോസ്, മാർ ഈവാനിയോസ്, മാർ യൗസേബിയോസ്, മാർ മിലിത്തിയോസ് എന്നിവരും ഭദ്രാസന സെക്രട്ടറി കൂടിയായ ഇടവക വികാരി ഫാ. പീററർ ചെറുവത്തൂരും ഉപവിഷ്ടരായിരുന്നു.

പൈലററ് വാഹനത്തിനു പിന്നിലായി പൊൻവെള്ളി കുരിശുകൾ നിരന്നു. ട്രസ്ററി സി. ഐ. മാത്യുവിൻെറ നേതൃത്വത്തിലുള്ള കാതോലിക്ക പതാകവാഹകരുടെ പിന്നാലെ മുത്തുക്കുടകളേന്തിയവർ നീങ്ങി. പിന്നാലെ മാർത്തോമ്മാ ...

...ക്തിയും കൂറും പ്രഖ്യാപിക്കുന്ന മുദ്രാവാക്യങ്ങളുമായി വിവിധ ഇടവകാംഗങ്ങളും അണിനിരന്നു.

വിവിധ സ്കൂൾ ബാൻഡും ബൈബിൾ ടാബ്ളോകളും ഘോഷയാത്രയ്ക്കു മാററുകൂട്ടി.

തുടർന്നു പഴയപള്ളി അങ്കണത്തിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ ബാവ ആധ്യക്ഷ്യം വഹിച്ചു. കൽദായ മെത്രാപ്പോലീത്ത ഡോ. മാർ അപ്രേം സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ പ്രസംഗിച്ചു.

ഫാ. പി. എം. ജോസ് എഴുതിയ 'പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ്' എന്ന ഗ്രന്ഥം മാർ യൗസേബിയോസ് എപ്പിസ്കോപ്പയ്ക്ക് ...

ഓഗസ്റ്റ് 29, 1985. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണിസോ ശുശ്രൂഷ.



കത്തോലിക്കാ സഭയുടെ പിതാക്കന്മാർ ആദരാഞ്ജലി അർപ്പിച്ചു

സീറോ മലബാർ കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും, സീറോ മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസും, പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും ഔദ്യോഗിക ആസ്ഥാനവും മലങ്കരസഭയുടെ ഭരണസിരാകേന്ദ്രവുമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ എത്തി പരിശുദ്ധ പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു.

സഭയിൽ സ്ത്രീ നേതൃത്വം പകർന്ന പിതാവ്

ഡോ. ജെയ്സി കരിങ്ങാട്ടിൽ

(കെ.സി.സി മുൻ വൈസ് പ്രസിഡന്റും
ഓർത്തഡോക്സ് സഭ എക്യുമെനിക്കൽ റിലേഷൻസ് കമ്മിറ്റി അംഗവും)

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കായായി പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ അധികാരമേറ്റപ്പോൾ മാധ്യമ പ്രവർത്തകർ സഭയിൽ സ്ത്രീകൾക്കുള്ള പരിഗണനയിൽ മാറ്റം വരുത്തുമോ എന്നു ചോദിച്ചു. പ. ബാവായുടെ മറുപടി കൃത്യമായിരുന്നു. 'സഭയിൽ നൂറ്റാണ്ടുകളായി സ്തീകൾ നേരിടുന്ന അവഗണന മാറ്റിയെടുക്കുവാൻ ബോധപൂർവ്വമായ ശ്രമം നടന്നു വരുന്നു. സഭയുടെ ഭരണ സമിതികളിൽ സ്ത്രീകൾക്ക് പൂർണ്ണമായ വോട്ടവകാശം ഇനിയും നൽകിയിട്ടില്ല. അതിനുള്ള സാധ്യതകൾ അന്വേഷിക്കുകയാണ്.'

സഭയിൽ ഭരണ രംഗത്ത് സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് 2010 നവംബറിൽ പറഞ്ഞ പ്രസ്താവന 2011 ൽ 475-ാം നമ്പർ കല്പനയിലൂടെ അദ്ദേഹം യാഥാർത്ഥ്യമാക്കി.

മലങ്കര സഭയിൽ സ്ത്രീകൾക്ക് സമ്പൂർണ്ണ ഇടവക യോഗാംഗത്വം നൽകുന്ന പ. പൗലോസ് ദ്വിതീയൻ കാതോലിക്കാബാവയുടെ കല്പന 2011 ൽ നിലവിൽ വന്നു. അതിൻ പ്രകാരം മലങ്കര ഓർത്തഡോക്സ് സഭയിലെ ഇടവക യോഗത്തിൽ വനിതകൾക്ക് 2011 മുതൽ വോട്ടവകാശം ലഭ്യമായി. മലങ്കര ഓർത്തഡോക്സ് സഭയുടെ 2011 നവംബർ 19 ലെ ഭരണഘടന ഭേദഗതി അനുസരിച്ച് ഇടവക രജിസ്റ്ററിൽ പേരുള്ള എല്ലാ സ്ത്രീ പുരുഷന്മാരും ഇടവക യോഗത്തിൽ അംഗങ്ങളായി. ഇടവക യോഗത്തിലെ എല്ലാ അംഗങ്ങൾക്കും , സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ, ഇടവക ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാനുള്ള അവകാശവും അംഗീകാരവും പ. പൗലോസ് ദ്വിതീയൻ ബാവായുടെ കാലത്ത് ലഭ്യമായി. അതിൻ പ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് 2011-ൽ സ്ത്രീകൾ വോട്ടു രേഖപ്പെടുത്തി. ഇടവക ഭരണ സമിതിയിൽ 2012 മുതൽ സ്ത്രീകൾ സജ്ജീവമായി പങ്കാളികളായി.

ഇടവക ഭരണ സമിതിയിൽ ട്രസ്റ്റി, സെകട്ടറി , ഓഡിറ്റർ, കമ്മിറ്റി അംഗങ്ങൾ എന്നീ നിലകളിൽ സ്ത്രീകൾക്ക് പ്രവർക്കിക്കുവാൻ അവസരം ലഭിച്ചു. ഇതോടെ ഇടവക യോഗത്തിൽ എല്ലാ ഭവനങ്ങൾക്കും പ്രാതിനിധ്യം ലഭ്യമായി. പുരുഷന്മാരില്ലാത്ത ഭവനങ്ങൾക്ക് ഇടവക യോഗാംഗത്വം ലഭിക്കാതിരുന്ന ജീർണ്ണിച്ച സംവിധാനമാണ് പ. പ. പൗലോസ് ദ്വിതീയൻ ബാവായുടെ കല്പനയിലൂടെ തിരുത്തപ്പെട്ടത്. ഇതോടെ നിരവധി സ്ത്രീകൾക്ക് ഇടവക ഭരണ സമിതികളിൽ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ അവസരം ലഭ്യമായി. ട്രസ്റ്റിയും സെക്രട്ടറിയും സ്ത്രീകളായ ഇടവകകളും സഭയിയിൽ ഉണ്ടായി. സ്ത്രീ നേതൃത്വ മുന്നേറ്റത്തിന്റെ പുത്തൻ ഉണർവ്വ് ലഭിച്ച കാലഘട്ടമായിരുന്നു പ. ബാവായുടെത്.

ഇടവകയോഗത്തിൽ സ്ത്രീ പങ്കാളിത്തം സഭയുടെ ഭദ്രാസന കേന്ദ്ര സമിതികളിൽ സ്ത്രി പ്രാതിനിധ്യം നൽകുന്നത്തിന്റെ പ്രാരംഭമായി കണക്കാക്കണമെന്നു പ.ബാവ സ്ത്രീ സംഘങ്ങളോടുള്ള പല പ്രസംഗങ്ങളിലും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇടവക യോഗത്തിലും ഇടവക ഭരണ സമിതികളിലും സ്ത്രീകളുടെ സജ്ജീവ പങ്കാളിത്തവും നേതൃത്വം ഉണ്ടാകാത്തതിലുള്ള ഖേദവും പ.ബാവ പറഞ്ഞിട്ടുണ്ട്. സ്തീപുരുഷ പങ്കാളിത്തത്തോടെ ഇടവക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നുള്ളതായിരുന്നു പ.ബാവായുടെ നിലപാട്.

ഇടവകയോഗത്തിൽ സ്ത്രീ പങ്കാളിത്തം ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ പുത്തൻ സമീപനമാണ് നിലവിൽ വന്നത്. ഈ കല്പന വഴി ഇടവകയിൽ പരമ്പരാഗതമായി നിലനിന്ന സ്ത്രീ പുരുഷ വിവേചനം ലഘുകരിക്കുവാൻ കഴിഞ്ഞു. പ.ബാവ പകർന്ന സ്ത്രീ നേതൃത്വശേഷി ഫലപ്രദമാക്കുവാൻ വനിതാ സംഘടനകൾ ബോധപൂർവ്വമായ ബോധവൽക്കരണവും പഠന ക്ലാസ്സുകളും ക്രമമായി സംഘടിപ്പിച്ചെങ്കിൽ മാത്രമേ ഇടവക തലത്തിൽ നേതൃത്വത്തിലേക്ക് സ്ത്രീകൾ എത്തുകയുള്ളു.



മലങ്കര സഭയിൽ സ്ത്രീകൾക്ക് സമ്പൂർണ്ണ ഇടവക യോഗാംഗത്വം നൽകുന്ന പ. പൗലോസ് ദ്വിതീയൻ കാതോലിക്കാബാവയുടെ കല്പന 2011 ൽ നിലവിൽ വന്നു.

സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്ക് എതിരെ സ്ത്രീ സുരക്ഷയും ശക്തീകരണവും സഭാതലത്തിൽ പകരുവാനായി പെൺമയുടെ നന്മ എന്ന പദ്ധതി സഭാ മാനവ ശക്തികരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2013-ൽ പ. ബാവായുടെ നേതൃത്വത്തിൽ ആരംഭിച്ചത് ശ്രദ്ധേയമാണ്. സ്ത്രീ സുരക്ഷയും ശക്തീകരണവും ലക്ഷ്യമിട്ടുള്ള ബോധവൽക്കരണവും കർമ്മ പരിപാടികളും ഈ പദ്ധതിയിലൂടെ ആവിഷ്ക്കരിച്ചു. പരിശുദ്ധ മറിയാമ്മിന്റെയും ഏലിശുബായുടെയും കൂടിക്കാഴ്ച സ്ത്രീ സുരക്ഷാ വാരമായി സഭ മുഴുവൻ ആചരിക്കുവാനും പ. ബാവ കല്പന നൽകി.

തിരുവല്ലയിൽ 1982 ഡിസംബർ 28-ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഫാ. കെ. ഐ. പോളിനെ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുമ്പോൾ പ്രായം 36 വയസ് മാത്രം. 1985-ൽ ആരംഭിച്ച കുന്നംകുളം ഭദ്രാസനത്തിൻറെ ചുമതല 39-ാം വയസ്സിൽ സ്വീകരിച്ചു. നിയുക്ത കാതോലിക്കാ സ്ഥാനം 60-ാം വയസ്സിൽ ലഭ്യമായി.

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി 2010 നവംബർ ഒന്നിന് 64-ാം വയസ്സിൽ സ്ഥാനമേറ്റു. സഭയുടെ സ്വാതന്ത്ര്യവും ദേശീയതയും സംരക്ഷിക്കുക എന്നതായിരുന്നു പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സമീപനം. അകത്തും പുറത്തും നിരവധി പ്രതിസന്ധികൾ വന്നപ്പോഴും തളരാതെ നിലനിന്നത് ലാളിത്യമുള്ള ജീവിതവും മൗനത്തിന്റെയും ധ്യാനത്തിന്റെയും ആദ്ധ്യാത്മീകതയും ആയിരുന്നു.

മലങ്കരസഭയിൽ കാതോലിക്കായായി 11 വർഷം സഭയെ സുധീരമായി നയിച്ച പ. പൗലോസ് ദ്വിതീയൻ ബാവ ഇടവക തലത്തിൽ സ്ത്രീ നേതൃത്വത്തിന് പുതിയ ദിശ പകർന്നു. സഭയിലെ സ്ത്രീസമൂഹത്തിന്റെ വിനീതമായ പ്രണാമം. ❑

നിലപാടുകളുടെ കാവല്ക്കാരൻ

നിഷ്കളങ്കതയുടെ മന്ദസ്മിതത്തിനു യാത്രാമൊഴി

എബി മാത്യു കൊഴുവല്ലൂർ

വർഷങ്ങൾക്കു മുമ്പ് കോട്ടയം ഏലിയാ കത്തീഡ്രലിനു മുമ്പിൽ നടന്ന ഒരു സമ്മേളനത്തിൽ സ്റ്റേജിന്റെ ഒരു അറ്റത്ത് ആരും എന്നെ ശ്രദ്ധിക്കരുത് എന്ന ഭാവത്തോടെ റോസ് കുപ്പായമിട്ട് കൈ കെട്ടി നിൽക്കുന്ന ഒരു മെത്രാപ്പോലീത്താ ജനത്തെ വീക്ഷിച്ചുകൊണ്ട് നിൽക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. അത് കുന്നംകുളത്തിന്റെ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ആയിരുന്നു. അഭി. പിതാവുമായി എനിക്കുള്ള ആദ്യ ഓർമ്മ ഇതു മാത്രമാണ്.

പിന്നീട് അദ്ദേഹത്തെ കാണുന്നത് 2006-ലാണ്. അത് എന്റെ വിവാഹവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോടനുബന്ധിച്ച് ആയിരുന്നു. രാത്രി പത്തരയ്ക്ക് ശേഷമാണ് ഞാനും എന്റെ ആത്മീയഗുരുവും, പിതാവുമായ സാം അച്ചനും ഒന്നിച്ചു കുന്നംകുളം അരമനയുടെ ഗേറ്റിനു മുമ്പിൽ എത്തുന്നത്. അപ്പോഴേക്ക് ഗേറ്റ് അടച്ചിരുന്നു. മതിലിനു വലിയ പൊക്കം ഇല്ലാത്തതിനാൽ മതിൽ ചാടിക്കടന്ന് ഞങ്ങൾ അരമനക്ക് ഉള്ളിൽ എത്തി. കുന്നംകുളം ദേശത്തേക്ക് ഉള്ള എന്റെ ആദ്യ യാത്ര ഇതാണ്. അതുകൊണ്ടുതന്നെ ആ ഭാഷയും മനസ്സിലാക്കുവാൻ അല്പം പ്രയാസമായിരുന്നു. വെള്ള കമ്മീസും മസന്പസായുമിട്ട് വെളുത്ത സുന്ദരൻ ആയ തിരുമേനി ചെറു പുഞ്ചിരിയോടെ എന്നോട് ചോദിച്ചു 'കുട്ടിയാ.' തെക്കുനാട്ടിൽ ചെറിയ കുഞ്ഞുങ്ങളെ ആണ് കുട്ടി എന്ന് വിളിക്കുന്നത്. അതുകൊണ്ടുതന്നെ സംശയം ലേശം ഇല്ലാതെ ഞാൻ പറഞ്ഞു, 'അല്ല.' ഇത് കേട്ട് തിരുമേനി എനിക്ക് പിന്നാലെ വന്ന സാം അച്ചനോട് 'അച്ചാ കുട്ടി എവിടെ' എന്ന് ആകാംക്ഷയോടെ ചോദിച്ചു. എന്നെ ചൂണ്ടിയിട്ട് 'ഇതാ കുട്ടി' എന്ന് മറുപടി പറഞ്ഞു. 'പിന്നെ ഇവൻ പറയുന്നു അവൻ കുട്ടി അല്ലെന്ന്' തിരുമേനി ചിരിച്ചുകൊണ്ട് അച്ചനോട് പറഞ്ഞു. ഭാഷ മനസ്സിലാകാത്തതുകൊണ്ടാണ് ഞങ്ങടെ നാട്ടിൽ കുട്ടി എന്നു പറഞ്ഞാൽ കൊച്ചുപിള്ളേരാണ് എന്ന് അച്ചന്റെ തർജ്ജമ കേട്ട് തിരുമേനി ചിരിച്ചു. തിരുമേനി തന്നെ കസേര എടുത്തിട്ടു ഇരിക്കാൻ പറഞ്ഞു സംസാരം ആരംഭിച്ചു. പെൺകുട്ടിയെപ്പറ്റിയും അവരുടെ വിദ്യാഭ്യാസയോഗ്യതകളെ പറ്റിയും കുടുംബത്തെ പറ്റിയും അഭിവന്ദ്യ തിരുമേനി വാചാലനാകുന്നതു കണ്ടപ്പോഴാണ് അതൊരു പെണ്ണുകാണൽ ചടങ്ങാണ് നടക്കുന്നത് എന്ന് എനിക്ക് മനസ്സിലായത്. ഒരു പിതാവിന്റെ സ്ഥാനത്തുനിന്ന് വിവാഹം കഴിക്കാൻ പോകുന്ന പുരുഷന് എന്തൊക്കെ അറിയണമോ അതെല്ലാം ആ കുടുബത്തെ കുറിച്ചു തിരുമേനി പറഞ്ഞു. ഈ ചർച്ച ഏതാണ്ട് പര്യവസാനിക്കാറായപ്പോഴാണ് പെൺകുട്ടിയുടെ അപ്പൻ അവിടേക്കു വരുന്നത്. അപ്പച്ചനെ തിരുമേനി ആണ് എനിക്ക് പരിചയപ്പെടുത്തുന്നത്. 'ഇവിടെ തൊട്ടപ്പുറത്താണ് കുട്ടിയുടെ വീട്. നാളെ നിങ്ങൾ രാവിലെ അവിടെ പോയി പെൺകുട്ടിയെ കാണണം. അവൾക്ക് എക്സാം ഉള്ള ദിവസമാണ്. അവിടെ പോയി വലിയ ഇന്റർവ്യൂ ചെയ്ത് കുട്ടിയെ ടെൻഷൻ ആക്കാൻ നിക്കണ്ട. പെൺകുട്ടിയെ ഇഷ്ടം ആകുകയാണെങ്കിൽ ഇവിടെ തിരിച്ചു വന്ന് എന്നെ കാണണം. ഇല്ലെങ്കിൽ അതുവഴി നിങ്ങൾക്കു പോകാം.' ഇതായിരുന്നു വിടവാങ്ങുമ്പോൾ തിരുമേനി ഞങ്ങളെ ഓർമിപ്പിച്ചത്. അവിടെ ഞങ്ങൾക്ക് താമസിക്കുവാനുള്ള ക്രമീകരണം ചെയ്തു തന്നു തിരുമേനി കിടക്കാൻ പോയി. വെളുപ്പിനെ രാത്രി നമസ്കാരത്തിന് മണി അടിച്ചപ്പോൾ ഞങ്ങൾ എഴുന്നേറ്റ് ചാപ്പലിലേക്ക് ചെന്നു. അവിടെ ഒറ്റയ്ക്ക് ഒരു പുസ്തകവും പിടിച്ച് നമസ്കാരം നടത്തുന്ന തിരുമേനിയെ ആണ് ഞാൻ കണ്ടത്. ഞാൻ വേഗം പോയി ആരുടെയോ ഒരു കുപ്പായം കണ്ടത് എടുത്തിട്ട് ധൂപക്കുറ്റി കത്തിച്ച് പിതാവിനൊപ്പം നമസ്കാരം കൂടി. അതിനു ശേഷം കുളികഴിഞ്ഞ് പെണ്ണുകാണലിന് പെൺകുട്ടിയുടെ വീട്ടിലേക്ക്. കണ്ട് ബോധിച്ച് തിരികെ അരമനയിലേക്ക് വന്നു. 'നിനക്ക് കുട്ടിയെ ഇഷ്ടമായോ?' തിരുമേനിയുടെ ചോദ്യം. ഞാൻ 'ഉവ്വ്' എന്ന് മറുപടി കൊടുത്തു. അപ്പോൾ ചിരിയോടു കൂടെ 'എന്നാൽ പിന്നെ എന്തിനാണ് താമസിപ്പിക്കുന്നത്. വീട്ടിൽ വിളിച്ച് നിന്റെ അപ്പനോടും അമ്മയോടും കാര്യം പറയൂ' എന്ന് തിരുമേനി





സഹപാഠികൾ പഠിക്കുന്ന കാലത്തും പിന്നീടും

ആവശ്യപ്പെട്ടു. ഉടൻതന്നെ ഞാൻ അച്ചാച്ചനുമായി സംസാരിച്ചു. കാര്യങ്ങളെല്ലാം വേഗത്തിൽ നടന്നു. വളരെ സന്തോഷവാനായി തിരുമേനി മുറിക്കുള്ളിൽ കയറി ഡയറി എടുത്തു. 'എന്നാൽ നമുക്ക് കല്യാണത്തിന് ഡേറ്റ് തീരുമാനിക്കാം. 'തിരുമേനി അപ്പോൾ ഉറപ്പ് എന്നാണ് വേണ്ടത്.' ഞാൻ ചോദിച്ചു. ഉറപ്പൊന്നും വേണ്ട. ഇത്രയും ദൂരം ആളുകളെ കൊണ്ടുവരുന്നത് നിസ്സാര കാര്യമല്ല. അതൊക്കെ ഒരുതരം പാഴ്ച്ചെലവ് ആണ്. നിങ്ങൾ അത്യാവശ്യം ആളുകൾ ഒരു കൊച്ചു വണ്ടിയിൽ വന്നാൽ മതി. ഇവർ ഇവിടെ ഫങ്ഷൻ നടത്തട്ടെ. ഞാൻ വിവാഹ ഡേറ്റ് കുറിക്കുകയാണ്. 11 ഞായർ. ആ ഞായറാഴ്ച അല്ലേ? ഞാൻ രാവിലെ വന്ന് വിശുദ്ധ കുർബാന അർപ്പിച്ചു കല്യാണം നടത്തി പോരാം. നോക്കിയപ്പോൾ ഒരു വീട് കൂദാശ എഴുതിയിരിക്കുന്നു. തിരുമേനി പെട്ടെന്ന് വിളിച്ച് അത് ക്യാൻസൽ ചെയ്തു. എന്റെ പേരും പള്ളിയുടെ പേരും അവിടെ എഴുതിയിട്ടു. പിന്നെ എല്ലാം വളരെ വേഗത്തിലായിരുന്നു. ഞായറാഴ്ച രാവിലെ അഭിവന്ദ്യ തിരുമേനി എന്റെ ഇടവകപള്ളിയിലേക്ക് എഴുന്നള്ളി വന്നു വിശുദ്ധ കുർബാന അർപ്പിച്ചു. അന്ന് ഞാനാണ് വിശുദ്ധ കുർബാനക്ക് ധൂപക്കുറ്റി എടുത്തത്. തിരികെ വീട്ടിൽ വന്ന് ഒരുങ്ങി പള്ളിയിൽ വരുന്ന വരെ തിരുമേനി അവിടെ വിശ്രമിച്ചു. എല്ലാ കാര്യങ്ങളിലും തിരുമേനി പിതൃതുല്യമായ സ്നേഹത്തോടും വാത്സല്യത്തോടെയും കൂടെ ശ്രദ്ധിച്ച് കരുതി. വിവാഹശേഷം മണവാട്ടിയുടെ വീട്ടിലേക്കുള്ള എന്റെ യാത്ര. വീട് കയറിയശേഷം തിരുമേനിയെ കാണുവാൻ അരമനയിൽ ചെന്നു. പെണ്ണുകാണൽ ചർച്ച നടന്ന അതേ സ്ഥലം. ഫോട്ടോ ആൽബം എല്ലാം തിരുമേനി ശ്രദ്ധയോടെ നോക്കി ഓരോ ഫോട്ടോയ്ക്കും തിരുമേനി നർമ്മം ചേർത്ത് കുന്നംകുളം ഭാഷയിൽ കമന്റുകൾ പറ

ഞ്ഞുകൊണ്ടേയിരുന്നു. തിരുമേനിയോടൊപ്പം ഉള്ള എന്റെ യാത്രയുടെ ആരംഭം ഇവിടെയാണ്. ആദ്യമായി ഭാര്യ വീട്ടിൽ ചെന്നപ്പോൾ അപ്പച്ചൻ എന്നെ സ്വീകരിച്ചത് ഒരു പാമ്പാക്കുട നമസ്കാര പുസ്തകം തന്നാണ്. 'മോനേ, തിരുമേനിയോടുള്ള സ്നേഹവും, ബഹുമാനവും എന്നും ഉണ്ടാകണം. അത് ഞങ്ങളുടെയും തിരുമേനിയുടെയും കാലം കഴിഞ്ഞാലും ഉണ്ടാകണം. ഞങ്ങളെ ഓർത്ത് ഇല്ലെങ്കിലും തിരുമേനിയെ മറക്കരുത്. ഈ ലോകത്തു നിന്ന് അദ്ദേഹം കടന്നുപോയാൽ നിങ്ങൾ കുടുംബമായി ആ കബറിൽ പോയി പ്രാർത്ഥിക്കണം.' 13 വർഷം മുമ്പ് എന്നെ ഓർമ്മിപ്പിച്ച വാക്കുകൾ ഇന്ന് വളരെ വേദനയോടെ ആണെങ്കിലും ഞാൻ സ്മരിക്കുന്നു. പിന്നീടുള്ള എന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും തിരുമേനിയുടെ നിർദേശവും സ്നേഹവും കരുതലും ആവോളം ഉണ്ടായിരുന്നു. തിരുമേനിക്ക് എന്റെ വീട് കാണാൻ ഒരു ആഗ്രഹം ഉള്ളതായി അപ്പച്ചൻ പറഞ്ഞു. ഒരു കൂദാശ വെച്ച് തിരുമേനിയെ വിളിക്കാൻ ഞാൻ തീരുമാനിച്ചു. പറഞ്ഞപ്പോൾ തന്നെ സന്തോഷത്തോടെ തിരുമേനി അത് സ്വീകരിച്ചു. വീട്ടിൽ വന്നു.

വീട്ടിൽ എന്ത് ചെറിയ കാര്യങ്ങൾ ചെയ്യണം എങ്കിൽ പോലും തിരുമേനിയോട് പറഞ്ഞു അഭിപ്രായം ചോദിക്കണം എന്നത് അപ്പച്ചന് നിർബന്ധമായിരുന്നു. ചിലപ്പോഴെങ്കിലും ഇത് എന്നെ അലോസരപ്പെടുത്തിയിട്ടുണ്ട്. ഈ ചെറിയ കാര്യങ്ങൾ ഒക്കെ എന്തിനാണ് തിരുമേനിയോട് ചോദിക്കുന്നത് എന്ന് ഞാൻ ചോദിക്കുമ്പോൾ 'മോനേ തിരുമേനി ആണ് നമുക്കെല്ലാം. അദ്ദേഹം അറിയുന്നത് നമുക്ക് അനുഗ്രഹമാണ്' എന്നാണ് അപ്പച്ചൻ പറയാറ്. എന്റെ പിതാവിന് കാൻസർ രോഗമാണ് എന്ന് ഡോക്ടർമാർ വിധിയെഴുതിയപ്പോൾ തിരുമേനി അതേപ്പറ്റി അന്വേഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ തരികയും, എപ്പോൾ കണ്ടാലും അതേപ്പറ്റി വളരെ കാര്യമായി ചോദിച്ച് മനസിലാക്കുകയും ചെയ്തിരുന്നു. തിരുമേനി അനുഗ്രഹിച്ച് ആശീർവദിക്കാത്ത ഒരു പ്രധാന വിശേഷവും എന്റെ ജീവിതത്തിൽ ഇല്ല. കുഞ്ഞുങ്ങളോട് തിരുമേനിക്ക് പ്രത്യേക വാത്സല്യമായിരുന്നു ഉണ്ടായിരുന്നത്. എവിടെയെങ്കിലും വച്ച് കാണുമ്പോഴൊക്കെ 'ടാ പപ്പാ എങ്ങനെ ഇരിക്കുന്നു, എന്തിയെ നമ്മുടെ ഗുണ്ടൻമാർ... വഴക്കാളികൾ ആണോ?' ഇതൊരു പതിവു ചോദ്യം ആയിരുന്നു. തിരുമേനിയോടൊപ്പം ഫോട്ടോ എടുക്കണമെന്ന് ആഗ്രഹിച്ചു പറഞ്ഞാൽ 'എന്നോടൊപ്പമുള്ള എത്രാമത്തെ ഫോട്ടോ ആണ് ഇത് എന്ന് നിനക്ക് വല്ല ബോധവും ഉണ്ടോ? ഇങ്ങനെയൊക്കെ ഫോട്ടോ എടുക്കുന്നതിന് പലരും കാശ് വാങ്ങിക്കുന്ന കാലമാണ് ഓർത്തോ...' എന്നുപറഞ്ഞ് ഒരു ചിരിയുണ്ട്. 'ഒറ്റയ്ക്ക് കാണുമ്പോഴൊക്കെ സഭാ സമാധാനത്തെ പറ്റിയും പരുമല ആശുപത്രിയെ പറ്റിയും വളരെ വാചാലനാകുമായിരുന്നു. അവിടുത്തെ ആളുകൾ 90 ശതമാനവും പാവങ്ങളാണ്. അവർ ഈ സഭയുടെ സമാധാനം മാത്രം ആഗ്രഹിക്കുന്നവരാണ്, പ്രശ്നക്കാർ അല്ല എന്ന് തിരുമേനി എപ്പോഴും പറയുമായിരുന്നു. എന്റെ വണ്ടിക്ക് പെട്രോൾ അടിക്കാനും, എന്റെ ഭക്ഷണത്തിനും മരുന്നിനുമുള്ള പൈസ മാത്രം മാറ്റിവെച്ച് ബാക്കിയെല്ലാം ഞാൻ പരുമല ആശുപത്രിയിൽ കൊടുക്കുകയാണ്. സഭയുടെ അഭിമാനകരമായ ഒരു പ്രൊജക്റ്റ് ആണ്. അതിൽ നിന്ന് പിന്മാറുക സാധ്യമല്ല എന്നതായിരുന്നു തിരുമേനിയുടെ ചിന്ത. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയിട്ടും അതിന്റെ യാതൊരു ഭാവമോ, ജാഡയോ അദ്ദേഹത്തിന്റെ എടുപ്പിലും നടപ്പിലും ഉണ്ടായിരുന്നില്ല. സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളോട് പോലും അദ്ദേഹത്തിന്റെ സ്നേഹത്തോടെയുള്ള ഇടപെടൽ കാണുമ്പോൾ എത്രമാത്രം നിഷ്കളങ്കനായിരുന്നു പ. പിതാവ് എന്ന് ബോധ്യമാകും. ഈ നിഷ്കളങ്കത ഒരു പക്ഷേ പലപ്പോഴും അദ്ദേഹത്തിന് ദോഷമായി വന്നിട്ടുണ്ട്. അതൊന്നും അദ്ദേഹം കാര്യമായെടുത്തില്ല. "കഴിവില്ലാത്തവനും, വലിയ ബുദ്ധി ഇല്ലാത്തവനും ഈ ലോകത്തിൽ ജീവിക്കണം. അവനും ദൈവസൃഷ്ടി ആണ്." അദ്ദേഹം ഒരിക്കൽ ഒരു സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞത് ഞാൻ ഓർക്കുന്നു. സ്നേഹിക്കുന്നവരെ അന്ധമായി വിശ്വസിക്കുന്ന സ്വഭാവരീതി ആയിരുന്നു അദ്ദേഹത്തിന്റേത്. സഭാവിഷയത്തിൽ വരുംതലമുറയെ വ്യവഹാരത്തിലേക്ക് വിടുവാൻ ഞാൻ ജീവിച്ചിരിക്കുമ്പോൾ സമ്മതിക്കുകയില്ല എന്ന കർക്കശ ബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. സഭാവിഷയവുമായി ബന്ധപ്പെട്ട് ഒരിക്കൽ ഫോണിൽ സംസാരിക്കുമ്പോഴാണ് തിരുമേനി എന്നോട് ഇത് പറയുന്നത്. പുലിക്കോട്ടിൽ തിരുമേനിമാരും പരുമല തിരുമേനിയും, വട്ടശ്ശേരിൽ തിരുമേനിയും ഒക്കെ എടുത്ത നിലപാടിൽ നിന്ന് ഒരിഞ്ചുപോലും പിന്നോട്ട് പോകുവാൻ ഞാൻ അനുവദിക്കുകയില്ല. ഒരുപക്ഷേ ലോകമെന്നെ മോശം കാതോലിക്ക എന്ന് വിളിക്കുമായിരിക്കാം. ദാർഷ്ട്യമുള്ള ആൾ എന്ന് വിളിക്കുമായിരിക്കാം. എന്നാലും വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയുള്ള സഭയുടെ സമാധാനത്തിനല്ലാതെ ഞാൻ കൂട്ടുനിൽക്കുകയല്ല. ഒരു പക്ഷേ ഞാൻ കടന്നുപോയാലും നിങ്ങളൊക്കെ ഇവിടെ കാണുമല്ലോ. ഫോണിൽ കൂടെ ഉള്ള സംഭാഷണത്തിലാണ് തിരുമേനി ഇത് പറഞ്ഞതെങ്കിലും തിരുമേനിയുടെ നിലപാടിലെ ഉറപ്പും, വിശുദ്ധ സഭയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും കരുതലും ശബ്ദത്തിൽ നിഴലിച്ച് നിന്നിരുന്നു. സ്വതസിദ്ധമായ ശൈലിയിലുള്ള ആരാധന. ഏച്ചുകെട്ടലുകളോ, ആർട്ടിഫിഷ്യൽ പെരുമാറ്റരീതികളോ പരിശുദ്ധ പിതാവിന് ഇല്ലായിരുന്നു. മനസ്സിൽ നിറഞ്ഞു നിൽക്കുന്നത് സംസാരിക്കും. ഉള്ളിൽ ഒന്ന് വിചാരിച്ച് പുറത്ത് വേറെ ഒന്ന് പറയാൻ അദ്ദേഹത്തിന് അറിയില്ലായിരുന്നു. രണ്ടാഴ്ചകൾക്ക് മുമ്പ അദ്ദേഹത്തെ ഐസിയുവിൽ സന്ദർശിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. അപ്പച്ചൻ ആശുപത്രിയിൽ അഡ്മിറ്റ് ആയ ദിവസം ആയിരുന്നു അത്. 'നീയാണോ അവന്റെ കൂടെ നിൽക്കുന്നത്. അവന് ഒന്നാമത് പേടിയാ, ആ നീ നിൽക്ക്. അവന് ഒരു ധൈര്യം ആവട്ടെ...' തിരുമേനിക്ക് എന്തെങ്കിലും അസുഖം ഉള്ള ആളാണെന്ന് ആ സംസാരത്തിൽ തോന്നാത്ത വണ്ണം ഉത്സാഹത്തോടെയാണ് തിരുമേനി സംസാരിച്ചത്. തിരുമേനിയെ ഒന്ന് കാണണം എന്ന് ഞാൻ വളരെ ആഗ്രഹിച്ചു. ഞങ്ങളെല്ലാവരും തിരുമേനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്ന് ഞാൻ ആ കാൽക്കൽ അന്ന് തിരുമേനിയോട് പറഞ്ഞപ്പോൾ 'എബി ഈ ലോകത്ത് ഒരു മനുഷ്യനു കൊടുക്കാവുന്ന ഏറ്റവും വലിയ നന്മയും സ്നേഹവും പ്രാർത്ഥന മാത്രമാണ്. അനേകായിരംപേര് എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്ന് എനിക്കറിയാം... ഞാൻ ഇങ്ങനെയെങ്കിലും ആയിരിക്കുന്നത് അനേകംപേരുടെ പ്രാർത്ഥന കൊണ്ടാണ്. ഇവിടെ എനിക്ക് നല്ല ചികിത്സയാണ് ലഭിക്കുന്നത്. ഡോക്ടർമാർ ഒക്കെ നല്ലതുപോലെ നോക്കുന്നുണ്ട്.' ഞാൻ യാത്ര പറയുമ്പോൾ തിരുമേനി കൈപൊക്കി ഒരു ടാറ്റാ കാണിച്ചു. യാത്ര പറഞ്ഞിറങ്ങുമ്പോൾ മനസ്സിൽ ഒരു വലിയ പ്രതീക്ഷയായിരുന്നു ഉണ്ടായിരുന്നത്. തിരുമേനി തിരിച്ചുവരുമെന്ന ചിന്ത. പിന്നീട് തിരുമേനിയെ കാണാൻ ഇടയായത് മൂന്നു ദിവസം മുമ്പാണ്. അപ്പോൾ വളരെ ക്ഷീണിതനായി കാണപ്പെട്ടു. ഈ വാർത്ത മലങ്കരസഭയിലെ മുഴുവനാളുകളെയും വല്ലാതെ വേദനിപ്പിച്ചിട്ടുണ്ട്. തിരുമേനിയുടെ സ്നേഹവും കരുതലും ഓരോ വ്യക്തികളോടും അത്രമാത്രമായിരുന്നു. 2.30 ന് തിരുമേനി കാലം ചെയ്തു എന്ന വാർത്ത അറിഞ്ഞു പരുമല ആശുപത്രിയിലേക്ക് വെളുപ്പിനെ ഓടിചെല്ലുമ്പോൾ മനസ്സിൽ വല്ലാത്ത ഒരു ശൂന്യതയായിരുന്നു ഉണ്ടായത്. അംശവസ്ത്രധാരിയായി ഐസിയുവിൽ നിന്ന് തിരുമേനിയെ സിംഹാസനത്തിൽ ഇരുത്തി പുറത്തേക്ക് കൊണ്ടുവരുമ്പോൾ തിരുമേനിയുടെ മുഖത്തെ ആ പുഞ്ചിരി ഞങ്ങളെ കരയിപ്പിച്ചു. മരണത്തിനും മായ്ക്കാൻ കഴിയാത്ത നിഷ്കളങ്ക ചിരി ഇന്ന് ഈ വിശുദ്ധ സഭയ്ക്ക് ഒരു വേദനയാകുന്നു. ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ പ്രാർത്ഥനാ നിരതനായിരുന്ന പിതാവ്. കാറും, കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാനൗകയെ ലക്ഷ്യത്തിലേക്ക് നയിച്ച ധീരനായ കപ്പിത്താൻ. വിമർശനങ്ങളുടെ ശരവർഷം അകത്തു നിന്നും പുറത്തു നിന്നും തുരുതുരെ വരുമ്പോഴും സഭയാണ് എനിക്ക് വലുത്, എന്ന നിലപാടിൽ ഉറച്ചു നിന്ന പിതാവ്. അശരണരുടെയും ആലംബഹീനരേയും ആരുമറിയാതെ സഹായിക്കണം എന്ന് പഠിപ്പിച്ച പിതാവ്. സഭയിൽനിന്ന് എടുക്കാനല്ല, സഭയ്ക്ക് കൊടുക്കാനാണ് പഠിക്കേണ്ടതെന്നു കാണിച്ചുതന്ന പിതാവ്. എണ്ണിയാൽ തീരാത്ത ഓർമ്മകൾ. ഉള്ള് നെരിപ്പോട് പോലെ നീറുന്ന നിമിഷം. ഞങ്ങളുടെ കണ്ണുകളെ ഈറൻ അണിയിച്ചു അവിടുന്ന് മറയുമ്പോഴും പരിശുദ്ധ പിതാവേ അവിടുത്തെ ദീപ്തമായ ഓർമയും സ്നേഹവും കരുതലും എന്നും ഞങ്ങൾക്ക് വഴികാട്ടിയായി ഇരിക്കും. അവിടുന്ന് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ. ഭാഗ്യവാനായ പിതാവേ അവിടുന്ന് സമാധാനത്തോടെ പോവുക. നിറകണ്ണുകളോടെ, തികഞ്ഞ സ്നേഹത്തോടെ അവിടുത്തെ ആത്മീയ പുത്രൻ. ❑



സ്നേഹനിധിയായ വലിയ ഇടയൻ

ഫാ. പി. എ. ഫിലിപ്പ്



മലങ്കര ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയെ കണ്ടു സഹായങ്ങൾക്കായി എത്തുന്നവരെയെല്ലാം നേരിൽ കാണുന്നിലെങ്കിലും അവരുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് വേണ്ട സഹായങ്ങൾ ചെയ്യാൻ പരിശുദ്ധ ബാവ തന്റെ ഓഫീസിലുള്ളവരോട് നിർദേശിച്ചിട്ടുണ്ട്. ചികിത്സാ സഹായത്തിനും വീട് നിർമ്മാണത്തിനും വിവാഹ സഹായത്തിനുമായി എത്തുന്ന എല്ലാവരെയും മലങ്കരസഭയുടെ വലിയ ഇടയൻ തന്നാൽ കഴിയുന്ന വിധം ചേർത്തു നിർത്തും. നിർദ്ധന കർഷക കുടുംബത്തിൽ ജനിച്ച ബാവായ്ക്ക് സാധാരണക്കാരന്റെ പ്രയാസങ്ങൾ വേഗം മനസ്സിലാക്കാൻ സാധിച്ചിരുന്നു. തന്റെ കയ്യിലുള്ള പണം സഭയുടെതാണെന്നും അത് സഭയുടെ നന്മയ്ക്കും മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയാണെന്നും ഉള്ള വീക്ഷണമായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഉണ്ടായിരുന്നത്.

സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്കു വേണ്ടി ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ ആരും അറിയരുതെന്ന് ആത്മാർതമായ ആഗ്രഹം അദ്ദേഹത്തിനുണ്ട്. അനാഥരോട് പരിശുദ്ധ പിതാവ് കാണിക്കുന്ന കരുതൽ ആരെയും അമ്പരപ്പിക്കും. സെറിബ്രൽ പാൾസി (cerebral palsy) ബാധിച്ച കോഴിക്കോട് സ്വദേശി അനുഗ്രഹിന്റെയും സഹപാഠി ബിസ്മിയുടെയും അപൂർവ്വ സൗഹൃദത്തിന്റെ കഥ മാധ്യമങ്ങളിൽ കൂടെ കേട്ടറിഞ്ഞ പരിശുദ്ധ ബാവ അവരെ കാണാൻ പോയതും സഹായങ്ങൾ നൽകിയതുമെല്ലാം ആ വലിയ ഇടയനു സമൂഹത്തോടുള്ള കരുതലിന്റെ ഉദാഹരണമാണ്.

പരിശുദ്ധ ബാവായുടെ നിർദ്ദേശപ്രകാരം സഭയുടെ മാനവശാക്തീകരണ വിഭാഗവും ഐക്കൺ ചാരിറ്റീസും സംയുക്തമായി ചേർന്ന് എല്ലാ വർഷവും ജാതിമതഭേദമന്യേ 600ൽ പരം വിദ്യാർത്ഥിൾക്ക് നൽകിവരുന്ന 70 ലക്ഷം രൂപായുടെ സ്കോളർഷിപ്പ് പരിശുദ്ധ ബാവായ്ക്ക് വിദ്യാർത്ഥികളോടുള്ള സ്നേഹത്തിന്റെയും വത്സല്യത്തിന്റെയും അടയാളമാണ്. കൊല്ലം നല്ലിലയിൽ ആശുപത്രിയുടെ മുകളിൽ നിന്ന് ചാടി ആത്മഹത്യ ചെയ്ത റോജി റോയി എന്ന പെൺകുട്ടിയുടെ ബധിരരും മൂകരുമായ മാതാപിതാക്കളുടെ ആജീവനാന്ത സംരക്ഷണത്തിനായി ഐക്കൺ ചാരിറ്റീസിന്റെ സഹകരണത്തോടെ ബാങ്കിൽ 16 ലക്ഷം രൂപ സ്ഥിരനിക്ഷേപം നടത്തിയതും പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരമാണ്.

പരിശുദ്ധ ബാവാ തിരുമേനി തന്നെ മുൻകൈയെടുത്തു ആരംഭിച്ചതാണ് സ്നേഹസ്പർശം കാൻസർ കെയർ പദ്ധതി. കാൻസർ ബാധിതരുടെ പരിപാലനത്തിനായി ആരംഭിച്ച ഈ പദ്ധതിയിലൂടെ പ്രതി വർഷം 100-ൽപരം ആളുകൾക്ക് സഹായം ലഭിക്കുന്നുണ്ട്. നിർദ്ധനരായ നിരവധി കാൻസർ രോഗികൾക്ക് ആശ്വാസമാണ് ഈ പദ്ധതി. ഡയാലിസിസ് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയായ സഹായ ഹസ്തത്തിലൂടെ നിർദ്ധനരായ നിരവധി രോഗികൾക്ക് സഹായം എത്തിക്കുന്നു.

കർഷകരുടെ ഉന്നമനത്തിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ ആവഷ്കരിക്കുകയും അതിനു വേണ്ടതായ സാമ്പത്തിക സഹായം നൽകുകയും ചെയ്തു. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ തിരുമേനി സഭാ വക പുരയിടങ്ങളിൽ വൃക്ഷ തൈകൾ വച്ച് പിടിപ്പിക്കാൻ അഹ്വാനം ചെയ്തു.

സാമ്പത്തിക പ്രയാസം നേരിടുന്നു സഭയിലെ വിധവകൾക്ക് പ്രതിമാസ പെൻഷൻ നൽകുകയും കോവിഡ് ബാധിച്ച് മരിച്ച സഭാംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അനേകരുടെ കണ്ണീരൊപ്പിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജീവിതം യഥാർത്ഥ ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രതിബിംബമായിരുന്നു.

❑







ലേബർ ക്യാംപിലെ ക്രിസ്മസ് ആഘോഷം, പ്രത്യേക പ്രാർഥന; ബാവായുടെ ഓർമകളിൽ തേങ്ങി യുഎഇ

ദുബായ്ന്മ കാലം ചെയ്ത മലങ്കര സുറിയാനി ഓർത്തഡോക്സ് സഭാ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയും യുഎഇയും സഭാ കൂട്ടായ്മയും തമ്മിൽ ഉറ്റ ബന്ധ മാണ് ഉണ്ടായിരുന്നത്. യുഎഇ രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് 2017 ൽ പ്രത്യേക കൽപന വരെ അദ്ദേഹം പുറപ്പെടുവിച്ചു. യുഎഇക്കു വേണ്ടി രക്തസാക്ഷികളായവരെ പ്രത്യേകം ഓർത്ത് പ്രാർഥിക്കണമെന്ന് അദ്ദേഹം കൽപ്പനയിൽ ആവശ്യപ്പെട്ടു. യുഎഇയിലെ എല്ലാ ഓർത്തഡോക്സ് ദേവാലയങ്ങളിലും കൽപന വായിച്ച് പ്രാർഥനയും നടത്തി.

ആദ്യമായാകും ഈ രീതിയിൽ ഒരു സഭാതലവൻ കൽപന ഇറക്കിയതെന്ന് സഭാവിശ്വാസികളും പറയുന്നു. 1987ൽ ദുബായിൽ മൂന്നു മാസം താമസിച്ച നാൾ മുതൽ ഇവിടുത്തെ സമൂഹവുമായി അദ്ദേഹം പ്രത്യേക അടുപ്പം പുലർത്തി. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയായിരുന്ന ഫാ. ജോസഫ് വെണ്ണപ്പള്ളി രോഗബാധിതനായി നാട്ടിൽ പോയപ്പോഴാണ് ചുമതല വഹിക്കാൻ എത്തിയത്.

പിന്നീട് ഒട്ടേറെ തവണ അദ്ദേഹം യുഎഇ സന്ദർശിച്ചു. സഭാധ്യക്ഷനായ ശേഷം 2014-ൽ നടത്തിയ സന്ദർശനത്തിൽ ഈദ് ആശംസ നേരാൻ അദ്ദേഹം യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിനെ സന്ദർശിച്ചു. 2018 ഡിസംബറിൽ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ സുവർണ ജൂബിലി സമാപനത്തോടനുബന്ധിച്ചാണ് അദ്ദേഹം അവസാനമായി ദുബായിൽ എത്തിയത്.

അരോമ കമ്പനിയുടെ സോനാപൂരിലെ ലേബർ ക്യാംപിൽ തൊഴിലാളികൾക്കൊപ്പമാണ് അന്ന് ബാവാ ക്രിസ്മസ് ആഘോഷിച്ചത്. മരുഭൂമിയിലെ പരുമല എന്നറിയപ്പെടുന്ന ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയ കൂദാശയ്ക്കും 1995ൽ അദ്ദേഹം സഹകാർമികനായിരുന്നു. 2005ൽ ഇടവക ദിനത്തോടനുബന്ധിച്ചും എംജിഒഎസ്എം പത്താംവാർഷിക പരിപാടികളോടനുബന്ധിച്ചും അദ്ദേഹം ഇടവക സന്ദർശിച്ചു. 2012ൽ കാതോലിക്കേറ്റ് പുനഃസ്ഥാപന ശതാബ്ദി വേളയിലും 2017 ഡിസംബർ രണ്ടിന് ദേവാലയത്തിൽ നടന്ന അഖില മലങ്കര ശുശ്രൂഷക സംഘം യുഎഇ മേഖലാ സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു.

തൊട്ടടുത്ത വർഷം ദേവാലയത്തിൽ നടന്ന വിശുദ്ധവാരാചരണങ്ങളിലും അദ്ദേഹം കാർമികനായി. കാൽകഴുകൽ ശുശ്രൂഷയിൽ വിശ്വാസികളുടെ പാദം കഴുകി ചുംബിച്ചപ്പോൾ പലരുടെയും കണ്ണുകൾ ഈറനണിഞ്ഞത് അവരിന്നും ഓർക്കുന്നു. ഇങ്ങനെ അബുദാബിയിലേത് ഉൾപ്പെടെ സഭയുടെ ആറു ദേവാലയങ്ങളിലെ വിശ്വാസികൾക്കും ബാവയെക്കുറിച്ച് ഒട്ടേറെ ഓർമകൾ പങ്കുവയ്ക്കാനുണ്ട്.



മാർപാപ്പയ്ക്കൊപ്പം താമസിച്ച ദിനങ്ങൾ

2013-ൽ ആഗോള കത്തോലിക്കാ സഭാതലവൻ ഫ്രാൻസിസ് മാർപാപ്പയുമായി ബാവാ നടത്തിയ കൂടിക്കാഴ്ച സഭാ മാനേജിങ് കമ്മിറ്റിയംഗവും നാഷനൽ കാർഗോ പ്രസിഡന്റുമായ ജേക്കബ് മാത്യു ഇന്നും ഓർക്കുന്നു. സെപ്റ്റംബർ നാലു മുതൽ ആറുവരെയായിരുന്നു സന്ദർശനം. റോമിൽ സെന്റ് മർത്തായിൽ മാർപാപ്പ താമസിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് ബാവായ്ക്കും സംഘത്തിനും താമസം ഒരുക്കിയത്.

മാർപാപ്പയുടെ പ്രത്യേക നിർദേശ പ്രകാരമായിരുന്നു ഇത്. ബാവായെയും സംഘത്തെയും നേരിട്ടെത്തി സ്വീകരിച്ചതു മുതൽ അവിടുത്തെ ഓരോ പ്രത്യേക കാഴ്ചകളും പാപ്പ കൂടെ നടന്ന് കാട്ടിക്കൊടുത്തു. ഇതെല്ലാം ബാവായെ വളരെ ആകർഷിച്ചിരുന്നതായി ജേക്കബ് ഓർക്കുന്നു.

ഇരുവരും സ്നേഹത്തോടെ ഇടപെട്ട കാഴ്ചകൾ മനസ്സു നിറയ്ക്കുന്നതായിരുന്നെന്ന് അദ്ദേഹം പറഞ്ഞു. അഞ്ചിനായിരുന്നു ഔദ്യോഗിക കൂടിക്കാഴ്ച. ആറിന് പുലർച്ചെ അഞ്ചിനായിരുന്നു വിമാനം. പാപ്പ ബാവായെയും സംഘത്തെയും നേരിട്ടെത്തി യാത്രയാക്കി. ഇത് ബാവായുടെ മനസ്സിന് വളരെ സ്വാധീനിച്ചിരുന്നെന്ന് അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറിയായി വിദേശ യാത്രകളിൽ ഒപ്പമുണ്ടായിരുന്ന കെവിൻ ജോർജ് കോശിയും വ്യക്തമാക്കി.



പ. പിതാവിന് സംസ്ഥാന സർക്കാരിന്റെ ആദരവ്.

മൂന്നരപ്പതിറ്റാണ്ടുകാലം ബാവായുടെ ഡ്രൈവറായിരുന്ന ബേബിയുടെ ഓർമകൾ



കോട്ടയം: കോവിഡ് പോസിറ്റീവായ വിവരം പരിശുദ്ധ ബാവാ തിരുമേനി എന്നെ അറിയിച്ചില്ല. പരുമല ആശുപത്രിയിൽനിന്നു വാഹനം വരുത്തിയാണ് അങ്ങോട്ടു പോയത്. നിനക്കുകൂടി കോവിഡ് വരേണ്ട എന്നു കരുതിയാണ് അങ്ങനെ പോയതെന്നു ഞാൻ പരുമലയിൽ കാണാൻ ചെന്നപ്പോൾ തിരുമേനി പറഞ്ഞു. എന്നോട് തിരുമേനിക്ക് ഈ കരുതൽ എന്നുമുണ്ടായിരുന്നു' – ബാവായുടെ ഡ്രൈവർ കൂത്താട്ടുകുളം ചിറപ്പാട്ട് പി. എം. ബേബി പറഞ്ഞു. 36 വർ ഷം ബാവായുടെ ഡ്രൈവറായിരുന്നു ബേബി.

ജനുവരി 30നു മഞ്ഞപ്രയിലെ ചിൽഡ്രൻസ് ഹോമിലേക്കായിരുന്നു അവസാനത്തെ ദൂരെ യാത്ര. പിറ്റേന്നു കുന്നംകുളം അരമന ചാപ്പലിലെ കുർബാനയും കഴിഞ്ഞാണു തിരിച്ചെത്തിയത്. യാക്കോബ് മാർ പോളികാർപ്പസിന്റെ ഡ്രൈവറായിരുന്നു ആദ്യം ഞാൻ. അന്നു ബാവാ തിരുമേനി എറണാകുളം സെന്റ് മേരീസ് പള്ളിയിൽ സഹവികാരിയായിരുന്നു. പിന്നീട് 1985-ൽ മേൽപ്പട്ട സ്ഥാനത്തക്ക് ഉയർത്തിയപ്പോൾ എന്നെ വിളിച്ചു. എവിടേക്കു യാത്ര പോയാലും ഭക്ഷണം കൈവശം കരുതുന്നതിൽ നിർബന്ധമുണ്ടായിരുന്നു. മറ്റുള്ള സ്ഥലങ്ങളിൽ ഭക്ഷണത്തിനു കയറി അവരെ ബുദ്ധിമുട്ടിക്കേണ്ടെന്നായിരുന്നു നിലപാട്.

മോഹനേട്ടന് നഷ്ടമായത് ജ്യേഷ്ഠതുല്യനായ സഹോദരനെ

കുന്നംകുളം അരമനയിലെ പണിക്കാർ എന്ന രീതിയിൽ ഒരിക്കലും തിരുമേനി കണ്ടിട്ടില്ല, സ്വന്തം വീട്ടിലെ അംഗമായാണ് കരുതിയത്. സഹോദരതുല്യമായ സ്വാതന്ത്ര്യവും ലഭിച്ചിരുന്നു. കുന്നംകുളം ഓർത്തഡോക്സ് ഭദ്രാസനത്തിലെ പാചകക്കാരനായ വാവന്നൂർ ശേഖരത്ത് മോഹൻദാസ്, കാലം ചെയ്ത ബാവയെ ഓർക്കുന്നു.

'ഭദ്രാസനത്തിന്റെ അധ്യക്ഷനായിരിക്കുമ്പോൾ ഭൂരിഭാഗം സമയവും അരമനയിലാണ് ബാവ കഴിഞ്ഞിരുന്നത്. അരമനയിൽ മാംസാഹാരമില്ല. ഇടയ്ക്ക് മത്സ്യം ഉപയോഗിക്കും. എല്ലാ ബുധനും വെള്ളിയും നോമ്പാചരണമാണ്. ഈ ദിവസങ്ങളിൽ പാൽ പോലും അരമനയിൽ ഉപയോഗിക്കില്ല. കിടക്കാൻ എത്ര വൈകിയാലും പുലർച്ചെ നാലരയ്ക്ക് എഴുന്നേൽക്കും. അഞ്ചിന് പ്രാർഥനയ്ക്കായി ചാപ്പലിലേക്ക്. പ്രാർഥന കഴിഞ്ഞാൽ എട്ടു മണിക്കുള്ളിൽ പ്രഭാത ഭക്ഷണം. ഉച്ചയ്ക്ക് പന്ത്രണ്ടരയ്ക്ക് ചാപ്പലിൽ മണിയടിച്ചാൽ പ്രാർഥനയ്ക്ക് കയറും. ഇതിനുശേഷം ഉച്ചഭക്ഷണം. വൈകീട്ട് നാലിന് ചായയും ലഘു പലഹാരവും. രാത്രി എട്ടിന് ഭക്ഷണം അതാണ് ചിട്ട.

ഭക്ഷണത്തിന് പ്രത്യേക താത്പര്യമൊന്നുമില്ല. എന്താണോ ഉണ്ടാക്കിയത് അത് കഴിക്കും. പകലുറക്കം പതിവില്ല. അരമനയിലുള്ളപ്പോൾ വായനയും എഴുത്തുമായി തിരക്കിലാകും. ജോലിക്കായി 2001 സെപ്റ്റംബർ രണ്ടിനാണ് മോഹൻദാസ് എത്തുന്നത്. ഒരിക്കലും കാർക്കശ്യത്തോടെ പറയാൻ ഇടവരുത്തിയിട്ടില്ല. രണ്ട് മക്കളുടെയും വിവാഹത്തിന് ബാവ വാവന്നൂരിലെ വീട്ടിലെത്തിയിരുന്നു. മോഹൻദാസ് പറഞ്ഞു.

❑



ഓർത്തഡോക്സ് സഭയുടെ ആർത്താറ്റുള്ള അരമനയുടെ അടുക്കളയിൽ മോഹൻദാസ്

No: 136/2021

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ ഏറെ സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരെ, കോർ-എപ്പിസ്കോപ്പാമാരെ, വൈദികരെ, സന്യസ്തരെ, വാത്സല്യ ദൈവമക്കളെ,

അല്പനാളുകളായി നാം രോഗശയ്യയിലാണെന്ന വിവരം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. മഹാകാരുണ്യവാനായ ദൈവം തമ്പുരാന്റെ തിരുഹിതം നിറവേറ്റപ്പെടണം എന്നല്ലാതെ മറ്റൊരു പ്രാർത്ഥനയും നമുക്കില്ല. ജീവിതത്തിലെ ഓരോ പരീക്ഷകളെയും രോഗാരിഷ്ടതകളെയും ആത്മശുദ്ധീകരണത്തിനുള്ള വലിയ അവസരമായി മാത്രമാണ് നാം കാണുന്നത്. ദൈവസന്നിധിയിൽ കൂടുതൽ താഴ്മയോടും കണ്ണുനീരോടും കൂടെ പ്രാർത്ഥിപ്പാനും ജാഗരിപ്പാനും ദൈവം നൽകിയ ഭാഗ്യനിമിഷങ്ങളായി നാമിതിനെ എണ്ണുന്നു. നമ്മുടെ ഈ ലോകജീവിതം അവസാനിക്കുവാൻ ഇനി അധികം നാളുകളില്ല എന്ന് നമുക്ക് അറിയാം. നമ്മുടെ ജീവിതത്തിലേക്കും, ദൈവം തമ്പുരാൻ നമ്മെ നടത്തിയ വഴികളിലേക്കും തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ ഉള്ളിൽ ഉയരുന്ന ചിന്തകൾ നിങ്ങളോട് പങ്കുവയ്ക്കുവാൻ കർത്താവിൽ ശരണപ്പെടുന്നു.

പ്രിയരെ,
മുപ്പത്തിയാറ് വർഷം മെത്രാപ്പോലീത്താ ആയും പത്തുവർഷത്തിലധികം പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിലും നിങ്ങളുടെ ഇടയനും പിതാവുമായി നിങ്ങളെ ശുശ്രൂഷിപ്പാനുള്ള ദൈവനിയോഗം നമുക്ക് ലഭിച്ചു. ദൈവനിശ്ചയം ഒന്നുകൊണ്ട് മാത്രമാണ് ഘനമേറിയതും ഗൗരവപൂർണ്ണവുമായ ചുമതലകൾ ബലഹീനനായ നമ്മിൽ ഭരമേൽപ്പിക്കപ്പെട്ടത് എന്ന് നാം വിശ്വസിക്കുന്നു. മനുഷ്യസഹജമായി നമ്മിൽ നിന്നും വന്നുപോയ കുറവുകൾക്കും കുറ്റങ്ങൾക്കും ദൈവത്തിൽ നിന്നും മോചനം ലഭിക്കുന്നതിനായി നിങ്ങളുടെ പ്രാർത്ഥന നമ്മോടുകൂടെ ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു.

ഭാഗ്യവാനായ നമ്മുടെ മുൻഗാമി പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് മലങ്കരമെത്രാപ്പോലീത്താ സ്ഥാനവും പൗരസ്ത്യ കാതോലിക്കാ സ്ഥാനവും ബലഹീനനായ നമ്മെ ദൈവനിയോഗപ്രകാരം ഏൽപ്പിക്കുകയുണ്ടായി. സമുദായ നന്മയെ പ്രതിയാണ് നാം ഇതുവരെയും നിലകൊണ്ടിട്ടുള്ളത്. വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകുമെങ്കിലും ആത്യന്തികമായി പ. സഭയുടെ ഭാവിയെ സാരമായി ബാധിക്കാവുന്ന സംഗതികളുടെ ശാശ്വതപരിഹാരത്തിനുവേണ്ടിയാണ് നാം ഉറച്ചു നിന്നത്. എല്ലാ ആപത്തുകൾക്കിടയിലും നമ്മെ കരുതിപ്പോന്ന ദൈവകരുണയുടെ മഹാപ്രവാഹം നാം അനുഭവിച്ചുപോന്നു. ദൈവകരുണയാൽ തികഞ്ഞ ദൈവഭയവും പ്രാർത്ഥനാനിഷ്ഠയും സത്യസന്ധതയുമുള്ള മാതാപിതാക്കളുടെ മകനായി വളരുന്നതിന് നമുക്ക് സാധിച്ചു എന്നത് ജീവിതത്തിലെ വലിയ ഭാഗ്യവും കൃപയുമായി നാം മനസ്സിലാക്കുന്നു. എന്നും വേദപുസ്തകം വായിച്ചുവോ എന്നന്വേ

-2-

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

ഷിച്ചുപോന്ന ബാല്യകാല ഗുരുനാഥയും പള്ളിയാരാധനകളോട് ചേർത്ത് നിർത്തിയ നമ്മുടെ മാതൃസഹോദരനും മുതൽ ഓരോ നാളും അറിവനുഭവങ്ങൾ പകർന്നുനൽകിയ എല്ലാ ഗുരുസ്ഥാനീയരെയും നാം നന്ദിപൂർവ്വം സ്മരിക്കുന്നു: വിശേഷിച്ച്, പൗരോഹിത്യ ശുശ്രൂഷയിലേക്ക് സ്നേഹപൂർവ്വം നമ്മെ ക്ഷണിച്ച ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെയും, പൗരോഹിത്യത്തിന്റെ വിവിധ പടികളിലേക്ക് നമ്മെ നടത്തിയ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെയും, മേൽപ്പട്ടസ്ഥാനത്തേക്കുയർത്തിയ നമ്മുടെ മുൻഗാമി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയെയും, തന്റെ പിൻഗാമിയായി നമ്മെ അവരോധിച്ച പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനിയെയും, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളായിരുന്ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ എല്ലാ മേൽപ്പട്ടക്കാരെയും നാം ഓർക്കുന്നു.

പ്രിയമക്കളെ,

മലങ്കരസഭാ ചരിത്രത്തിൽ അതിനിർണ്ണായകമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. 'വ്യവഹാരരഹിതമായ മലങ്കരസഭ' എന്ന സുന്ദരവും സുസ്ഥിരവുമായ യാഥാർത്ഥ്യത്തിലേക്കുള്ള ദൈവീക സമ്മാനമാണ് 2017 ജൂലൈ 3 –ന് ഉണ്ടായ ബഹു. സുപ്രീംകോടതി വിധി. നിയമപരമായ ഈ അടിത്തറയിൽ നിന്നുകൊണ്ടല്ലാതെ സൃഷ്ടിക്കാൻ ശ്രമിക്കുന്ന താൽക്കാലിക നീക്കുപോക്കുകളോടാണ് നാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്. നമ്മുടെ വരുംതലമുറകളുടെ കാലത്ത് ഇനിയൊരു വ്യവഹാരം ഇതിനെ ച്ചൊല്ലിയുണ്ടാകാനിടയാകരുത്. നാം നമ്മുടെ വിശ്വാസികളെ വഞ്ചിച്ചു എന്ന് പറയാനിടവരരുത്. വി. മാർത്തോമ്മാ ശ്ലീഹായുടെ പിന്തുടർച്ചയും രണ്ടു സഹസ്രാബ്ദങ്ങൾ നീണ്ട നസ്രാണി പാരമ്പര്യവും നമ്മുടെ രക്തത്തിന്റെ ഭാഗമാണ്. അധാർമ്മികതയോട് പോരാടുന്നത് ക്രിസ്തീയത തന്നെയാണ്. 'സത്യം ജയിക്കും' എന്ന് നമ്മുടെ മുൻഗാമികളെപ്പോലെ നാമും ഉറച്ച് വിശ്വസിക്കുന്നു. 'നേര് നിരങ്ങിയായാലും വരും' എന്ന് നമുക്ക് ഉറപ്പുണ്ട്.

വാത്സല്യമുള്ളവരെ,

ഈ പരിശുദ്ധ സഭ നമ്മുടേതാണ്. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കണം; നിങ്ങൾ സത്യവിശ്വാസത്തിൽ ഉറപ്പും നമ്മുടെ സഭയുടെ പവിത്രമായ ആചാരാനുഷ്ഠാനങ്ങളിൽ താൽപര്യമുള്ളവരുമായിരിക്കണം; നമ്മുടെ തലമുറകൾക്ക് നമ്മുടെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസം പകർന്നുകൊടുക്കണം; സൽപ്രവർത്തികളാകുന്ന സമ്പാദ്യം നിങ്ങളിൽ വർദ്ധിച്ചുവരണം; നമ്മുടെ നാഥനായ ക്രിസ്തുയേശുവിന്റെ സ്നേഹത്തിൽ ഉറച്ചിരിക്കണം; കർത്താവിന്റെ സുവിശേഷ സന്ദേശം ജീവിതത്തിൽ പാലിക്കണം; പ്രസിദ്ധിക്കുവേണ്ടി ദാനം ചെയ്യുവാനല്ല, ദൈവത്തിന് ഹിതകരമായി കാരുണ്യം ചെയ്യുവാൻ നമുക്ക് കഴിയണം; നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾക്ക് ഓഹരിക്കാരാകുവാനും കർത്താവിനോട്

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

ചേർന്ന് വളരുവാനും നമുക്ക് ലഭിച്ചിരിക്കുന്ന ഭാഗ്യം അത്യന്തം ശ്രേഷ്ഠമെന്ന് തിരിച്ചറിയുവാൻ ദൈവംതമ്പുരാൻ നാമോരോരുത്തരെയും കൂടുതലായി ശക്തീകരിക്കട്ടെ. പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ വാക്കുകൾ നാം നിങ്ങളെ ഒരിക്കൽക്കൂടെ ഓർമ്മപ്പെടുത്തുന്നു. "നമ്മുടെ സഭയുടെ നിലനിൽപ്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്ന് നിങ്ങളിൽ പലരും നമ്മോടുകൂടെ പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ട് പോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു". മലങ്കരസഭ ഈ ദേശത്തിന്റെ സഭയാണ്. ഉത്ഭവകാലം മുതൽക്കേ തദ്ദേശീയരായ മതാദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെട്ടുവന്ന ഈ സഭ ഈ ദേശത്തിന്റെ സംസ്കാരത്തെയും ആത്മാവിനെയും ഉൾക്കൊണ്ടുകൊണ്ട് രക്ഷാകരമായ സുവിശേഷത്തെ ഈ നാട്ടിൽ പ്രഘോഷിച്ച പിതാക്കന്മാരുടെ അനുഗൃഹീത പൈതൃകം പേറുന്ന ക്രൈസ്തവ സമൂഹമാണ്. ദൈവത്തിൽ അടിയുറച്ച വിശ്വാസത്തോടും സ്വാതന്ത്ര്യത്തോടുംകൂടി നിലനിൽക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതിന് നാം നമ്മുടെ നിലപാടുകളിൽ ഉറപ്പുള്ളവരാകേണ്ടത് ഏറ്റവും അനിവാര്യമാണ്. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാരാൽ ഭരമേൽപ്പിക്കപ്പെട്ട വിശ്വാസം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്ന് നാം ഒരിക്കൽക്കൂടെ ഓർമ്മിപ്പിക്കുന്നു. പ്രയാസങ്ങളും പ്രതിസന്ധികളും അനവധിയുണ്ടാകും. ദൈവാശ്രയവും പ്രാർത്ഥനയും കൊണ്ടും, ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനാ സഹായങ്ങൾകൊണ്ടും അവയെല്ലാം തരണം ചെയ്യുവാൻ നാം പ്രാപ്തരാകും എന്നതാണ് ബലഹീനനായ നമ്മുടെ ജീവിതാനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

നമ്മുടെ രോഗശയ്യയിൽ നമ്മോടുകൂടെ താമസിച്ചു പരിചരിക്കുന്നവരും പ്രാർത്ഥിക്കുന്നവരുമായ ഏവരോടും നമ്മെ ചികിത്സിക്കുന്ന ഡോക്ടർമാരോടും മറ്റെല്ലാ ജീവനക്കാരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി രേഖപ്പെടുത്തുന്നു. നമുക്ക് വേണ്ടി പ്രാർത്ഥിക്കുകയും ശുശ്രൂഷകളിൽ ഒപ്പമായിരിക്കുകയും ചെയ്ത നമ്മുടെ വാത്സല്യ സഹോദരന്മാരായ മെത്രാപ്പോലീത്താമാരോടും അനുഗ്രഹിക്കപ്പെട്ട മക്കളായ പട്ടക്കാരോടും ശെമ്മാശ്ശന്മാരോടും സന്യസ്തരോടും നമ്മുടെ ആത്മീക വാത്സല്യമക്കളായ സകലവിശ്വാസികളോടുമുള്ള സ്നേഹം നാം അറിയിക്കുന്നു.

വാത്സല്യമക്കളെ,

ഇടയനെ സ്നേഹിക്കുകയും ഇടയന്റെ വാക്കുകൾ സർവ്വാത്മനാ ഉൾക്കൊള്ളുകയും പാലിക്കുകയും ചെയ്യുന്ന ആടുകളാണ് ഇടയന്റെ ബലം. ഇപ്രകാരമുള്ളൊരു ബലവും ശക്തിയുമാണ് സഭാമക്കളിൽ നിന്നും നമുക്ക് ലഭിച്ചതത്രയും എന്ന് ബലഹീനനായ നമുക്ക് തികഞ്ഞ അഭിമാനത്തോടെ പറയുവാൻ

-4-

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കഴിയും. കലഹത്തിന്റെ മാർഗ്ഗമല്ല; സ്നേഹത്തിന്റെ മാർഗ്ഗമാണ് നാം ഉപദേശിക്കുന്നത്. അത് നമ്മുടെ നിലപാടുകളിൽ വീഴ്ച വരുത്തിക്കൊണ്ടാവരുത് എന്ന് മാത്രമേ നാം നിഷ്കർഷിച്ചിട്ടുള്ളൂ. ഓരോരുത്തരും ദൈവതിരുമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടവരാകുന്നു. നിങ്ങൾക്ക് മുമ്പേ നാം പോകുന്നു. കർത്താവിന്റെ മഹത്വം വെളിപ്പെടുന്ന നാളിൽ ബലഹീനനായ നാമും നിങ്ങളും മുഖപ്രസാദത്തോടെ ദൈവതിരുമുമ്പാകെ കാണപ്പെടുന്നതിനും കരുണ പ്രാപിക്കുന്നതിനും സംഗതിയാകട്ടെ. നമ്മുടെ വാക്കുമൂലമോ, പ്രവൃത്തിമൂലമോ, വേദനപ്പെട്ടിട്ടുള്ള എല്ലാവരോടും നമ്മുടെ കർത്താവിന്റെ സ്നേഹത്തെപ്രതി നാം ക്ഷമ ചോദിക്കുന്നു. നിങ്ങളിൽ ആരെപ്പറ്റിയും നമ്മുടെ ഹൃദയത്തിൽ അസ്വാസ്ഥ്യം ഇല്ല എന്നും നിങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ എപ്പോഴുമുണ്ട് എന്നും നാം അറിയിക്കുന്നു.

അവസാനമായി, ദൈവതിരുമുമ്പാകെ നീതിമാൻ ആരുമില്ലല്ലോ! ബലഹീനനും പാപിയുമായ നാം തന്റെ കരുണയിൽ മാത്രം അഭയപ്പെടുന്നു. നമ്മുടെ യാത്രയിൽ ദൈവികമായ ആശ്വാസം ലഭിപ്പാനായി നിങ്ങളുടെ പ്രാർത്ഥന നാം ആവശ്യപ്പെടുന്നു. പ. പൗലോസ് അപ്പോസ്തലൻ പറഞ്ഞിട്ടുള്ളപ്രകാരം "ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യംപറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ......" നിങ്ങൾക്ക് ആത്മീക വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും നാം ഇപ്പോൾ നിങ്ങളെ ഭരമേൽപിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മെയും ഓർപ്പിൻ. നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

2021 ജൂലൈ 3–ാം തീയതി
പരുമല സെന്റ് ഗ്രീഗോറിയോസ്
ആശുപത്രിയിൽ നിന്ന്


ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ



കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവ അനുസ്മരണസമ്മേളനം.

പരിശുദ്ധ കാതോലിക്കാ ബാവയുടെ കബറടക്ക ശുശ്രൂഷയോടനുബന്ധിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നടത്തിയ അനുസ്മരണം.

പരിശുദ്ധ കാതോലിക്കാ ബാവായെ ഡോ. ഗീവർഗീസ് മാർ യൂലിയോസ് അനുസ്മരിക്കുന്നു



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് അഹമ്മദാബാദ് ഭദ്രാസനം ആദരാഞ്ജലികൾ അർപ്പിക്കുന്നു



പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ താൽക്കാലിക കബറിടം.

